മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 33 THE ONLINE OFFICIAL NEWS BULLETIN 2026 August 13

SEASON OF TRANSFIGURATION **തേജസ്കരണകാലം** **ܒܫܪܝܐ ܕܡܫܚܐ**

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
16	17	18	19	20	21	22
1st Sunday after Shunoyo 332th Mem. of Mar Ivanios Hidayathulla (Mulamthuruthi)			Comme. of Apostle Mar Labi 34th Mem. of Joseph Mar Pachomios (Mulakkulam, Karmelkunnu)	Comme. of Prophet Samuel 2nd Mem. of Zachariah MarAnthonios (Mount Horeb Sasthamkotta)		Comme. Of Beth Hananiah (Hananiah, Azariah, Mishael)

ചരിത്രസംഗമത്തിന് വെട്ടിക്കൽ ദയറായുടെ തിരുമുറ്റത്ത് ഒരുക്കങ്ങൾ ആരംഭിച്ചു

വെട്ടിക്കൽ: മുളന്തുരുത്തിയുടെ പുണ്യഭൂമിയിൽ സമ്മേളിക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ പന്തൽ കാൽനാട്ട് കർമ്മം വെട്ടിക്കൽ ദയറ അങ്കണത്തിൽ നടത്തപ്പെട്ടു. മലങ്കര മെത്രാപ്പോലീത്താ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ചടങ്ങ് നിർവഹിച്ചു. കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യാക്കോബ് മാർ ഐറേനിയോസ്, അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ പോളിക്കാർപ്പോസ്, മലങ്കരസഭാ വൈദിക ട്രസ്റ്റി ഫാ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ്, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, സഭാ മാനേജിങ് കമ്മറ്റി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. നിരവധി വൈദികരും വിശ്വാസികളും സംബന്ധിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ സൺഡേസ്കൂൾ അസോസിയേഷന്റെ വാർഷിക സമ്മേളനം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്നു. സൺഡേസ്കൂൾ പ്രസ്ഥാനം പ്രസിഡന്റ് ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഫാ. ഡോ. ജോസഫ് ചീരൻ അന്തരിച്ചു

മലങ്കര ഓർത്തഡോക്സ് സഭയിലെ സീനിയർ വൈദികനും ചരിത്ര ഗവേഷകനും ഗ്രന്ഥകാരനും പ്രഭാഷകനും മികച്ച സംഘാടകനും പത്രാധിപരും സാമൂഹിക-സാംസ്കാരിക മേഖലകളിൽ അഞ്ച് പതിറ്റാണ്ടുകളായി അറിയപ്പെടുന്ന ബഹുഭാഷാ പണ്ഡിതനുമായ ഫാ. ഡോ. ജോസഫ് ചീരൻ അന്തരിച്ചു.

തൃശ്ശൂർ ജില്ലയിൽ പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ ചീരൻ ഗീവർഗീസ് കശ്ശീശായുടെ പൗത്രനായി 1945 ചിങ്ങം 1-ന് ജനിച്ചു. മാതാപിതാക്കൾ മാത്തപ്പൻ - കുഞ്ഞാത്തിരി. അവിഭക്ത കേരള സർവകലാശാലയുടെ ഒന്നാം റാങ്കോടു കൂടി മലയാളം ഭാഷയിൽ വിദ്വാൻ ബിരുദം നേടി. കാലിക്കട്ട് സർവ്വകലാശാലയിൽ നിന്ന് മാസ്റ്റർ ബിരുദം. മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്ന് 'ആധുനിക മലയാള കവിതയിൽ ബൈബിളിന്റെ സ്വാധീനം' എന്ന വിഷയത്തെപ്പറ്റി തയാറാക്കിയ ഗവേഷണപ്രബന്ധത്തിന് പി.എച്ച്.ഡി. ബിരുദം ലഭിച്ചു. തൃശ്ശൂർ സി.എം.എസ്. ഹൈസ്കൂളിലും ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിലും അധ്യാപകൻ. 2000 ജൂണിൽ റിട്ടയർ ചെയ്തു.

വൈദികഗുരു യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് വൈദികസ്ഥാനങ്ങൾ സ്വീകരിച്ചു. 1972 മുതൽ കൊച്ചി ഭദ്രാസനത്തിലും 1985 മുതൽ കുന്നംകുളം ഭദ്രാസനത്തിലും 2004 മുതൽ തൃശൂർ ഭദ്രാസനത്തിലും 2007 മുതൽ അങ്കമാലി ഭദ്രാസനത്തിലെ വിവിധ ഇടവകകളിലും സേവനം ചെയ്തു.

യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ, മാർ ദീവന്നാസ്യോസ് പഠനകേന്ദ്രം, കുന്നംകുളം ക്രിസ്ത്യൻ സ്റ്റഡി സെന്റർ, എറണാകുളം ചർച്ച് ഹിസ്റ്ററി അസോസ്യേഷൻ എന്നിവയുടെ സ്ഥാപക ചെയർമാൻ. സീയോൻ സന്ദേശം, ഇടവകപത്രിക എന്നീ സഭാപ്രസിദ്ധീകരണങ്ങളുടെ സ്ഥാപക ചീഫ് എഡിറ്റർ. അറുപതോളം ഗ്രന്ഥങ്ങളും ഇരുന്നൂറ്റിഅമ്പതിലേറെ ഗവേഷണ ലേഖനങ്ങളും പ്രസിദ്ധീകരിച്ചു. മഹാത്മാഗാന്ധി സർവകലാശാലയിൽ റിസർച്ച് ഗൈഡ് ആയി പ്രവർത്തിച്ചു.

യുണൈറ്റഡ് ബോർഡ് ഓഫ് ക്രിസ്ത്യൻ ഹയർ എജുക്കേഷന്റെ ധന സഹായത്തോടെ കേരളത്തിലെങ്ങുമുള്ള ആർക്കൈവ്സുകളിൽ ഗവേഷണ പര്യടനം നടത്തി. മാർ ഗ്രീഗോറിയോസ് അബ്ദുൽ ജലീൽ (1665), മാർ ഈവാനിയോസ് (1685) എന്നിവരുടെ സുസ്താത്തിക്കോനുകൾ, മാർ ബസ്സേലിയോസ് യൽദൊ മഫ്രിയാനയുടെ (1685) പള്ളിക്രമപ്പുസ്തകങ്ങൾ, ഭാരതത്തിലെ പ്രാചീന സെന്റ് തോമസ് ബൈബിൾ, തോമസ് അർക്കദിയാക്കോൻ (ഒന്നാം

(ശേഷം പത്താം പേജിൽ)

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ



13-4-125. സിറിയൻ സെമിനാരി, കോട്ടയം. രാവിലെ പാമ്പാടി മെത്രാച്ചൻ പാമ്പാടിക്കും തീമോത്തിയോസ് മെത്രാച്ചൻ തിയോളജിക്കൽ സെമിനാരിയിലേക്കും പോയി. കുറിയാക്കോസ് റമ്പാച്ചൻ കുണ്ടറയ്ക്കു പോയി. മാനേജർ കത്തനാരും മണലിൽ യാക്കോബ് കത്തനാരും തിരുവനന്തപുരത്തിനു പോയി. ഉച്ചയ്ക്കുശേഷം തേവോദോസ്യോസ് മെത്രാച്ചൻ മാങ്ങാനം 'മാർത്തോമ്മാ' ആശ്രമത്തിലേക്കു പോയി. അവിടെ വച്ച് മാർത്തോമ്മാ മെത്രാച്ചനും വേറെ മാർത്തോമ്മായിലെ ചില പ്രമുഖ വ്യക്തികളും മറ്റും ചേർന്ന് ഒരു സമ്മേളനമുണ്ട്. നമ്മുടെ തേവോദോസ്യോസ് മെത്രാച്ചനും മറ്റു ചിലരുമാണ് നമ്മുടെ കൂട്ടത്തിൽ നിന്നും.

മുണ്ടക്കയം പള്ളിക്കാര്യങ്ങൾ ശരിപ്പെടുത്തുന്നതിലേക്കു കല്ലറയ്ക്കലെ ജോണിയെയും നമ്മുടെ സെക്രട്ടറി നൈനാനെയും അധികാരപ്പെടുത്തി കല്പന കൊടുത്തയച്ചു.

Ps. ഇന്നു രാവിലെ നാം വി. കുർബ്ബാന ചൊല്ലി. ബിഷപ്പ് ബെല്ലും ബിഷപ്പ് സി. കെ. ജേക്കബും റവ. ലെസ്ലി ബ്രൗണും കുർബ്ബാന കാണാൻ വന്നിരുന്നു.

14-4-125. കോട്ടയം. നാല്പതു ദിവസം കുർബ്ബാന ചൊല്ലണമെന്നുള്ള ആഗ്രഹം നമുക്കുണ്ട്. അത്രയും ദിവസം ഉപവാസവും പ്രാർത്ഥനയും നടത്തണമെന്നും ആഗ്രഹിക്കുന്നു. ഇന്ന് രാവിലെ നാം വി. കുർബ്ബാന ചൊല്ലി. എൻ. ജി. കുര്യൻ കത്തനാർ മാങ്ങാനം കോൺഫറൻസിന് പോയിട്ട് ഇതിലെ വന്നിരുന്നു. വിവരങ്ങൾ നമ്മെ അറിയിച്ചു. അയാൾ വൈകിട്ട് ഊണു കഴിഞ്ഞ് കുമരകത്തിനു പോയി. പുത്തേട്ടുകടുപ്പിൽ ഫീലിപ്പോസ് കത്തനാർ വന്നു. മീനടം സ്കൂൾ സംബന്ധിച്ച കാര്യങ്ങളെപ്പറ്റി സംസാരിച്ചു.

15-4-125. കോട്ടയം. രാവിലെ നാം വി. കുർബ്ബാന ചൊല്ലി. വൈകിട്ട് നമ്മുടെ മാനേജർ കത്തനാരും മണലിൽ യാക്കോബ് കത്തനാരും തിരുവനന്തപുരത്തു നിന്നും വന്നു. സഭാ സമാധാനത്തിനുള്ള വട്ടമേശ സമ്മേളനത്തിന് മാർ അത്താനാസ്യോസ് സംബന്ധിക്കയില്ലെന്നും, അദ്ദേഹത്തിന്റെ കക്ഷിയിലുള്ള മറ്റു മെത്രാന്മാരെ അധികാരപ്പെടുത്തി അയയ്ക്കുവാനിരിക്കയാണെന്നും നാം അറിഞ്ഞു.

16-4-125. കോട്ടയം. രാവിലെ നാം വി. കുർബ്ബാന ചൊല്ലി. പത്തു മണിയോടു കൂടി തേവോദോസ്യോസ് മെത്രാച്ചൻ മുണ്ടക്കയത്തു നിന്നും വന്നു. ഉച്ചഭക്ഷണം കഴിഞ്ഞ് രണ്ടു മണിയോടു കൂടി അദ്ദേഹം പോയി. ഇരവിപേരൂർ പള്ളിക്കാർ രണ്ടുപേർ ഇവിടെ വന്നു. ടി പള്ളി വികാരിയായിരുന്ന വരമ്പത്ത് ഡബ്ലിയു. സി. വർഗീസ് കത്തനാരെ ആ സ്ഥാനത്തു നിന്നു നീക്കി പകരം തേവർവേലിൽ മത്തായി കത്തനാരെ വികാരിയായി നിയമിച്ചു കല്പന കൊടുത്ത് അവരെ അയച്ചു.

17-4-125. കോട്ടയം. ഇന്ന് പട്ടം വെപ്പുണ്ടായിട്ടുള്ളതിനാൽ വി. കുർബ്ബാന ചൊല്ലിയില്ല. ഇന്നു പട്ടം വെട്ടിയില്ല.

18-4-125. കോട്ടയം. ഇന്ന് നാം തിയോളജിക്കൽ സെമിനാരി സന്ദർശിച്ചു. ഇന്ന് വി. കുർബ്ബാന ചൊല്ലിയില്ല.

19-4-125. കോട്ടയം. ഇന്ന് വി. കന്യകമറിയാമിനോടുള്ള വചനിപ്പിന്റെ ഞായറാഴ്ച. രാവിലെ നാം വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു.

20-4-125. കോട്ടയം. നമ്മുടെ ക്ഷീണത്തെ പരിഗണിച്ച് എല്ലാ ദിവസവും കുർബ്ബാന ചൊല്ലണമെന്നുള്ളത് ഭേദപ്പെടുത്തി ബുധനും വെള്ളിയും മാത്രം ചൊല്ലിയാൽ മതിയെന്നു തീർച്ചപ്പെടുത്തി. ഇന്നു വാകത്താനം ഊർശ്ലേം പള്ളി സംബന്ധിച്ച തർക്കങ്ങൾ തീർക്കുന്നതിനായി പട്ടശ്ശേരിൽ അലക്സന്ത്രയോസ് കോറെപ്പിസ്കോപ്പായും, കയ്യാലേത്തു പുന്നൂസ് കത്തനാരും മറ്റും വന്നിരുന്നു. ടി പട്ടക്കാരെ ടി പള്ളിയിൽ നിന്നും നീക്കി പകരം കരിപ്പാൽ യാക്കോബു കത്തനാരെയും, ചക്കുപുരയ്ക്കൽ പുന്നൂസ് കത്തനാരെയും, ശമ്പളത്തിന്മേൽ തവണ വികാരിമാരായി നിയമിച്ച് കല്പന കൊടുത്തു.

21-4-125. കോട്ടയം. ഇന്ന് ഇരവിപേരൂർ പള്ളി ട്രസ്റ്റിയും കൂട്ടരും ഇവിടെ വന്നു. അവർ ടി പള്ളി സംബന്ധമായ തർക്കങ്ങൾ ഉന്നയിച്ചു. നാം മുൻ കല്പനകൾക്കെല്ലാം സ്റ്റേ കൊടുത്തു.

22-4-125. കോട്ടയം. വിശേഷമൊന്നുമില്ല.

23-4-125. കോട്ടയം. ഇന്ന് ഇരവിപേരൂർ പള്ളിക്കാരിൽ ട്രസ്റ്റിയുടെ എതിർപാർട്ടിയിൽപെട്ട രണ്ടുപേർ വന്നു. നമ്മുടെ സ്റ്റേ അനുസരിച്ച് പള്ളിയിൽ കർമ്മാദികൾ മുടങ്ങിയിരിക്കയാണ്.

24-4-125. കോട്ടയം. ഇന്ന് രാവിലെ നാം വി. കുർബ്ബാന ചൊല്ലി. രാവിലെ ഒമ്പതു മണിയോടു കൂടി മാവേലിക്കര വടക്കേത്തലയ്ക്കലച്ചനും ഒന്നുരണ്ടു പേരും വന്നിരുന്നു. മാവേലിക്കര തഴക്കര സ്കൂളിന്റെ പടിഞ്ഞാറു വശത്തുള്ള തരിശു ഭൂമി കുത്തകപ്പാട്ടമായി കിട്ടുവാൻ ഇന്ന് പെറ്റീഷൻ അയച്ചു.

25-4-125. കോട്ടയം. ഇന്ന്, മാമ്മൂട്ടിലച്ചൻ (പത്തിച്ചിറ) ഇവിടെ നമ്മുടെ മുമ്പാകെ വരുവാൻ കല്പന അയച്ചിരുന്നു. അയാൾ വന്നില്ല.

26-4-125. കോട്ടയം. ഇന്ന് കന്യാസ്ത്രീയമ്മ, ഏലിശുബായുടെ വീട്ടിലേക്കു പോയതിന്റെ ഓർമ്മയുടെ ഞായറാഴ്ച. നാം രാവിലെ വി. കുർബ്ബാന ചൊല്ലി. ഉച്ചയ്ക്കുശേഷം മാനേജർ കത്തനാരും നൈനാനും പത്തിച്ചിറ സ്കൂളിന്റെ സംഗതികൾ നേരിട്ടു മനസ്സിലാക്കുവാൻ അങ്ങോട്ടു പോയിരിക്കുന്നു.

27-4-125. കോട്ടയം. ഇന്ന് മാർ യാക്കോബ് മല്പാന്റെ ഓർമ്മദിവസമായിരുന്നു. നാം രാവിലെ വി. കുർബ്ബാന ചൊല്ലി. വൈകിട്ട് മാനേജർ കത്തനാരും സെക്രട്ടറി നൈനാനും പത്തിച്ചിറ നിന്നും തിരിച്ചെത്തി. പത്തിച്ചിറ നിന്നും അവർ തുമ്പമൺ സ്കൂളിലും പോയി അവിടുത്തെ ഹൈസ്കൂൾ സന്ദർശിച്ചു.

സ്കൂൾ നടത്തിപ്പിനു വേണ്ട നിർദ്ദേശങ്ങൾ നൽകി.

28-4-125. കോട്ടയം. ഇന്ന് നാം വി. കുർബ്ബാന ചൊല്ലി. ഇന്ന് ഇരുപത്തിയഞ്ചു നോമ്പിന്റെ പേത്തുർത്തായായിരുന്നു.

29-4-125. കോട്ടയം. ഇന്ന് ഇരുപത്തിയഞ്ചു നോമ്പാരംഭിച്ചു. പത്തിച്ചിറ പള്ളിക്കൂടം പണിയുടെ കാര്യങ്ങൾ തീരുമാനിക്കുവാൻ, ടി സ്കൂൾ ഭാരവാഹികൾ ഇന്ന് ഇവിടെ വരാമെന്നു പറഞ്ഞിരുന്നെങ്കിലും വന്നില്ല. കല്ലുപുരയ്ക്കൽ പീലിപ്പോസ് കത്തനാർ ഇവിടെ വന്നു. ഇംഗ്ലണ്ടിൽ നിന്നും വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ സെക്രട്ടറി വരുന്നതു സംബന്ധിച്ച് വേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതിനുവേണ്ടി നമ്മോടാലോചിച്ചു.

30-4-125. കോട്ടയം. വിശേഷമൊന്നുമില്ല. പത്തിച്ചിറ, മാമ്മൂട്ടിൽ അലക്സാണ്ടർ കത്തനാർ വന്നു. സ്കൂൾ കാര്യങ്ങൾ ഏകദേശമായി പറഞ്ഞുതീർത്തു.

1-5-125. കോട്ടയം. ഇന്ന് ഇരവിപേരൂർ പള്ളി വികാരി വരമ്പത്തു ഗീവറുഗീസ് കത്തനാരും, ഇടവകക്കാരും വന്നു. പള്ളിക്കാര്യങ്ങൾ കേട്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ ഇവിടുത്തെ മാനേജർ കത്തനാരെയും, സെക്രട്ടറി നൈനാനെയും ഏർപ്പാടു ചെയ്തു. മൂന്നു മണിയോടു കൂടി നാം തിയോളജിക്കൽ സെമിനാരിയിൽ പോയി. അവിടുത്തെ കാര്യങ്ങളൊക്കെ ക്രമമായി നടക്കുന്നതിൽ നാം ഭാരവാഹികളെ അഭിനന്ദിച്ചു.

2-5-125. കോട്ടയം. ഇന്ന് വാകത്താനത്തു കബറടങ്ങിയ കാതോലിക്കാ ബാവായുടെ ഓർമ്മദിവസമായിരുന്നു. കൂടാതെ ബർബറാ, യൂലിയാന എന്നിവരുടെ ഓർമ്മദിവസമായിരുന്നു. മാനേജർ കത്തനാർ വി. കുർബ്ബാന ചൊല്ലി.

3-5-125. കോട്ടയം. ഇന്ന് യൂഹാനോൻ മാംദാനയുടെ ജനനത്തിന്റെ ഞായറാഴ്ച. മാനേജർ കത്തനാർ വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. ഇരവിപേരൂർ പള്ളിക്കു 444-ാം നമ്പ്രായും, പത്തിച്ചിറ പള്ളിക്കു 445-ാം നമ്പ്രായും കല്പനകൾ അയച്ചു. തിയോളജിക്കൽ സെമിനാരി വിദ്യാർത്ഥിയായ മുണ്ടക്കയംകാരൻ അബ്രഹാം എന്ന കൊച്ചൻ അടുത്ത വെള്ളിയാഴ്ച പാമ്പാടിയിൽ വച്ച് ശെമ്മാശു പട്ടമേൽക്കുവാൻ അനുവാദത്തിനായി ഇവിടെ വന്നു. നമുക്കു വിരോധമില്ലെന്നു പറഞ്ഞയച്ചു. തീമോത്തിയോസ് മെത്രാച്ചനും പാമ്പാടി മെത്രാച്ചനും കൂടി ആലോചിച്ചു പ്രവർത്തിക്കട്ടെയെന്നു പറഞ്ഞയച്ചു.

4-5-125. കോട്ടയം. ഇന്ന് മാർ സോഖേയുടേയും നിക്കോലാവോസിന്റെയും ഓർമ്മദിവസമായിരുന്നു. രാവിലെ മാനേജർ കത്തനാർ വി. കുർബ്ബാന ചൊല്ലി. ഉച്ചയ്ക്കുശേഷം ബ്രദർ മിഷനിൽപെട്ട അമേരിക്കക്കാരായ രണ്ടു പേർ ഇവിടെ വന്ന് നമ്മെ കണ്ടു. വൈകിട്ട് അവർ വന്ന് നമ്മുടെ നമസ്കാരം കണ്ടു. അതിനുശേഷം അവർ തിരിച്ചുപോയി.

5-5-125. കോട്ടയം. ഇന്ന് വിശേഷമായി ഒന്നുമില്ല. എം.ഡി. ഹോസ്റ്റലിൽ നിന്നും ദാവീദ് കത്തനാർ വൈകിട്ട് ഇവിടെ വന്നു. ഏനാദി മംഗലത്ത് നമ്മുടെ വകയായിട്ടുള്ള സ്ഥലത്ത് ഒരു പള്ളിയും ശവക്കോട്ടയും സ്ഥാപിക്കുന്നതിന് ആവശ്യമായ ഗവൺമെന്റ് അനുവാദം വാങ്ങുവാൻ അയാളെ നാം അധികാരപ്പെടുത്തി കല്പന കൊടുത്തു.

6-5-125. കോട്ടയം. സഭാസമാധാന സംഘടന (മലങ്കര ജാക്കോബൈറ്റ് പീസ് ലീഗ് ഓഫ് പുത്തനങ്ങാടി) യുടെ ആഭിമുഖ്യത്തിൽ ഇരുഭാഗത്തെയും മേല്പട്ടക്കാരുടെ ഒരു വട്ടമേശ സമ്മേളനം ഈ മാസം 25-നു ചിങ്ങവനം മാർ അപ്രേം സെമിനാരിയിൽ വച്ച് കൂടുന്നതിന് സജ്ജീകരണങ്ങൾ ചെയ്തുവരുന്നുവെന്നും, ആയതിന് നാം അന്നേ ദിവസം അവിടെ ചെന്നുചേരുവാൻ അപേക്ഷിച്ചുകൊണ്ടും ടി സംഘടനയുടെ പ്രവർത്തകരിൽ നിന്നും നമുക്ക് എഴുത്ത് കിട്ടിയിട്ടുണ്ട്. ഓതറ ദയറായിൽ നിന്നും മാത്യൂസ് കത്തനാർ ഇവിടെ വന്നിരുന്നു. ഇന്ന് കാരാപ്പുഴ വച്ച് നടക്കുന്ന കൺവൻഷനിൽ പ്രസംഗിക്കുവാൻ അയാൾ അങ്ങോട്ടു പോയിരിക്കുന്നു.

7-5-125. കോട്ടയം. ഇന്ന് കനകപ്പലംകാരൻ യാക്കോബ് കത്തനാരും, നരിമറ്റത്തിൽ യോഹന്നാൻ കത്തനാരും, കരിങ്ങണാമറ്റത്തിൽ മാത്യൂസ് കത്തനാരും നമ്മെ കാണുവാൻ വന്നിരുന്നു. നമ്മുടെ കയ്യെഴുത്തു കുർബ്ബാന തക്സായിൽ ഉണ്ടായിരുന്ന ചെറിയ തൂയോബോയുടെ ക്രമം, പുതിയതായി അടിക്കുന്ന തക്സായിൽ ചേർക്കുവാൻ കോനാട്ട് അബ്രഹാം കത്തനാർ ആവശ്യപ്പെട്ടതനുസരിച്ച് അയച്ചുകൊടുത്തു.

15-5-125. കോട്ടയം. ഇന്ന് പാറേട്ട് മാത്യൂസ് കത്തനാർ വന്നിരുന്നു. വട്ടമേശ സമ്മേളനത്തെപ്പറ്റി അല്പം സംസാരിച്ചു. ചുണ്ടമണ്ണിൽ അബ്രഹാം കത്തനാർ പഴഞ്ഞിയിൽ നിന്നും വന്നിരുന്നു. അയാൾ പഴഞ്ഞി പള്ളി വിട്ടുപോകുവാൻ പഴഞ്ഞി പള്ളിക്കാർക്ക് കല്പന കൊടുത്തു.

16-5-125. നെടുമാവ് പള്ളി. ഇന്നു രാവിലെ ഇവിടെ നിന്നും സ്റ്റീഫൻ കത്തനാർ നമ്മെ കൊണ്ടുപോരുവാനായി പഴയസെമിനാരിയിൽ വന്നിരുന്നു. ഉച്ചയ്ക്കുശേഷം അയാളുമൊന്നിച്ച് ഇങ്ങോട്ടു തിരിച്ചു. നാലു മണിക്ക് ഇവിടെയെത്തി. സന്ധ്യാനമസ്കാരത്തിന് ഇവിടെ ഇടവകക്കാർ പലരും വന്നിരുന്നു. കരിങ്ങണാമറ്റത്തിൽ മാത്യൂസ് കത്തനാർ ഇവിടെയുണ്ട്.

17-5-125. നെടുമാവ്. ഇന്ന് 25 നോമ്പുവീടലിനു മുമ്പുള്ള ഞായറാഴ്ച. രാവിലെ നാം വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. ഉച്ചയ്ക്കുശേഷം ഇടവകാംഗങ്ങൾ വന്ന് കൈ മുത്തിയിട്ടു പോയി. വൈകിട്ട് ഇ. പി. ജേക്കബ് കത്തനാർ പള്ളിയിൽ വച്ച്, ഇവിടുത്തെ ഇടവകാംഗങ്ങളെ ഉദ്ദേശിച്ച് ഒരു പ്രസംഗം ചെയ്തു. മാർത്തോമ്മാ ശ്ലീഹാ കുന്തമേറ്റ ദിവസവും ഇന്നുതന്നെ ആയിരുന്നു.

18-5-125. നെടുമാവ്. ഇന്നു രാവിലെ ഇ. പി. ജേക്കബ് കത്തനാർ വി. കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കു ശേഷം നാം പ്രസംഗിച്ചു. വൈകിട്ട് നാലു മണിക്ക് ഡോ. പി. റ്റി. തോമസ് പാലാമ്പടം ഇവിടുത്തെ പതാകയുയർത്തൽ കർമ്മം ഒരു ചെറു പ്രസംഗത്തോടു കൂടി നിർവ്വഹിച്ചു. സന്ധ്യാനമസ്കാരത്തിനുശേഷം നിരണത്തുകാരൻ എം. ഐ. ജോർജ് പ്രസംഗിച്ചു. കൂടാതെ വൈകിട്ട് നാലു മണിയോടു കൂടി പാമ്പാടി മെത്രാച്ചനും ഇവിടെയെത്തി താമസിക്കുന്നു.

19-5-125. കോട്ടയം. തോമ്മാ ശ്ലീഹായുടെ മരണത്തിന്റെ ദിവസവും, നെടുമാവ് പള്ളിയുടെ 25 കൊല്ലം തികയുന്ന രജതജൂബിലിയും, കരിങ്ങണാമറ്റത്തിൽ മാത്യൂസ് കത്തനാരുടെ പട്ടത്വ രജതജൂബിലിയും ആയിരുന്നു. രാവിലെ നാമും പാമ്പാടി മെത്രാച്ചനും ടി മാത്യൂസ് കത്തനാരും കൂടി മൂന്നിന്മേൽ കുർബ്ബാന നെടുമാവ് പള്ളിയിൽ അർപ്പിച്ചു. അതിനുശേഷം നമ്മുടെ അദ്ധ്യക്ഷതയിൽ നടന്ന പൊതുയോഗത്തിൽ കെ. ഡേവിഡ് കത്തനാർ, വി. കെ. മാത്യൂസ് കത്തനാർ, കെ. സി. മാമ്മൻ മാപ്പിള എന്നിവർ പ്രസംഗിച്ചു. ഇടവകക്കാരുടെ വകയായി കരിങ്ങണാമറ്റത്തിൽ മാത്യൂസ് കത്തനാർക്ക് 1500 രൂപായുടെ ഒരു പണക്കിഴിയും, മംഗളപത്രവും കൊടുത്തു. പൊതുയോഗത്തിനുശേഷം മൂന്നു മണിയോടുകൂടി നാം അവിടെനിന്നും തിരിച്ചു. കെ. കെ. റോഡിൽ ചൂളപ്പറമ്പിൽ ബിഷപ്പിന്റെ കത്തീഡ്രലിന്റെ മുമ്പിൽ വച്ച് 'ഫാത്തിമാ മാതാവി'ന്റെ പ്രതിമ കണ്ടു. വളരെ വമ്പിച്ച ഒരു ജനക്കൂട്ടം അതിനെ അനുഗമിക്കുന്നുണ്ട്. നാലേകാൽ മണിയോടു കൂടി നാം ഇവിടെ പഴയസെമിനാരിയിലെത്തി.

20-5-125. കോട്ടയം. ഇന്ന് വട്ടക്കുന്നേൽ മാത്യൂസ് കത്തനാരും മാളിയേക്കലെ മാത്തുക്കുട്ടിയും ഇവിടെ വന്നിരുന്നു. വട്ടമേശ സമ്മേളനത്തിൽ നാം സ്വീകരിക്കേണ്ട നിലയെപ്പറ്റി സംസാരിച്ചു.

21-5-125. കോട്ടയം. ഇന്ന് സഭാസമാധാന കമ്മിറ്റി പ്രസിഡണ്ട് മി. റ്റി. എം. ചാക്കോയും മാളിയേക്കലെ മാത്തുക്കുട്ടിയും ഇവിടെ വന്നിരുന്നു. വട്ടമേശ സമ്മേളനത്തെപ്പറ്റി സംസാരിച്ചു. പരുമല സെമിനാരി മാനേജർ കെ. ബി. മാത്യൂസ് കത്തനാർ ഇന്നിവിടെ വന്നിട്ടുപോയി.

22-5-125. കോട്ടയം. വിശേഷമൊന്നുമില്ല.

23-5-125. കോട്ടയം. ഇന്ന് യൽദാപ്പെരുന്നാൾ ദിവസമായിരുന്നു. വെളുപ്പിന് ഒന്നര മണിക്ക് പള്ളിയിൽ പോയി. നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന മദ്ധ്യേ പ്രസംഗിച്ചു. ആറു മണിയോടു കൂടി ശുശ്രൂഷകൾ അവസാനിച്ചു. എം. പി. ജോസഫ് ഇന്നിവിടെ വന്നിരുന്നു. വട്ടമേശ സമ്മേളനസ്ഥലമായ ചിങ്ങവനം സെമിനാരിയിലെ ഒരുക്കങ്ങളും താമസസൗകര്യങ്ങളും നേരിട്ടറിയുവാൻ ഇവിടുത്തെ മാനേജർ കത്തനാർ അവിടെ പോയിരുന്നു.

24-5-125. കോട്ടയം. ഇന്ന് ഇരുപത്തിയഞ്ചു നോമ്പിനുശേഷം ഒന്നാം ഞായറാഴ്ച. ദൈവമാതാവിന്റെ പുകഴ്ചപെരുന്നാൾ ദിവസം. രാവിലെ നാം വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. വൈകിട്ട് അഞ്ചര മണിയോടു കൂടി പാമ്പാടി മെത്രാച്ചൻ വന്നു. ദീവന്നാസ്യോസ് മെത്രാച്ചനും, തേവോദോസ്യോസ് മെത്രാച്ചനും, തീമോത്തിയോസ് മെത്രാച്ചനും വന്നു. ഇ. ജെ.

ഫീലിപ്പോസും വന്നിട്ടുണ്ടായിരുന്നു. മണലിൽ യാക്കോബ് കത്തനാർ വന്നു.

25-5-125. കോട്ടയം. ഇന്ന് ചിങ്ങവനം വട്ടമേശ സമ്മേളന ഉദ്ഘാടനദിവസമായിരുന്നു. ശിശുവധപ്പെരുന്നാൾ ദിവസമായിരുന്നതിനാൽ നാം രാവിലെ വി. കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കുശേഷം നമ്മുടെ സമുദായത്തിലെ ചില പ്രമുഖ വ്യക്തികൾ നമ്മുടെ കല്പനപ്രകാരം ഇവിടെ കൂടി. സമ്മേളനത്തിൽ നാം സ്വീകരിക്കേണ്ട നിലയെപ്പറ്റി ചർച്ച ചെയ്തു. ഉച്ചയോടു കൂടി പീലക്സിനോസ് മെത്രാച്ചൻ വന്നു. ഉച്ചകഴിഞ്ഞും ചില കാര്യങ്ങളൊക്കെ ചർച്ച ചെയ്തു. മൂന്നര മണിയോടു കൂടി നാം ഇവിടെ നിന്നും തിരിച്ചു. നമ്മുടെ പിന്നാലെ മുപ്പതിൽപ്പരം കാറുകളിൽ നമ്മുടെ ആളുകൾ അനുയാത്ര ചെയ്തിരുന്നു. നാലു മണിയോടു കൂടി നാം മാർ അപ്രേം സെമിനാരിയിൽ എത്തി. നമ്മുടെ മുമ്പെ മാർ യൂലിയോസ് അവിടെ ചെന്നു. ഇരുഭാഗത്തെയും മേൽപട്ടക്കാർ (പാത്രിയർക്കീസ് പക്ഷത്തെ മാർ അത്താനാസ്യോസ് ഒഴികെ) എല്ലാവരും സ്ഥലത്തെത്തി. ഇന്ന് പ്രധാനമായി ഒന്നുംതന്നെ ചർച്ച ചെയ്തില്ല. എല്ലാവരും കൂടെ കൂടിയിരുന്ന് നാളത്തെ പ്രോഗ്രാം ശരിപ്പെടുത്തി. സൗഹാർദ്ദമായി സംസാരിക്കയും കാപ്പി കുടിക്കയും ചെയ്തു. നമുക്കും തേവോദോസ്യോസ് മെത്രാച്ചനും നല്ല സുഖമില്ലാത്തതിനാൽ തിരിച്ചുപോന്നു. നാളെ ഒമ്പതു മണിക്ക് അവിടെ ചെല്ലാമെന്ന് നാം സമ്മതിച്ചിട്ടുണ്ട്. ആറു മണിയോടുകൂടി നാം ഇവിടെ തിരിച്ചെത്തി. നമ്മുടെ മറ്റു മെത്രാച്ചന്മാർ എല്ലാവരും അവിടെ താമസിക്കുന്നു.

26-5-125. ചിങ്ങവനം മാർ അപ്രേം സെമിനാരി. രാവിലെ ഒമ്പതര മണിക്കു നാം അപ്രേം സെമിനാരിയിലെത്തി. സമ്മേളനം പത്തു മണിക്ക് ആരംഭിച്ചു. ആരംഭത്തിൽ മൗനപ്രാർത്ഥന നടത്തി. രാവിലെ 10 മണി മുതൽ 12 മണി വരെ സമ്മേളനം എന്തടിസ്ഥാനത്തിൽ ആരംഭിക്കണമെന്നുള്ളതിനെക്കുറിച്ച് ചർച്ച ചെയ്തു. 1942-ൽ യൂലിയോസ് മുഖേന പാത്രിയർക്കീസ് എനിക്ക് അയച്ചുതന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തുടരണമെന്ന് യൂലിയോസും കൂട്ടരും, അതല്ല ശരിയായ കാനോൻ ഏതെന്ന് മനസ്സിലാക്കി അതിന്റെ വെളിച്ചത്തിൽ തുടരണമെന്ന് നമ്മുടെ ഭാഗവും ശക്തിയായി വാദിച്ചു. കാനോൻ ഏതാണ് ശരിയെന്ന് യൂലിയോസിനും കൂട്ടർക്കും പറയുവാൻ നിവൃത്തിയില്ലാതെ വന്നതിനാൽ ആ അടിസ്ഥാനത്തിൽ ചർച്ച നടന്നില്ല. ഉച്ചയ്ക്കുശേഷം സമ്മേളനം ആരംഭിച്ചു. അന്ത്യോഖ്യാ സിംഹാസനവും മലങ്കരയുമായി എങ്ങിനെയുള്ള ബന്ധമാണു വേണ്ടതെന്നുള്ളതിനെക്കുറിച്ച് ആലോചിച്ചു. പാത്രിയർക്കീസിനെ ആത്മീയ തലവനായി അംഗീകരിച്ചും, മലങ്കരസഭയെ ഒരു കാതോലിക്കേറ്റായി അംഗീകരിക്കണമെന്ന തത്വത്തിന്മേലും ഒരു ഒത്തുതീർപ്പിൽ എത്തി. അതിൽ അടിസ്ഥാനമിട്ടുകൊണ്ട് ചില വ്യവസ്ഥകൾ എഴുതുവാൻ യൂലിയോസും, ഗ്രീഗോറിയോസും (പാത്രിയർക്കാ വിഭാഗം) നമ്മുടെ മാർ ദീവന്നാസ്യോസും ചേർന്ന ഒരു കമ്മിറ്റിയെ നിയമിച്ചു. അന്നത്തെ ചർച്ചകൾ അവസാനിച്ചു.

27-5-125. ചിങ്ങവനം. ഇന്നു രാവിലെ കമ്മിറ്റി അവരുടെ അഭിപ്രായം സമ്മേളനത്തിൽ കൊണ്ടുവന്നു. ചില ഭേദഗതികളോടു കൂടി അവ സ്വീകരിച്ചു. വിശദാംശങ്ങളിൽ കടന്ന് തർക്കിച്ചെങ്കിലും അവ കൂടുതൽ വിഷമപ്രശ്നങ്ങളിലേക്കു കടക്കുമെന്നു കണ്ടതിനാൽ അവ നമ്മുടെയും പാത്രിയർക്കീസിന്റെയും അന്ത്യതീരുമാനത്തിനു വിട്ടുകൊണ്ട് സമ്മേളനം അവസാനിപ്പിച്ചു. അനന്തരം എല്ലാ മേല്പട്ടക്കാരും കൂടി സെമിനാരിയുടെ മുറ്റത്ത് ഇരുന്നു. പീലക്സിനോസ് മെത്രാച്ചനും, യൂലിയോസ് മെത്രാച്ചനും, മീഖായേൽ മെത്രാച്ചനും പ്രസംഗിച്ചു. യൂലിയോസ് മെത്രാച്ചന്റെയും മീഖായേൽ മെത്രാച്ചന്റെയും പ്രസംഗങ്ങളിൽ നിന്നും വലിയ ആശയ്ക്കു വഴിയില്ലെന്നു ജനങ്ങൾ മനസ്സിലാക്കി. അവിടെ വച്ച് ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു. പീലക്സിനോസ് മെത്രാച്ചൻ ഉടൻതന്നെ ചെങ്ങന്നൂരിനു പോയി. മറ്റുള്ള എല്ലാവരും അപ്പോൾതന്നെ പോകാമെന്നു തീരുമാനിച്ചു. പക്ഷേ ജനങ്ങൾ അപ്പോഴേക്കു ക്ഷോഭിച്ചു കഴിഞ്ഞു. എന്തെങ്കിലും ആശാവഹമായ ഒരു തീരുമാനത്തിൽ എത്തിച്ചേരുന്നതിനു മുമ്പ് ആരും പോകുവാൻ അനുവദിക്കുകയില്ലെന്നായി. പീലക്സിനോസ് മെത്രാച്ചനെ കൊണ്ടുവരുവാൻ പീസ്ലീഗുകാർ കാറയച്ചു. എന്തെങ്കിലും വ്യവസ്ഥകൾ രൂപീകരിക്കുവാൻ ചില പ്രമാണികൾ സന്നദ്ധരായി. മന്ത്രി മി. ജോൺ ഫീലിപ്പോസ്, എം. സി. മാത്യു, പാലാമ്പടം പി. റ്റി. തോമസ്, വി. ഒ. മർക്കോസ് എന്നിവർ ആ കൂട്ടത്തിൽ ഉൾപ്പെടുന്നു. ജോൺ പീലിപ്പോസ് നമ്മോടു ചില കാര്യങ്ങൾ പറഞ്ഞു. നാം കോപത്തോടു കൂടി, "എന്നാൽ നീ എഴുതിക്കൊണ്ടു വാ, ഞാൻ ഒപ്പിടാം" എന്ന് നിഷേധരൂപത്തിൽ പറഞ്ഞു. അവർ രാത്രിയിൽ ചില വ്യവസ്ഥകളൊക്കെ തയ്യാറാക്കി. രാത്രി ഒന്നര മണിയായപ്പോൾ പീലക്സിനോസ് മെത്രാച്ചൻ വന്നു. വ്യവസ്ഥകൾ ഉണ്ടാക്കിയപ്പോൾ പീലക്സിനോസ് മെത്രാച്ചനും, ദീവന്നാസ്യോസ് മെത്രാച്ചനും അവിടെയുണ്ടായിരുന്നു. ദീവന്നാസ്യോസ് മെത്രാച്ചൻ വ്യവസ്ഥകളിൽ പ്രതിഷേധിച്ച് അവിടെ നിന്നും ഇറങ്ങി മുറിയിലേക്കു പോയി. വ്യവസ്ഥകളിൽ ബലഹീനതകൾ ഉണ്ടായിരുന്നതിനാൽ ജോൺ ഫീലിപ്പോസും എം. സി. മാത്യുവും ഒപ്പിടുവാൻ മടി കാണിച്ചു. മറ്റുള്ളവർ നിർബ്ബന്ധിച്ച് ഒപ്പിടുവിച്ചു. ഇ. ജോൺ ഫീലിപ്പോസിന് നാളെ അസംബ്ലിയിൽ പോകേണ്ടതു കൊണ്ട് എം.എൽ.എ. മാരോടു കൂടി തിരുവനന്തപുരത്തേക്കു പോയി.

28-5-125. കുറിച്ചി വലിയപള്ളി. രാവിലെ മേൽപ്പട്ടക്കാരെല്ലാവരും സമ്മേളിച്ചു. മേല്പറഞ്ഞ വ്യവസ്ഥകളെ കൂടാതെ കഴിയാമെങ്കിൽ നല്ലതാണെന്ന് ഞങ്ങൾ ആലോചിച്ചു. പക്ഷേ അതു തന്നെ നിർഭാഗ്യവശാൽ സ്വീകരിക്കേണ്ടതായി വന്നു. കാര്യങ്ങൾ ഏകദേശം ശാന്തമായി. ഉച്ചയോടു കൂടി സ്ഥലം വിടാമെന്ന് എല്ലാവരും ആശിച്ചു. തേവോദോസ്യോസ് മെത്രാച്ചൻ പതിനൊന്നര മണിക്ക് എറണാകുളത്തേക്കു പോയി. അദ്ദേഹത്തെ പീസ്ലീഗുകാർ തടഞ്ഞെങ്കിലും, പ്രസിഡണ്ട് അദ്ദേഹത്തെ വിട്ടയയ്ക്കണമെന്ന് ആവശ്യപ്പെട്ടു. ഞങ്ങൾ ഉദ്ദേശിച്ചതുപോലെ അവിടെ നിന്നും അപ്പോൾ ഞങ്ങൾക്കു പോകുവാൻ സാധിച്ചില്ല. വ്യവസ്ഥകളിൽ നാം ഒപ്പിട്ട് യൂലിയോസിനെ ഏല്പിക്കണമെന്നാണ് അടുത്തതായി പീസ്ലീഗുകാർ ആവശ്യപ്പെട്ടത്. അതിനുശേഷം അവർ നിരാഹാര സത്യഗ്രഹം പ്രഖ്യാപിച്ചു. അന്തരീക്ഷം വളരെ ചീത്തയായി. നാം മനസ്സില്ലാമനസ്സോടെ മൂന്നര മണിക്ക് അതിനൊപ്പു വച്ചു. വ്യവസ്ഥകൾ പാത്രിയർക്കീസിന് ഫോർവേർഡ് ചെയ്യാനുള്ള സ്വാതന്ത്ര്യം യൂലിയോസിനു കൊടുത്തു. അതിനുശേഷം സത്യഗ്രഹം പിൻവലിച്ചു. അതിനുശേഷം നാം സെമിനാരിയുടെ രണ്ടാമത്തെ നിലയിൽ നിന്ന് ജനലിൽ കൂടി അവിടെ കൂടിയിരുന്നവരോടു ഒരു ചെറു പ്രസ്താവന ചെയ്തു. അനന്തരം യൂലിയോസ് മെത്രാച്ചൻ താഴെയിറങ്ങി അവിടെയിരുന്നവരോട് ഒരു പ്രസംഗം ചെയ്തു. അപ്രേം സെമിനാരിക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു. അതിനുശേഷം നാമും തീമോത്തിയോസ് മെത്രാച്ചനും കൂടി പഴയസെമിനാരിയിലേക്കു പോയി. മീഖായേൽ മെത്രാച്ചൻ ഒഴികെ ബാക്കിയെല്ലാവരും സ്ഥലംവിട്ടതായി അറിയുന്നു. നാം പഴയസെമിനാരിയിൽ നിന്നും ഇങ്ങോട്ടു പോന്നു. നാളെ എന്റെ അപ്പന്റെ ഓർമ്മദിവസമാണ്.

29-5-125. ആനിക്കാട്, മല്ലപ്പള്ളി. ഇന്ന് അപ്പന്റെ ഓർമ്മദിവസമായിരുന്നതിനാൽ നാം കുറിച്ചി പള്ളിയിൽ വി. കുർബ്ബാന ചൊല്ലി, കബറിൽ ധൂപം വച്ചു. ഉച്ചയ്ക്കുശേഷം ഇങ്ങോട്ടു പോന്നു. ഇന്നും നാളെയും ഇവിടുത്തെ പെരുന്നാളാണ്.

(തുടരും)

മലങ്കരസഭാതർക്കം: സർക്കാരിന്റെ മധ്യസ്ഥശ്രമങ്ങൾക്ക് എക്കാലത്തും സ്വാഗതം

ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്

സഭാതർക്കവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലെ ചെറുകുന്നം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി, മംഗലം ഡാം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി, എരിക്കുംചിറ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി, എറണാകുളം ജില്ലയിലെ ഓടക്കാലി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി, ആട്ടിൻകുന്ന് കുരിശുപള്ളി, കൊല്ലം ജില്ലയിലെ മുഖത്തല സെന്റ് സ്റ്റീഫൻസ് എന്നീ പള്ളികളെ സംബന്ധിച്ച ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിയിൽ നിയമവിദഗ്ധരുമായി കൂടിയാലോചിച്ച് തുടർ നടപടികൾ കൈക്കൊള്ളും. ഹൈക്കോടതി വിധി 5 പള്ളികളുടെയും ഒരു കുരിശുപള്ളിയുടെയും പോലീസ് പ്രൊട്ടക്ഷനുമായി ബന്ധപ്പെട്ടതാണ്. മലങ്കരസഭയുടെ പള്ളികൾക്ക് 1934-ലെ സഭാ ഭരണഘടനയാണ് ബാധകമെന്ന് സുപ്രീംകോടതി വ്യക്തമാക്കിയിട്ടുള്ളതാണ്. ഇപ്പോൾ വിധി പ്രസ്താവിച്ച പള്ളികളുടെ കാര്യത്തിൽ സിവിൽക്കോടതിയിലൂടെ ഉത്തരവ് നടപ്പാക്കാനാണ് ഹൈക്കോടതിയുടെ നിർദേശം. കോടതി മുഖേന നിയമം നടപ്പാകണം എന്ന് മാത്രമാണ് സഭയുടെ നിലപാടും. അതേ സമയം വിഷയം രമ്യമായി പരിഹരിക്കാൻ സർക്കാർ നടത്തുന്ന മധ്യസ്ഥശ്രമങ്ങളെ എക്കാലത്തും മലങ്കരസഭ സ്വാഗതം ചെയ്തിട്ടുള്ളതാണ്. പുതിയ സർക്കാരിന്റെ നിലപാടിനോടും അതേ സമീപനം തുടരും. സഭാക്കേസിൽ തീർപ്പ് കൽപ്പിച്ച 2017 ജൂലൈ 3-ലെ വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ നടത്തുന്ന ചർച്ചകളുമായി മലങ്കരസഭ സഹകരിക്കും.



The contributions of Paulos Gregorios for world peace

Mrs Santha Sabu George

(Continued from the previous issue)

On the question of what alienates the Orthodox churches from the WCC, I would not put women's ordination issues at the top. It is the general lack of respect for the Apostolic Tradition, great differences in the attitudes towards the Church as a Divine – Human reality, towards the mysteries of the Church, the functional approach of the Reformation towards the Ministry, – these seem to me the basic factors, in addition to a lack of sensitivity in general to what the Orthodox regard as sacred, including the sanctification of time and of space. These are just some ideas that come to my mind.

UNQUOTE

Modern technology has made communication with all parts of the world possible, but this technological progress has not caused the unity of mankind yet. So long as destruction, war and profit remain the principal purposes of science and technology, the world will not be united. I have the suspicion that a secular-liberal, humanism cannot unite this world. Some intellectual ones may approve the vision of a secular-liberal, humanistic organization, the UN for example. But most people do not support this idea. We often forget that out of the world population of 5 billion, only about a billion are without some form of religion. The remaining four billion belong to a religion. There are approximately 1.3 billion Christians, perhaps 900 million Muslims, 700 million Hindus, 350 million Buddhists, perhaps 300 million Confusianists (that is difficult to estimate), approximately 70 million Shintoists, 20 million Sikhs, and the same number of Jews. All these religions are afraid of a secular-liberal humanism. They fear that if secular structures dominate, the religions will be pushed to a marginal position. Therefore they hesitate to endorse this kind of structure. I believe, however, that the only way to unite the mankind is that secular and religious aspects are combined. There are different ways to exceed national borders. The multinational restaurant companies, to point out one, overcome national borders and be a global unit to manufacture. But many people, above all poor, are afraid of a united world, in which multinational companies dominate.

Another possibility is a liberal, purely humanistic institution similar to the United Nations, which seeks to unite the world. We need a global meeting of the religions. Once it is furnished and organized, its value may be recognized widely, and people will begin to give their support. It is His Grace's dream that the religions constantly stand with one another in the exchange. They are not only to stand in the dialogue, but also to direct their attention toward how peace can be retained in this world and how the religions can be another basis for overcoming national barriers than multinational companies. As different religions recognize the meaning of these points, we will move towards a global co-operation of the religions.

Regarding the world community, Thirumeni used to emphasize three aspects, which should mark the future global society: Justice, peace and a life-promoting environment. Justice in a society and between the societies, peace on regional as well as on world-wide level, and a healthy environment within the local as well as in the global range. I understand peace in the sense of the Old Testament Hebrew, Shalom(Peace), which includes justice exactly the same way plants include flowers. All these must be part of our concept of peace, which is the basis for this global community. A legislative body will also be necessary, as well as an executive and a kind of parliament or decision-making institution. But the most important is the stress of true peace with true justice and real health of the environment. I believe that these three things are indivisible and that the concept of Shalom includes all three. If we cannot aim at justice, we cannot have peace either, and we will not be able to create peace without justice and without healthy environment. These three things are connected. The local, regional, and world-wide level must also be connected. If we work only on the global level, nothing much happens. If we work only on the regional level, it will not function either. The local level is the root. The work must at done at the local level at the same time it is done at the regional and at the international level, whereby we concentrate on justice, on peace and on the integrity of the creation.

Many of these transformations within the range of the culture and in the social, educational, national, political, economic institutions to

take place, so that the transcendental can manifest itself. It cannot manifest itself by lectures, but only by a transformation of the institutions and by culture. Science and technology can serve as an important tool with this process to facilitate but only as a tool, which humans are to use and not as dominating masters. One of the most valuable aspects at the first meeting of the world religions in the year 1985 was that each group practiced their own mental training in their own way. This left a stronger impact than all the official responding together. Sometimes we must live two, three days or even a whole week in a community, in order to learn to know their Spirituality. Only if we "immerse" totally into the inter-religious life of a community, the meeting becomes fruitful. Then we begin to develop mutual confidence and see the possibilities for a better future of mankind.

A Positive Role For Religion can play in promoting communal harmony. I am convinced that communal harmony will not come by fighting religion and calling it nonsense. Without the cooperation of the religious leadership of the eight recognized Indian religions (Hinduism, Islam, Christianity and Sikhism as major religions and Jainism, Buddhism, and Zoroastrianism as minor religions), we cannot really advance towards communal harmony and national integration.

The first thing to note is that every religion believes that God is specially interested only in the adherents of that particular religion, or religious school, and would exclude others from the inner circle of the privileged. This means that religious fundamentalism is politically and economically conservative or reactionary, anti-progress, anti-rational, anti-socialist. This is so in Christian, Islamic or Hindu fundamentalism. This fundamentalism then gets monetary and moral support from the privileged classes within that religion, but is opposed by the fundamentalists of other religions. Communal conflict is thus a strange amalgam of the conflict of fundamentalisms, and the conflict of vested interests within each religion. Even this aspect of religion will not go away by calling it nonsense. The religious instinct becomes the buttress for economic interest. The religious instinct in human beings is just as powerful as, or sometimes even more powerful than, the instincts of sex or self-preservation. We cannot deal lightly with these instincts. The politicians also know the great power of this. Let our marches, demonstrations, seminars, Public meetings, etc. for communal harmony have a visible religious leadership component, and a large background support by lay people from all religions.

He says "I would like to stress how misleading the word dialogue can be. I asked some of my friends, very educated people, what they understand by the word "dialogue". To my surprise some answered that dialogue means that two humans converse with each other. I think that dialogue does not have to do anything with two. The "dia" in dialogue does not have anything to do with duo, which means two. It means "dialeghe", i.e. speaks, maintains, and argues themselves, as all the aspects of a problem are regarded, whereby one corrects oneself and mutually and continues together". The ecumenical dialogue was introduced with the second Vatican Council. Pope Paul VI attached great importance to dialogue both with the Orthodox Church and with other Christians.

The actual meaning of dialogue is finding a common way by solving the problems which we confront and those which we ourselves make. Dialogue means to meet, move forward together, and not just to talk with one another. It also means to recognize our ultimate goals.

There is also a theological problem for Christians regarding the relationship between mission and dialogue. In the World Council of the Churches we have used much ink and still more words because of this antagonism between mission and dialogue. The problem is often solved as the dialogue is subordinated to mission, which creates large problems for the non-Christians. Because we were not successful in our mission, we try now to create communication by dialogue. Many official explanations of Christians suggest this.

Distrust toward Christians: That is the kind of communication gap which exists between the religions. I assure you that the other religions recognize the abilities of the Christians to organize good conferences but they do not trust their good intentions. Other religions are very distrustful concerning the Christian position in the inter-religious dialogue. That is a reason why we must make clear from the outset what our intentions and motives are for engaging in the inter-religious dialogue.

If dialogue with "secular" man is justified on the ground that he is my neighbour, then "religious" man is also equally my neighbour and I must communicate with him. If theology has as its task the understanding for what God does in the world and how he deals with human beings, then we must know something about man's present state as created. Fallen and redeemed. Such an understanding of man cannot be built upon knowing European or Christian man alone. The vast majority of humanity belongs to other religions and what they experience and aspire to should be part of our knowledge of humanity. Present western theology is defective precisely because of its defective and partial understanding of what constitutes humanity. Dialogue can help in remedying this defect.

Thirumeni feels as one expose oneself to people of other religions, one's own judgmental criteria are transformed. One's understanding of Christianity itself can be changed. It may not be so unwise to follow Paul Tillich's advice to use the knowledge of other religions as a means "to penetrate into the depth of one's own religion, in devotion, thought and action." In the depth of every religion there is a point at which religion itself loses its importance, and that to which it points breaks through its particularity, elevating it to spiritual freedom, and with it to a vision of the spiritual presence in other expressions of the ultimate meaning of man's existence. This is what Christianity must see in the present encounter of the world religions. In other words, dialogue with other religions strengthens and stimulates our Christian faith. The Christian Church is an instrument of God for bringing humanity together in unity, creativity and righteousness. Such a unity can neither impose uniformity nor condone unrighteousness. It means a critical reconciliation of opposed elements in such a way that their creative possibilities are enhanced and released. What we are looking for is more than "open for the future in an unlimited way". The Christian Church has to play its role as a unifying force among the various discordant elements in humanity. Religion is one of the most deeply rooted of these elements that divide man from man. By putting men into dialogue with each other, the Church would be contributing towards a rich and diverse creative unity of humankind.

One last word about the theological position he suggests is though filled with enthusiasm, young Paul Varghese was not in a position to continue his studies, yet he kept up his early love of reading and journalistic writing on current affairs. He accepted employment first in a private firm, and then in the post and telegraph department at Kochi, his birthplace. Soon he became known as an efficient worker and an active trade union leader. It was an exciting time in the mid-1940's when political freedom could be seen coming. For his part, he wanted "to serve humanity" though at that stage, the way ahead was not clear. Coming from a traditional family of practicing Christians, he was aware that the Church was a natural source of inspiration for his idealistic ambition. He also felt that for drawing upon the spiritual

and moral resources offered by the Church, it was not always necessary to become a priest. Much later, in 1961, he accepted priesthood. Looking back, he said of his life: “One thing led to another”; yes, logically and to a divine design, as we now see. Quite by an accident of circumstances, he was offered the post of a school teacher in Ethiopia, waiving the condition that the candidate should be a college graduate. He was 25, and he accepted the post. This was a turning point in his life. News of his capability and enthusiasm reached the Emperor, who was impressed by his work as well as by the speed at which he could master the local language, Amharic. But the teacher opted to be a life□long student. After three mutually useful years in Ethiopia, he went to the United States for further studies.

Mar Gregorios was in the forefront of international debates on such issues like justice to the poor and the marginalized, concerns of the indigenous people across the world, apartheid and racist discrimination. When mar Gregorios brilliantly articulated in public foray, his own critical vision of a new world order rooted in his spiritual theological understanding of the the kingdom of god as portrayed by Christ in the gospel, people listened with rapt attention. Many young people across relations and ideologies became his admirers and looked upto him for guidance and inspiration. They included Marxists, Buddhists, Hindus, Muslims, Atheists in the academia and in society at a large. Mar Gregorios remained a controversial figure and made many enemies as well particularly because of his bold and scathing criticism. He always stood firmly on behalf of the two third world a phrase he deliberately used in place of the regular third world. He was one of the rare leaders who had the access to the world behind the iron curtain during the second half of the cold war era. His dialogues with the socialist block was often denigrated and misconstrued by some of his western colleagues ad critics. Howevewr he always acted with honest courage and carried on the dialogue while firmly rooted in principles of justice and freedome as he learned it from the Gospel of Christ and from the wisodom tradition of humanity.

He says let us find a new way of living together as human beings on this planet, with many ways of finding meaning and fulfillment for persons; this means not only several renewed religious and secular communities within which such meaning and fulfillment can be sought; it means also fresh ways of educating children to enhance their imagination, creativity and sensitivity for meaning and for the transcendent; it means better ways of nutrition and medical care without loading the earth or the human body with chemical poisons and medical drugs; it means political□economic institutions which foster justice in democratic□pluralistic societies, promotes peace within and among nations, and nurtures a healthy life□environment; it means renewal of art and literature; it means a science and technology liberated from the shackles of bondage to war and profit and redeployed for the elimination of poverty, for wiping out ignorance and want, redeployed for helping humans to find meaning and fulfillment through serving each other, so that all of us can live dignified human lives.

The second part of his reflection on this subject relates to the positive role religious elements can play in promoting communal harmony. He was convinced that communal harmony will not come by fighting religion and calling it nonsense. Without the cooperation of the religious leadership of the eight recognized Indian religions (Hinduism, Islam, Christianity and Sikhism as major religions and Jainism, Buddhism, and Zoroastrianism as minor religions), we cannot really advance towards communal harmony and national integration.

CONCLUSION

Among the honours and awards received by Dr. Paulos Mar Gregorios are honorary doctorates in theology (Leningrad, Budapest and Prague); Hall of Fame Award for Extraordinary Service to Peace and Human Unity



(USA); Certificate of Merit for Distinguished Service and Inspired leadership of the World Church, Dictionary of Informational Biography (Cambridge); Order of St. Vladimir (USSR); Order of St. Sergius (USSR); Order of Mary Magdalen (Poland); Order of Bishop Fransiszek Hodur (Poland); Otto Nuschke Prize of peace (German Democratic Republic); Soviet Land Nehru Award (India); Man of the year Award 1990, American Biographical Institute (USA); Bhai Param Vir Singh International Award (India); Golden Academy Award for Lifetime Achievement (USA); Eminent Ecumenical Education Award (India); Distinguished Alumnus Award (Princeton Theological Seminary); Oscar Pfister Award, American Psychiatric Association (USA); Social Service Award, Goshen College (USA). The honours made him happier for the cause, but humbler for himself. The unusual versatility of Mar Gregorios consistently found expression in several ways: A capacity to transmit the essence of spiritual, philosophical and socio-political concepts with a lucidity springing from the depths of his own study and reflection. A constructive compassion, rooted in an ancient faith, that reaches, farther than just help, to those in various forms of oppression and helplessness, to ways of social restructuring through an ethical-intellectual renewal, to address the deeper causes of the human condition. The illuminating search for the fundamental principles shared by the different religions of the East as a possible basis for common understanding and endeavour.

A spontaneous interest in natural and social sciences, as well as in historical processes, resulting in holistic contributions to contemporary thought. Mar Gregorios will be remembered by the members of the Church as a modern teacher of their ancient faith, and by the reading public for the many books and papers he wrote in several languages, particularly in English and Malayalam. The recurring themes of his writings reflect the quest for truth and love, freedom and creativity, peace and justice. He was not for other-worldly mysticism which ignored man’s sinful reality; nor was he impressed by secular humanism that was unconcerned about ‘the source of our being.’ Mar Gregorios was of course sensitive to the need for urgent response to human suffering compounded by many-sided poverty. Of this, his modest efforts for the stonecutters of Tughlakabad in Delhi and the orphaned boys at Thalakodu in Kerala are examples. What concerned him more basically was the futility of “swabbing the floor without closing the tap.’’ He wanted the socio-economic system that regularly reproduced poverty to be altered. This explains his life-long interest in politics. He was not in politics but of politics. Way back in 1978, he stated in his book, The Human Presence, “The affairs of the world are largely in the hands of people who are expert at

In the course of his life-long spiritual-intellectual quest with a social purpose, Mar Gregorios has authored a number of books, besides those cited earlier: The Joy of Freedom (1967, 1987), The Gospel of the Kingdom (1968), The Freedom of Man (1972), Freedom and Authority (1974), The Quest for Certainty (1975), Truth without Tradition? (1978), Science for Sane Societies (1980), The Indian Orthodox Church: An Overview (1982), The Meaning and Nature of Diakonia (1988), A Light

too Bright (1992) and A Human God (1992). Apart from numerous periodical articles, contributions to symposia and encyclopedias, and lectures in scores of universities worldwide, Mar Gregorios was the chief editor of the quarterlies, Star of the East (New Delhi) and Purohitan (Kottayam). Dr. Paulos Mar Gregorios lived a full life. True to his name, Gregorios, he remained ever awake. Yet such was the ambition of the agenda he set for himself, his work will have to be continued by those who share his convictions and interests. The world was his neighbour. He was proficient in at least a dozen languages, modern and ancient, of Asia, Europe and Africa. He was equally at home in the East and the West, but he wanted Eastern enlightenment and the critical rationality of the West to maintain a dialectic relationship instead of the overwhelming one way flow as at present. While he respected critical rationality, he also believed in revelation, in miracle, and in transcendence. He cherished freedom for others as much as for him. He seldom compromised and always forgave. He was unmoved by calumny. He worked to a plan and had little time to waste, an impatience which sometimes would appear brusque. He knew his limitations and did not hesitate to publicly own them, as a corrective for himself and possibly others. Until the very end, he worked hard for peace and unity among Orthodox Christians in India. Mar Gregorios was a lover of art, architecture, and music. These were, he would remind, a part of the authentic tradition of Eastern christians. He established the Shruthi school of music at the Theological Seminary in Kottayam and started the School of Orthodox Sacred Music at the Orthodox Centre in Delhi. Above all, Mar Gregorios was a seeker after Truth, and as he explains in an early book, The Faith of Our Fathers, truth has to be perceived in the light of tradition, which in his case, the Orthodox Christian tradition. Even the Holy Bible, of which he was a lucid teacher, has to be understood in the light of sacred tradition, and not interpreted at will. It is only through the realisation of truth that peace and justice, freedom and equality, the oneness of the human family and harmony between man and nature can be expected to come. Only this way, can the original concept of the word Orthodox – the right glorification of God – find expression in this world. What kept up his spirits was his trusting confidence that “When the spirit of truth comes, He will lead you to the complete truth.” (John 16:13)

Very simply put, his proposal is this: Let us give the lay men, women and youth in our various religions their full role in inter religious dialogue and co operation.He welcome what is being attempted here at the Inter Religious Youth Service level. But let us go beyond. Not in separate groupings, but coming together to reflect on the issues facing humanity. Mar Gregorios did not share the view that all religions said the same thing, but agreed that religions had common elements. Therefore, inter religious dialogue for cooperation had untapped potential. During his 20 years in Delhi, he had extremely cordial and productive relations with the spiritual leaders of the Hindu, Buddhist, Muslim, Jain and Sikh religions.

Mar Gregorios had an abiding interest in education, which he maintained through children’s easy access to him, through the schools run by the Church, and by interaction with educationalists, besides working as the principal of the Theological College. Also, he was for reviving the tradition of women’s active involvement in church affairs. The illness during the closing years of his life seemed to have re-activated his interest in ‘holistic health and healing.’ He organized a major International Seminar in February 1995 in Surajkund (near Delhi). The papers prepared for it, including those by him, and its report (on which he was personally working in his last days) are valuable for the alert public as well as for medical practitioners from the different systems of healing. Bringing them together to re-examine their assumptions was a purpose which the consultation substantially achieved. Mar Gregorios sought a healing touch to a wounded society.

Dr. Paulos Mar Gregorios lived a full life. **True to his name, Gregorios, he remained ever awake.** Yet such was the ambition of the agenda he set for himself, his work will have to be continued by those who share his convictions and interests. There are few countries he has not visited in his search for knowledge and friendship. The world was his neighbour. He was proficient in at least a dozen languages, modern and ancient, of Asia, Europe and Africa. He was equally at home in the East and the West, but he wanted Eastern enlightenment and the critical rationality of the West to maintain a dialectic relationship instead of the overwhelming one way flow as at present. While he respected critical rationality, he also believed in revelation, in miracle, and in transcendence. He was essentially an activist for peace and justice, scholarship and contemplation being only a means to higher social and spiritual goals. He had the courage of his Christian conviction. He cherished freedom for others as much as for him. He seldom compromised and always forgave. He was unmoved by calumny. He worked to a plan and had little time to waste, an impatience which somtimes would appear brusque. He knew his limitations and did not hesitate to publicly own them, as a corrective for himself and possibly others. Until the very end, he worked hard for peace and unity among Orthodox Christians in India.

Mar Gregorios was a lover of art, architecture, and music. These were, he would remind, a part of the authentic tradition of Eastern christians. He established the Shruthi school of music at the Theological Seminary in Kottayam and started the School of Orthodox Sacred Music at the Orthodox Centre in Delhi. Above all, Mar Gregorios was a seeker after Truth, and as he explains in an early book, The Faith of Our Fathers, truth has to be perceived in the light of tradition, which in his case, the Orthodox Christian tradition. Even the Holy Bible, of which he was a lucid teacher, has to be understood in the light of sacred tradition, and not interpreted at will. It is only through the realisation of truth that peace and justice, freedom and equality, the oneness of the human family and harmony between man and nature can be expected to come. Only this way, can the original concept of the word Orthodox – the right glorification of God – find expression in this world. What kept up his spirits was his trusting confidence that “When the spirit of truth comes, He will lead you to the complete truth.” (John 16:13)

The life of the great visionary Paulos Mar Gregorios is summarised in his own words, “all uniting love with creative freedom in the Spirit as the great mystery at the heart of reality – one man’s vision.”

I would like to conclude this with a poem written by Rabindranath Tagore which I am giving below:

Go not to temple put flowers upon the feet of God;
First fill your house with fragrance of Love.
Go not to temple to light candle before the altar of God;
First remove the darkness of sin from your heart.
Go not to temple to bow your head in prayer;
First learn to bow in humility before your fellowmen.
Go not to temple to pray on bended knees;
First bend down to lift the downtrodden.
Go not to temple to ask forgiveness of your sin;
First forgive from your heart, those who have sinned against you.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

നിങ്ങൾക്കും നിങ്ങളുടെ കുഞ്ഞുങ്ങൾക്കും...

ഡോ. എം. കുര്യൻ തോമസ്



മലങ്കര നസ്രാണികളുടെ സ്വത്വബോധം ആവേശത്തിരയിലുയർന്ന മൂഹൂർത്തങ്ങളിലൊന്നിന്റെ സ്ഥിരസാക്ഷികളിൽ ഒന്നാണ് ദേവലോകം കാതോലിക്കേറ്റ് അരമന. 1950 ഡിസംബർ 21-ലെ കേരളാ ഹൈക്കോടതി വിധിയിലൂടെ പഴയ സെമിനാരി നഷ്ടമാവുകയും പൗരസ്ത്യ കാതോലിക്കാ മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയന് കിടപ്പാടം ഇല്ലാതാവുകയും ചെയ്യുമെന്നു ഭയന്ന വീര നസ്രാണികൾ കെ. സി. മാമ്മൻ മാപ്പിളയുടെ നേതൃത്വത്തിൽ തുനിഞ്ഞിറങ്ങി മൂന്നുദിവസം കൊണ്ടു സമ്പാദിച്ച ദേവലോകം അരമനയും അതിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളും ചരിത്രത്തിൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ. ദൈവമാതാവിന്റെ നാമത്തിലുള്ള ചാപ്പലിന്റെ സ്ഥാപനചരിത്രം മിക്കവർക്കും അജ്ഞാതമാണ്.

ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിന് രസകരമായ ഒരു ചരിത്രമുണ്ട്. അതിന്റെ സ്ഥാപന പ്രക്രിയയിൽ ഭാഗഭാഗക്കായ പീലിപ്പോസ് മാർ തെയോഫീലോസ് മെത്രാപ്പോലീത്താ ഈ സംഭവം ദേവലോകം അരമന ചാപ്പലിലെ ഓഗസ്റ്റ് 15 പെരുന്നാൾ മദ്ധ്യേ ഒരിക്കൽ വിവരിക്കുകയുണ്ടായി. അതിന്റെ സാരാംശമാണ് താഴെ ചേർക്കുന്നത്.

1951 ഡിസംബർ 21-ന് മലങ്കരസഭയ്ക്ക് തികച്ചും പ്രതികൂലമായ കോടതി വിധി ഉണ്ടായതിനെത്തുടർന്നാണ് *കാതോലിയ്ക്കായ്ക്ക് ഒരു ആസ്ഥാനം* എന്ന ചിന്ത ഉയർന്നത്. അതിന്റെ ഫലമായി നടത്തിയ പരിശ്രമങ്ങളുടെ ഫലമായി 1952 ജനുവരിയിൽ ദേവലോകം അരമന സഭയുടെ സ്വന്തമായി. അവിടെയുണ്ടായിരുന്ന പഴയൊരു ബംഗ്ളാവ് പൗരസ്ത്യ കാതോലിക്കായുടെ ആസ്ഥാനമായി. പക്ഷേ സഭയുടെ ഭരണ നിർവഹണത്തിനുള്ള ഓഫീസ് സൗകര്യം ഈ ചെറിയ കെട്ടിടത്തിൽ ഒതുങ്ങുന്നതായിരുന്നില്ല. പുതിയ കുറെ ഓഫീസ് മുറികളെക്കുറിച്ചു സഭാ നേതൃത്വത്തിലുള്ളവർ ചിന്തിച്ചു തുടങ്ങി. അതിന്റെ ഫലമായി ദേവലോകത്ത് പുതിയൊരു ഓഫീസ് കൂടെ പണിയാൻ തീരുമാനമായി. അതനുസരിച്ച് വാനം മാന്തി മുറി തിരിച്ച് അടിത്തറ കെട്ടി.

പക്ഷേ അത്രയും ആയപ്പോഴേയ്ക്കും ഓഫീസ് നിർമാണത്തിന് അനുവാദം കൊടുത്ത മാർ ഗീവർഗീസ് ദ്വിതീയൻ *ഇടഞ്ഞു*. തനിക്കു തന്റെ താമസസ്ഥലത്ത് ഒരു ചാപ്പൽ വേണമെന്നും, ചാപ്പൽ പണിതശേഷം മാത്രം ഓഫീസ് പണിതാൽ മതിയെന്നും അദ്ദേഹം ശാഠ്യംപിടിച്ചു. ഓഫീസ് പണിയോടൊപ്പം ഒരു ചാപ്പൽകൂടി പണിയുക എന്നത് അന്നത്തെ സഭയുടെ സാമ്പത്തിക സ്ഥിതിവെച്ച് അചിന്ത്യമായിരുന്നു. ഈ സാഹചര്യത്തിൽ തൽക്കാലം ഓഫീസ് പണി നിർത്തിവെക്കാനും അതിനായി കെട്ടിയ തറയിൽ ചാപ്പൽ പണിയാനും തീരുമാനമായി. അന്നു പണിത അടിസ്ഥാനത്തിനു കിഴക്ക് മദ്ബഹാ പണിതീർത്ത് ചാപ്പലാക്കിയെന്നും, പഴയ ഓഫീസിനായി മുറിതിരിച്ചു കെട്ടിയ അസ്ഥിവാരം പള്ളിക്കുള്ളിൽ തറമാന്തിയാൽ ഇപ്പോഴും കാണാം... എന്ന പ്രകാരമാണ് മാർ തെയോഫീലോസ് അന്നു പ്രസംഗിച്ചത്.

മാർ ഗീവർഗീസ് ദ്വിതീയന്റെ വ്യക്തിത്വത്തെപ്പറ്റി പഠിച്ചവർക്കു അദ്ദേഹം ഇപ്രകാരം കല്പിച്ചതോ, അതനുസരിച്ച് ഓഫീസ് ചാപ്പലായി മാറിയതോ അദ്ഭുതാവഹമായ ഒന്നല്ല. അക്കാലത്തെ സഭാ ഭരണസംവിധാനത്തിൽ സജീവ പങ്കാളിയായിരുന്ന മാർ തെയോഫീലോസിന്റെ വാക്കുകളെ അതിനാൽ മുഖവിലയ്ക്കെടുക്കാം. പക്ഷേ ഈ നിർബന്ധബുദ്ധിയേക്കാൾ ഉപരി തന്റെ അരമന ചാപ്പലിനെപ്പറ്റി വ്യക്തമായ കാഴ്ചപ്പാടും ദീർഘവീക്ഷണവും മാർ ഗീവർഗീസ് ദ്വിതീയന് ഉണ്ടായിരുന്നു. ചാപ്പലിനു ആനുപാതികമല്ലാത്തവിധം വലിയ മദ്ബഹാ പണിത് തനിക്ക് അന്നു കാണുന്നതിനേക്കാൾ ഉപരി ഈ ചാപ്പലിനേപ്പറ്റിയുള്ള വിശാല കാഴ്ചപ്പാട് സ്ഥായിയാക്കി. എന്നു മാത്രമല്ല, മുൻകൂട്ടി തന്റെ കബർസ്ഥാനം വ്യക്തമാക്കി അതു പൊളിച്ചുപണിയാനുള്ള സാദ്ധ്യത ഇല്ലാതാക്കുകയും ചെയ്തു.

കാതോലിക്കേറ്റ് അരമന ചാപ്പൽ കൂദാശ ചെയ്തിട്ട് 2026 ഓഗസ്റ്റ് 15-ന് 70 വർഷം തികയുന്നു.

അരമന ചാപ്പലിന്റെ പണി നടന്നത് രണ്ടു ഘട്ടമായിട്ടാണ്. *ഓഫീസ് തറ*യുടെ മേൽ പുറംഭിത്തികെട്ടി കൂട്ടുകയറ്റി ഒന്നാംഘട്ടം പൂർത്തീകരിച്ചു 1953 ഫെബ്രുവരി 2-നു താലൽക്കാലകമായി കൂദാശ ചെയ്തു. ഓഫീസ് നിർമ്മാണത്തിനു സ്വരുക്കൂട്ടിയ *ആറേഴായിരം രൂപാകൊണ്ട്* പണി പൂർത്തിയാക്കാം എന്നായിരുന്നു ആദ്യ ഘട്ടത്തിലെ പ്രതീക്ഷ. പക്ഷേ ചിലവ് 20,000 രൂപാ കടക്കുമെന്നു താമസമെന്യേ മനസിലായി. ഇത്രയും തുക അന്ന് സഭാ കേന്ദ്രത്തിനു വഹിക്കാവുന്നതിനപ്പുറമായിരുന്നു. അതിനെത്തുടർന്ന് ചാപ്പൽ നിർമ്മാണത്തിനു പിരിവ് ആവശ്യപ്പെട്ട് മാർ ഗീവർഗീസ് ദ്വിതീയൻ 1952 ഡിസംബർ 8-നു 211-ാം നമ്പറായി ആദ്യ കല്പന അയച്ചു.

ചാപ്പൽ നിർമ്മാണവുമായി ബന്ധപ്പെട്ട് അദ്ദേഹം പുറപ്പെടുവിച്ച ഏതാനും പൊതു കല്പനകളിൽ അനന്യദർശനങ്ങളായ ചില് കാഴ്ചപ്പാടുകളുണ്ട്. ഒന്നാമത്തെ കല്പനയിൽ സാമ്പത്തിക പരാധീന സൂചിപ്പിച്ച ശേഷം ചാപ്പലിന്റെ സ്ഥാപനോദ്ദേശം ... *വി. മാതാവിന്റെയും മാർ തോമാശ്ലീഹായുടെയും മാർ ഗീവറുഗീസ് സഹദായുടെയും നാമത്തിലാണ് ഈ ചാപ്പൽ സ്ഥാപിച്ചിരിക്കുന്നത്. നിങ്ങൾക്കും നിങ്ങളുടെ കുഞ്ഞുങ്ങൾക്കുംവേണ്ടി എന്നും ബലി അർപ്പിപ്പാനുള്ള സ്ഥലമാണ് ഇത്.* ... എന്ന് വിവരിച്ചിരിക്കുന്നു. *പൗരസ്ത്യ കാതോലിക്കായുടെ സ്വകാര്യ ചാപ്പൽ* എന്ന് ദേവലോകം ചാപ്പലിനെ ചിലർ വിശേഷിപ്പിക്കുന്നുണ്ടെങ്കിലും സ്ഥാപകൻ അതിനെ പൊതു സഭയുടെ പ്രാർത്ഥനാനിലയം ആയിട്ടാണ് കണ്ടിരുന്നതെന്ന് ഈ ഭാഗം വ്യക്തമാക്കുന്നു. സാർവത്രിക തലവന്റ സാർവജനീന ദർശനം.

രണ്ടാമതായി, ഈ കല്പന സംബോധന ചെയ്യുന്നത് സ്ത്രീകളേയും കുട്ടികളേയുമാണ്. ... *ആ ഇടവകയിലെ സ്ത്രീകളും കുഞ്ഞുങ്ങളും ചേർന്ന് അവരുടെ ശക്തിക്കും ഭക്തിക്കും മനസ്സിനും തക്കവണ്ണം ഒരു പിരിവെടുത്ത് നമുക്ക് അയച്ചുതരണം. ആ പിരിവ് കോഴിയോ താറാവോ മുട്ടയോ എന്തുതന്നെ ആയാലും തങ്ങളുടെ ശക്തിക്കു തക്കവണ്ണം ഇടവകയിൽപ്പെട്ട എല്ലാ*

സ്ത്രീകളും അതിൽ ഹൃദയപൂർവ്വം പങ്കുകൊള്ളണം. ഈ പിരിവിൽ സ്ത്രീകൾ പുരുഷന്മാരെ ബദ്ധപ്പെടുത്തരുത്. പിരിയുന്ന പണം സ്ത്രീകൾ തന്നെ മണി ആർഡർ ആയോ ചെക്കായോ എത്രയുംവേഗം നമ്മുടെ പേർക്കയച്ചുതരണം. ... സ്ത്രീകൾക്ക് പള്ളി ഭരണം സ്വപ്നംകാണാൻപോലും വയ്യാത്ത കാലത്ത് - ഗൃഹഭരണത്തിൽപോലും പരിമിത സ്വാധീനം ഉള്ള കാലത്ത് - ആണ് ഈ കല്പന പുറപ്പെടുവിച്ചത് എന്നത് ഓർക്കണം. അതും യാഥാസ്ഥിതികനെന്നു പേരുകേട്ട പ. കുറിച്ചി ബാവാ! ആദ്യമായി നസ്രാണി വനിതകൾ പിരിവിനിറങ്ങിയത് ഈ സംരംഭത്തിനായിരുന്നു എന്നും അതിൽ ചില വീരപുരുഷന്മാർക്കുണ്ടായ പ്രതിഷേധവും അന്നു പിരിവിനിറങ്ങിയ ചില് സ്ത്രീകൾ പറഞ്ഞറിയാം. സ്ത്രീകളുടെ സ്വകാര്യസമ്പാദ്യമായ *കോഴി, താറാവ്, മുട്ട* മുതലായ പിരിവിനത്തിൽ ചേർക്കുന്നതും, പണം അയക്കാനുള്ള ചുമതലകൂടി അവരെ ഏല്പിക്കുന്നതും അന്നത്തെ നിലയിൽ വിപ്ലവകരമായ ഒരു നടപടി ആയിരുന്നു.

വീണ്ടും 1953 ഡിസംബർ 1-നു 210-ാം നമ്പറായി അയച്ച കല്പനയിൽ ഈ ഉദ്യമത്തിന്റെ പുരോഗതി വിലയിരുത്തുന്നുണ്ട്. ... *നാം ഇവിടെ പണികഴിപ്പിച്ചിട്ടുള്ള ചാപ്പലിന്റെ മദ്ബഹാ പണി ആരംഭിച്ചിരിക്കുന്നു. ചാപ്പൽ പണി വകയ്ക്ക് സ്ത്രീകളും കുഞ്ഞുങ്ങളും സഹായിച്ചിട്ടുണ്ട്. എന്നാൽ എല്ലാ സ്ത്രീകളും ഈ സംഗതി വേണ്ടപോലെ അറിഞ്ഞു പ്രവർത്തിച്ചിട്ടുണ്ടെന്ന് നാം വിചാരിക്കുന്നില്ല. അറിയാത്തവരെ എല്ലാ പള്ളിക്കാരും ഉത്സാഹിച്ച് അറിയിക്കണം. സ്ത്രീകളുടെ സഹായത്താൽ മേലാലുള്ള പണിയും നടത്തണമെന്നു നാം ആഗ്രഹിക്കുന്നതുകൊണ്ട് എല്ലാ സ്ത്രീകളും ആത്മാർത്ഥമായി അതിൽ പങ്കുകൊള്ളണം.* ...അതിൽ പരാമർശിക്കുന്നു. അരമന ചാപ്പൽ സ്ത്രീകളുടേതായിരിക്കണം എന്ന ലക്ഷ്യത്തിൽ പ. കുറിച്ചി ബാവാ ഉറച്ചു നിൽക്കുന്നു എന്നാണ് ഇതു വ്യക്തമാക്കുന്നത്.

1956-ൽ ചാപ്പൽ പണി ഏതാണ്ട് പൂർത്തിയായി. ... *ഹൈക്കലായുടെ ഭിത്തികൾ അല്പംകൂടി ഉയർത്തുക, അതനുസരിച്ച് മുഖവാരം പുതുക്കുക, ചാപ്പലിന്റെ മുറ്റം നിരപ്പാക്കി ചുറ്റും മതിൽകെട്ടുക* ... എന്നിങ്ങനെ ചില്ലറപ്പണികൾ ധനദൗർലഭ്യംകൊണ്ടു വേണ്ടന്നുവെച്ചു കൂദാശ 1956 ആഗസ്റ്റ് മാസം 15-നു ബുധനാഴ്ച നടത്തുവാൻ നിശ്ചയിച്ചു. ... *ഈ ചാപ്പൽ സ്ഥാപിച്ചിട്ടുള്ളത് ദൈവമാതാവിന്റെയും മാർതോമ്മാ ശ്ലീഹായുടെയും മാർ ഗീവറുഗീസ് സഹദായുടെയും പ. പരുമല മാർ ഗ്രീഗോറിയോസിന്റെയും നാമത്തിലാണ്. ദൈവമാതാവിന്റെ വാങ്ങിപ്പിന്റെ പെരുന്നാൾ ആഗസ്റ്റ് പതിനഞ്ചാം തീയതി ആണെന്ന് നിങ്ങൾക്ക് അറിയാമല്ലോ. പൗരസ്ത്യ കാതോലിക്കാ സിംഹാസനം മലങ്കരയിൽ പുനഃസ്ഥാപിച്ചതിലും മലങ്കരസഭയുടെ സ്വാതന്ത്ര്യസമ്പാദനത്തിലും സഹകരിച്ച അന്ത്യോഖ്യായുടെ മാർ അബ്ദേദ് മിശിഹാ പാത്രിയർക്കീസു ബാവായുടെ ഓർമ്മയും ആഗസ്റ്റ് പതിനഞ്ചിനു തന്നെയാണ്.* ... എന്ന് ആ ദിനം തിരഞ്ഞെടുക്കാനുള്ള കാരണം 1956 ജൂലൈ 25-നു അയച്ച പൊതുകല്പനയിൽ വിശീകരിച്ചിട്ടുണ്ട്.

കൂദാശയിലെത്തുമ്പോഴേയ്ക്കും നിർമ്മാണച്ചിലവ് ആദ്യം കണക്കുകൂട്ടിയതിന്റെ ഇരട്ടിയിലധികം ആയിരുന്നു. ... *ഇതിനു മൊത്തം നാല്പത്തയ്യായിരം രൂപയോളം ചെവായിട്ടുള്ളതിൽ ഒരു ഗണ്യമായ ഭാഗം നമ്മുടെ സഭാംഗങ്ങൾ പ്രത്യേകിച്ചു സ്ത്രീകൾ നേരിട്ടും, മർത്തമറിയം വനിതാസമാജങ്ങൾ മുതലായ സംഘടനകൾ വഴിയായും അയച്ചുതന്നിട്ടുള്ളത് കൃതജ്ഞതാപൂർവ്വം നാം സ്മരിക്കുന്നു* ... എന്ന ടി. കല്പനയിലെ പരാമർശനത്തിൽനിന്നും മാർ ഗീവർഗീസ് ദിതീയന്റെ യത്നം വിജയിച്ചു എന്നത് വ്യക്തമാകുന്നു.

ഈ പ്രകിയയിലെങ്ങും ദർശിക്കുന്ന ഒന്നാണ് സുതാര്യത. പണി നടന്നുകൊണ്ടിരിക്കെത്തന്നെ 1953 ഡിസംബർ 1-ലെ കല്പനയിൽ അതുവരെയുള്ള *ചാപ്പൽ പണിയുടെ വരവുചെലവു കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്* എന്നു കാണുന്നു. വീണ്ടും കൂദാശ അറിയിക്കുന്ന 1956-ലെ കല്പനയിൽ ... *ചാപ്പൽ പണിയുടെ വരവുചെലവു കണക്കുകൾ നമ്മുടെ ആപ്പീസിൽ നിന്നും പ്രസിദ്ധപ്പെടുത്തുവാൻ നാം ആജ്ഞാപിച്ചിട്ടുണ്ട്.* ... എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കോടികൾ മുടക്കി വർഷങ്ങൾനീളുന്ന പള്ളിപണികളുടെ കണക്കുകൾ അവസാനത്തേയ്ക്കു മാറ്റിവയ്ക്കുകയും പരിസമാപ്തിയിൽ കലഹകാരണമാവുകയും ചെയ്യുന്ന സംഭവങ്ങൾ സർവസാധാരണമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് സുതാര്യതയുടെ ഈ ഉദാത്തമാതൃക ഒന്നു ശ്രദ്ധിക്കുന്നത് നല്ലതാണ്.

ഷഷ്ഠിപൂർത്തി കഴിഞ്ഞ ദേവലോകം അരമനചാപ്പൽ മലങ്കരസഭയിലെ സ്ത്രീകളുടെ സ്വത്താണ്. അവർക്കും അവരുടെ മക്കൾക്കും വേണ്ടിയുള്ള പ്രാർത്ഥനാലയമാണ്. ഇതുവരെ നാലു തവണ പ. മൂറോൻകൂദാശയ്ക്കു വേദിയായ ആ പരിശുദ്ധ ദേവാലയത്തിൽ കാൽകുത്തുന്ന ഓരോ സ്ത്രീക്കും അഭിമാനിക്കാം; ഇതെന്റെ സ്വന്തമാണ്; എനിക്കും മക്കൾക്കും വേണ്ടി പ്രാർത്ഥിക്കാനുള്ള ഇടമാണ്. അതൊരു പുണ്യപുരുഷന്റെ ദീർഘവീക്ഷണത്തിന്റെ ഫലമാണ്.

യൗനാൻ സാമുവൽ റമ്പാൻ അന്തരിച്ചു

പത്തനാപുരം: മൗണ്ട് താബോർ ദയറാ സുപ്പീരിയറും താബോർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജരുമായ യൗനാൻ സാമുവൽ റമ്പാൻ (79) അന്തരിച്ചു. സംസ്കാര ശുശ്രൂഷകൾ 16-നു ഞായറാഴ്ച മൂന്നു മണിക്ക് പത്തനാപുരം മൗണ്ട് താബോർ ദയറായിൽ നടക്കും.

വള്ളിക്കോട് കോട്ടയം മങ്ങാട്ട് മലയിൽ പുത്തൻവീട് കുടുംബാംഗമാണ്. പത്തനംതിട്ട ഞാക്കുനിലം മങ്ങാട്ട് മലയിൽ പുത്തൻവീട്ടിൽ പരേതനായ എം. സി. മത്തായിയുടെയും സാറാമ്മ മത്തായിയുടെയും മകനാണ്. തുമ്പമൺ ഭദ്രാസനത്തിലെ വാഴമുട്ടം ഈസ്റ്റ് മാർ ബർസൗമ്മാ ഓർത്തഡോക്സ് പള്ളി ആണ് മാതൃഇടവക.

ഫാ. ഡോ. ജോസഫ് ചീരൻ അന്തരിച്ചു

(ഒന്നാം പേജിൽ നിന്നും തുടർച്ച)

മാർത്തോമ്മാ) വത്തിക്കാനിലേക്കയച്ച കത്ത്, മാർ അഹത്തള്ളാ (1653) ഗോവയിൽ നിന്ന് ശെമ്മാശന്മാർ വശം കൊടുത്തയച്ച കത്ത്, കാട്ടുമങ്ങാട്ട് കൂറിലോസിന്റെ കുർബ്ബാനതക്സ, ഹൃദായ കാനോൻ 18 അക്കം കാനോൻ ആയി വ്യത്യാസപ്പെടുത്തുവാൻ റഫ്വർക്ക് ചെയ്ത കാനോൻ എന്നിങ്ങനെ പൗരസ്ത്യ - പാശ്ചാത്യ സുറിയാനിയിലും കർസോനിയിലും വട്ടെഴുത്തിലും എഴുതിയ ഒട്ടധികം സഭാചരിത്രരേഖകൾ കണ്ടെടുത്ത് പ്രസിദ്ധീകരിച്ചു.

ഭാര്യ: കെ. വി. ഏലിയാമ്മ (റിട്ട. ഹെഡ്മിസ്ട്രസ്). മക്കൾ: പ്രസാദ് ചീരൻ, മേഴ്സി ജോർജ്ജ്.

കബറടക്ക ശുശ്രൂഷ നാളെ മൂന്നു മണിക്ക് പഴഞ്ഞി സെന്റ് മേരിസ് കത്തീഡ്രലിൽ.

അനുതാപം

"സത്യ അനുതാപം എന്നു പറയുന്നതു ചെയ്തുപോയ പാപങ്ങൾക്കുവേണ്ടി ദുഃഖിച്ചു മാപ്പു ചോദിക്കയും ചെയ്തുവരുന്ന പാപങ്ങളിൽ നിന്നും ഒഴികയും മേലാൽ ദൈവത്തിനു ഇഷ്ടമാം വണ്ണം പരമാർത്ഥമുള്ള അനുസരണത്തിൽ നടക്കണമെന്ന് മനസ്സിൽ ഉറക്കയും ചെയ്യുന്നതാകുന്നു. ഏതു പാപിക്കും അനുതാപത്തിന്റെ വാതിൽ അടയ്ക്കപ്പെടുവാനുള്ളതല്ല. ഏതു സമയത്തും ഏതു സ്ഥിതിയിലും ചെയ്തുപോയിട്ടുള്ള സകലവിധ പാപങ്ങളെക്കുറിച്ചും നല്ല ശരണത്തോടും സത്യവിശ്വാസത്തോടുംകൂടെ അനുതപിച്ച് കരുണയുള്ള ദൈവത്തിങ്കലേയ്ക്ക് അടുത്തുചെല്ലേണ്ടതാകുന്നു."

– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സഫീര

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനും പരിശുദ്ധാത്മാവിന്റെ ആവാസത്തിനും ശേഷം രൂപംകൊണ്ട ആദ്യകാല സഭ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ത്യാഗമനോഭാവത്തിന്റെയും ഉത്തമ മാതൃകയായിരുന്നു. വിശ്വാസികൾ എല്ലാവരും ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ ജീവിച്ചു. പരസ്പരം ആവശ്യങ്ങൾ മനസ്സിലാക്കി സഹായിക്കുകയും സ്വന്തമായിരുന്നതെല്ലാം ദൈവത്തിന്റെ ദാനമാണെന്ന ബോധ്യത്തോടെ പങ്കുവയ്ക്കുകയും ചെയ്തു. ആരും സ്വന്തലാഭം മാത്രം അന്വേഷിച്ചില്ല; മറിച്ച് സഹവിശ്വാസികളുടെ നന്മയും സഭയുടെ വളർച്ചയും മുൻഗണനയായി കണ്ടു. അതുകൊണ്ടുതന്നെ ദരിദ്രരും അശരണരും സഭയിൽ അവഗണിക്കപ്പെടാതെ സംരക്ഷിക്കപ്പെട്ടു.

ഈ കാലഘട്ടത്തിൽ പല വിശ്വാസികളും തങ്ങളുടെ നിലങ്ങളും വീടുകളും മറ്റു സ്വത്തുക്കളും വിറ്റ് ലഭിച്ച തുക അപ്പൊസ്തലന്മാരുടെ കാൽക്കൽ സമർപ്പിക്കുകയായിരുന്നു. നിർബന്ധം കൊണ്ടല്ല, ദൈവസ്നേഹവും സഹോദരസ്നേഹവും നിറഞ്ഞ ഹൃദയത്തോടെയായിരുന്നു അവർ അത് ചെയ്തത്. അപ്പൊസ്തലന്മാർ ആ സമർപ്പണങ്ങൾ ആവശ്യക്കാർക്കിടയിൽ നീതിപൂർവം വിതരണം ചെയ്തു. ഇങ്ങനെ ആദ്യകാല സഭ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും സത്യസന്ധതയുടെയും ദൈവഭക്തിയുടെയും പ്രകാശിക്കുന്ന സാക്ഷ്യമായി ലോകത്തിനു മുന്നിൽ നിലകൊണ്ടു.

ഈ പശ്ചാത്തലത്തിലാണ് അനന്യാസും ഭാര്യയായ സഫീരയും അപ്പൊസ്തോല പ്രവൃത്തികൾ അഞ്ചാം അധ്യായത്തിൽ പ്രത്യക്ഷപ്പെടുന്നത്. അവർക്കും ഒരു നിലം ഉണ്ടായിരുന്നു. അത് വിറ്റ് ലഭിച്ച തുകയിൽ ഒരു ഭാഗം തങ്ങൾക്കുവേണ്ടി രഹസ്യമായി മാറ്റിവെച്ചശേഷം, മുഴുവൻ തുകയും സഭയ്ക്ക് സമർപ്പിച്ചതായി അവർ നടിച്ചു. യഥാർത്ഥ പ്രശ്നം അവർ പണത്തിന്റെ ഒരു ഭാഗം കൈവശം വച്ചതല്ല; മറിച്ച് അതിനെക്കുറിച്ച് കള്ളം പറയുകയും പരിശുദ്ധാത്മാവിനെ വഞ്ചിക്കാൻ ശ്രമിക്കുകയും ചെയ്തതാണ്. ദൈവത്തിന്റെ മുമ്പിൽ കപടഭക്തി പ്രകടിപ്പിക്കുകയും മനുഷ്യരുടെ പ്രശംസ നേടാൻ ശ്രമിക്കുകയും ചെയ്ത ഈ പ്രവൃത്തി ആദ്യകാല സഭയിൽ വളരെ ഗുരുതരമായ ഒരു മുന്നറിയിപ്പായി മാറി.

സഫീരയുടെ ജീവിതം വിശ്വാസജീവിതത്തിൽ സത്യസന്ധതയ്ക്കും വിശുദ്ധിക്കും എത്ര വലിയ പ്രാധാന്യമുണ്ടെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. പുറമേ ഭക്തിയുടെ രൂപം പ്രകടിപ്പിക്കുന്നതിനെക്കാൾ, ദൈവത്തിന്റെ മുമ്പിൽ ആത്മാർത്ഥവും നിർമ്മലവുമായ ഹൃദയത്തോടെ ജീവിക്കുകയാണ് ഏറ്റവും പ്രധാനമെന്ന് ഈ സംഭവം പഠിപ്പിക്കുന്നു. അതിനാൽ സഫീരയുടെ ജീവിതം അനുകരിക്കേണ്ട മാതൃകയല്ല; മറിച്ച് കള്ളം, കപടത, ആത്മീയ വഞ്ചന എന്നിവയിൽ നിന്ന് വിട്ടുനിൽക്കാൻ എല്ലാ വിശ്വാസികൾക്കും ദൈവം നൽകുന്ന ശക്തമായ മുന്നറിയിപ്പും സത്യസന്ധവും വിശുദ്ധവുമായ ജീവിതത്തിലേക്കുള്ള ആഹ്വാനവുമാണ്.

1. ഭർത്താവിനൊപ്പം തെറ്റായ തീരുമാനത്തിൽ പങ്കുചേർന്ന സ്ത്രീ

സഫീരയുടെ ജീവിതത്തിൽ ആദ്യം ശ്രദ്ധിക്കപ്പെടുന്ന കാര്യം, ഭർത്താവായ അനന്യാസിന്റെ തെറ്റായ തീരുമാനത്തോട് അവൾ യോജിച്ചു എന്നതാണ്. ഒരു നിലം വിറ്റ് ലഭിച്ച തുകയിൽ ഒരു ഭാഗം രഹസ്യമായി മാറ്റിവച്ചശേഷം, മുഴുവൻ തുകയും ദൈവത്തിന് സമർപ്പിച്ചതായി അപ്പൊസ്തലന്മാരുടെ മുമ്പിൽ അവതരിപ്പിക്കാൻ ഇരുവരും മുൻകൂട്ടി തീരുമാനിച്ചിരുന്നു. ഈ പ്രവൃത്തി ഒരു നിമിഷത്തെ തെറ്റല്ല; ആലോചിച്ച് എടുത്ത ഒരു തീരുമാനമായിരുന്നു. അതുകൊണ്ടുതന്നെ സഫീര വെറും കാണികളിൽ ഒരാളല്ല, ആ പ്രവൃത്തിയുടെ പങ്കാളിയായിരുന്നു.

ഭർത്താവും ഭാര്യയും പരസ്പരം സ്നേഹത്തോടെയും ഐക്യത്തോടെയും ജീവിക്കേണ്ടവരാണ്. എന്നാൽ ആ ഐക്യം ദൈവഹിതത്തിനും സത്യത്തിനും നീതിക്കും അനുസൃതമായിരിക്കണം. ദൈവത്തെ അനുസരിക്കുന്ന കാര്യങ്ങളിൽ പരസ്പരം പ്രോത്സാഹിപ്പിക്കുകയും നല്ല തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്തം ഇരുവർക്കുമുണ്ട്. അനന്യാസിന്റെ തെറ്റായ പദ്ധതിയെ സഫീര അംഗീകരിക്കാതെ സത്യത്തിന്റെ പക്ഷത്ത് ഉറച്ചുനിന്നിരുന്നെങ്കിൽ, ആ കുടുംബം ഈ ദാരുണമായ അനുഭവത്തിലേക്ക് എത്തേണ്ടി വരുമായിരുന്നില്ല.

പത്രോസ് സഫീരയോട് പ്രത്യേകം ചോദിച്ചപ്പോൾ, സത്യം തുറന്നു പറയാനുള്ള അവസരം അവൾക്കുണ്ടായിരുന്നു. എന്നാൽ അവൾ ആ അവസരം ഉപയോഗിച്ചില്ല. പകരം, ഭർത്താവിനൊപ്പം ചേർന്ന് കള്ളം ആവർത്തിക്കുകയായിരുന്നു. ഇതിലൂടെ ഒരു തെറ്റായ തീരുമാനത്തെ ചോദ്യം ചെയ്യാതെ അനുകരിക്കുന്നത് എത്ര വലിയ ആത്മീയ അപകടത്തിലേക്കാണ് നയിക്കുന്നതെന്ന് അവളുടെ ജീവിതം വ്യക്തമാക്കുന്നു.

സഫീരയുടെ ജീവിതം ഇന്നത്തെ കുടുംബങ്ങൾക്കും വിലപ്പെട്ട ഒരു സന്ദേശമാണ് നൽകുന്നത്. കുടുംബബന്ധങ്ങളിൽ സ്നേഹവും ഐക്യവും അനിവാര്യമാണെങ്കിലും, അത് ഒരിക്കലും തെറ്റിനെ പിന്തുണയ്ക്കുന്ന ഐക്യമാകരുത്. ഭർത്താവോ ഭാര്യയോ തെറ്റായ വഴിയിലേക്ക് പോകുമ്പോൾ മൗനം പാലിക്കുകയോ അതിൽ പങ്കാളിയാകുകയോ ചെയ്യാതെ, സ്നേഹത്തോടെ സത്യത്തിലേക്ക് നയിക്കാൻ ശ്രമിക്കണം. യഥാർഥ കുടുംബസ്നേഹം ദൈവഹിതത്തിൽ ഉറച്ചുനിൽക്കാനും പരസ്പരം നന്മയിലേക്കും വിശുദ്ധിയിലേക്കും നയിക്കാനുമുള്ളതായിരിക്കണം.

അതുകൊണ്ട് കുടുംബത്തിലെ ഐക്യം ദൈവസത്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം എന്നതാണ് സഫീരയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്ന പ്രധാന പാഠം. സ്നേഹത്തിന്റെ പേരിൽ തെറ്റിനെ അംഗീകരിക്കുകയോ കള്ളത്തരത്തിന് കൂട്ടുനിൽക്കുകയോ ചെയ്യരുത്. ഏത് സാഹചര്യത്തിലും സത്യത്തിന്റെ പക്ഷത്ത് ഉറച്ചുനിൽക്കുകയും ദൈവഹിതത്തെ ജീവിതത്തിന്റെ പരമപ്രധാനമായി കാണുകയും ചെയ്യുമ്പോഴാണ് യഥാർഥ വിശ്വാസജീവിതം സാക്ഷ്യപൂർണമാകുന്നത്.

2. സത്യത്തെക്കാൾ പ്രശസ്തിക്ക് പ്രാധാന്യം നൽകിയ സ്ത്രീ

സഫീരയുടെ ജീവിതത്തിൽ വ്യക്തമായി കാണുന്ന മറ്റൊരു സവിശേഷത,

സത്യത്തേക്കാൾ മനുഷ്യരുടെ പ്രശംസയ്ക്കും അംഗീകാരത്തിനും അവൾ പ്രാധാന്യം നൽകിയതാണ്. ആദ്യകാല സഭയിൽ പല വിശ്വാസികളും തങ്ങളുടെ സ്വത്തുക്കൾ വിറ്റ് ലഭിച്ച തുക പൂർണമായി അപ്പൊസ്തലന്മാരുടെ കാൽക്കൽ സമർപ്പിച്ചിരുന്നു. അവരുടെ സമർപ്പണം മറ്റുള്ളവരുടെ പ്രശംസ നേടാനല്ല, ദൈവസ്നേഹവും സഹോദരസ്നേഹവും കൊണ്ടായിരുന്നു. എന്നാൽ അനന്യാസിനും സഫീരയ്ക്കും ഈ സമർപ്പണത്തിന്റെ യഥാർഥ ആത്മാവ് മനസ്സിലാവാതെ, മറ്റുള്ളവരുടെ കണ്ണിൽ വലിയ ദാനം ചെയ്തവരായി അറിയപ്പെടണമെന്ന ആഗ്രഹമാണ് ഉണ്ടായിരുന്നത്.

അവർ നിലം വിറ്റ് ലഭിച്ച തുകയിൽ ഒരു ഭാഗം തങ്ങൾക്കുവേണ്ടി മാറ്റിവെച്ചത് തെറ്റായിരുന്നില്ല. ആ സ്വത്ത് അവരുടേതായിരുന്നു; എത്ര തുക സമർപ്പിക്കണമെന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യവും അവർക്കുണ്ടായിരുന്നു. എന്നാൽ അവർ ചെയ്ത ഗുരുതരമായ തെറ്റ്, മുഴുവൻ തുകയും സമർപ്പിച്ചതായി നടിക്കുകയും അതിലൂടെ മറ്റുള്ളവരുടെ പ്രശംസ നേടാൻ ശ്രമിക്കുകയും ചെയ്തതാണ്. യഥാർഥ സമർപ്പണത്തേക്കാൾ സമർപ്പണമുള്ളവരായി അറിയപ്പെടാനാണ് അവർ ആഗ്രഹിച്ചത്. ഇതാണ് അവരുടെ പാപത്തിന്റെ യഥാർഥ സ്വഭാവം.

സഫീരയ്ക്കും ഈ കപടതയിൽ പൂർണ സമ്മതം ഉണ്ടായിരുന്നു. പത്രോസ് ചോദിച്ചപ്പോൾ സത്യം തുറന്നു പറയാനുള്ള അവസരം ഉണ്ടായിരുന്നിട്ടും, അവൾ കള്ളം ആവർത്തിച്ചു. അതിലൂടെ മനുഷ്യരുടെ മുമ്പിൽ നല്ലവളായി തോന്നാനുള്ള ആഗ്രഹം, ദൈവത്തിന്റെ മുമ്പിൽ സത്യസന്ധമായി ജീവിക്കേണ്ട കടമയെക്കാൾ അവൾ വിലമതിച്ചു. പുറമേ ഭക്തിയുടെ രൂപം നിലനിർത്താനും സമൂഹത്തിന്റെ പ്രശംസ നേടാനും ശ്രമിച്ചെങ്കിലും, ദൈവത്തിന്റെ ദൃഷ്ടിയിൽ അവളുടെ ഹൃദയത്തിലെ കപടത മറഞ്ഞിരുന്നില്ല.

വിശുദ്ധവചനം നമ്മെ പഠിപ്പിക്കുന്നത്, ദൈവം പുറമേയുള്ള പ്രവർത്തനങ്ങൾ മാത്രം നോക്കുന്നവനല്ല; മനുഷ്യന്റെ ഹൃദയവും ഉദ്ദേശ്യങ്ങളും പരിശോധിക്കുന്നവനാണെന്നാണ്. അതിനാൽ നമ്മുടെ ദാനധർമ്മങ്ങളും സേവനങ്ങളും ആത്മീയ പ്രവർത്തനങ്ങളും ആളുകൾ കാണാനും പ്രശംസിക്കാനും വേണ്ടിയല്ല, ദൈവത്തെ മഹത്വപ്പെടുത്താനാണ് ചെയ്യേണ്ടത്. പുറമേ വലിയ വിശ്വാസിയായി കാണപ്പെടുകയും ഉള്ളിൽ ആത്മാർത്ഥത ഇല്ലാതിരിക്കുകയും ചെയ്യുന്നത് ദൈവത്തെ പ്രസാദിപ്പിക്കുകയില്ല.

ഇന്നത്തെ സമൂഹത്തിലും ഈ പ്രലോഭനം പല രൂപങ്ങളിൽ കാണപ്പെടുന്നു. മറ്റുള്ളവരുടെ പ്രശംസ നേടാനോ നല്ല പേര് സമ്പാദിക്കാനോ വേണ്ടി ചിലർ ദാനധർമ്മങ്ങളും ആത്മീയ പ്രവർത്തനങ്ങളും ചെയ്യാറുണ്ട്. എന്നാൽ യഥാർഥ ക്രൈസ്തവജീവിതം മനുഷ്യരുടെ കൈയടിക്കല്ല, ദൈവത്തിന്റെ അംഗീകാരത്തിനാണ് പ്രാധാന്യം നൽകുന്നത്. മനുഷ്യരുടെ പ്രശംസ താൽക്കാലികമാണ്; ദൈവത്തിന്റെ പ്രസാദം നിത്യമായതാണ്.

അതുകൊണ്ട് പ്രശസ്തിയേക്കാൾ സത്യത്തിനും, പുറമേയുള്ള ഭക്തിയേക്കാൾ ഹൃദയത്തിന്റെ ആത്മാർത്ഥതയ്ക്കും, മനുഷ്യരുടെ പ്രശംസയേക്കാൾ ദൈവത്തിന്റെ പ്രസാദത്തിനും പ്രാധാന്യം നൽകണം എന്നതാണ് സഫീരയുടെ ജീവിതം ഓരോ വിശ്വാസിക്കും നൽകുന്ന പ്രധാന പാഠം. അങ്ങനെ ജീവിക്കുന്നവരാണ് ദൈവസന്നിധിയിൽ യഥാർഥ വിശ്വാസികളും വിശ്വസ്തരായ ദാസന്മാരും ആകുന്നത്.

3. ദൈവസന്നിധിയിൽ സത്യസന്ധത അനിവാര്യമാണെന്ന് പഠിപ്പിച്ച സ്ത്രീ

സഫീരയുടെ ജീവിതം വിശ്വാസികളുടെ മുമ്പിൽ ഉയർത്തിക്കാട്ടുന്ന ഏറ്റവും പ്രധാനപ്പെട്ട പാഠങ്ങളിലൊന്ന് ദൈവസന്നിധിയിൽ സത്യസന്ധതയ്ക്ക് പകരം മറ്റൊന്നുമില്ല എന്നതാണ്. മനുഷ്യരെ വഞ്ചിക്കാൻ ചിലപ്പോൾ കഴിയുമെങ്കിലും, സർവജ്ഞനായ ദൈവത്തെ ഒരിക്കലും വഞ്ചിക്കാൻ കഴിയില്ല. ഈ സത്യം വളരെ വ്യക്തമായി വെളിപ്പെടുത്തുന്ന സംഭവമാണ് അപ്പൊസ്തോല പ്രവൃത്തികൾ അഞ്ചാം അധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സഫീരയുടെ ജീവിതം ദൈവം നമ്മുടെ പ്രവൃത്തികൾ മാത്രമല്ല, അവയുടെ പിന്നിലുള്ള ഉദ്ദേശ്യങ്ങളും ഹൃദയത്തിന്റെ ചിന്തകളും അറിയുന്നവനാണെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു.

അനന്യാസിന്റെ മരണശേഷം സഫീര സഭയിലേക്ക് വന്നു. സംഭവിച്ചതെന്താണെന്ന് അവൾ അറിഞ്ഞിരുന്നില്ല. അപ്പോൾ അപ്പൊസ്തലനായ പത്രോസ് അവളോട് ഒരു ചോദ്യം ചോദിച്ചു: 'നിങ്ങൾ ആ നിലം ഇത്രയ്ക്കാണോ വിറ്റത്?' ഈ ചോദ്യം വെറുമൊരു വിവരശേഖരണമല്ലായിരുന്നു; സത്യം പറയാനുള്ള ഒരു വിലപ്പെട്ട അവസരമായിരുന്നു. ദൈവം അവൾക്ക് മാനസാന്തരപ്പെടാനും തന്റെ തെറ്റ് ഏറ്റുപറയാനും ഒരു അവസരം നൽകിയതായിരുന്നു. എന്നാൽ സഫീര ആ അവസരം വിനിയോഗിച്ചില്ല. ഭർത്താവിനോടൊപ്പം ആസൂത്രണം ചെയ്ത കള്ളം തന്നെയാണ് അവൾ വീണ്ടും ആവർത്തിച്ചത്. അങ്ങനെ അവൾ മനഃപൂർവം അസത്യം പറയുകയും ദൈവസന്നിധിയിൽ സത്യത്തെ നിരസിക്കുകയും ചെയ്തു.

ഈ സംഭവം ദൈവം ഓരോ മനുഷ്യനും തന്റെ തെറ്റുകൾ തിരുത്താൻ അവസരം നൽകുന്നവനാണെന്ന് വ്യക്തമാക്കുന്നു. എന്നാൽ ആ അവസരം നാം എങ്ങനെ ഉപയോഗിക്കുന്നു എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. സഫീര സത്യം പറഞ്ഞിരുന്നെങ്കിൽ അവളുടെ ജീവിതകഥ മറ്റൊരു രീതിയിലാകുമായിരുന്നുവെന്ന് ചിന്തിക്കാം. എന്നാൽ അവൾ കള്ളത്തരത്തിൽ ഉറച്ചുനിന്നത് അവളുടെ ആത്മീയ വീഴ്ചയെ കൂടുതൽ ഗുരുതരമാക്കി.

പത്രോസ് സഫീരയോട് പറഞ്ഞ വാക്കുകൾ ഈ സംഭവത്തിന്റെ ആത്മീയ പ്രാധാന്യം വ്യക്തമാക്കുന്നു. അവൾ മനുഷ്യരോട് മാത്രമല്ല, പരിശുദ്ധാത്മാവിനോടാണ് കള്ളം പറഞ്ഞതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇതിലൂടെ ദൈവസന്നിധിയിൽ കപടതയ്ക്കും അസത്യത്തിനും സ്ഥാനമില്ലെന്ന് വ്യക്തമായി. ദൈവം പുറമേയുള്ള പ്രവർത്തനങ്ങൾ മാത്രം വിലയിരുത്തുന്നവനല്ല; മനുഷ്യന്റെ ഹൃദയത്തിന്റെ ആഴങ്ങളെയും ഉദ്ദേശ്യങ്ങളെയും പരിശോധിക്കുന്ന നീതിമാനായ ന്യായാധിപനാണ്.

നമ്മുടെ വിശ്വാസജീവിതത്തിലും ഈ സന്ദേശത്തിന് വലിയ പ്രസക്തിയുണ്ട്. കുടുംബജീവിതത്തിലും ജോലിസ്ഥലത്തിലും സമൂഹത്തിലും സഭയിലും നാം സത്യസന്ധരായിരിക്കണം. ചെറിയ കള്ളങ്ങൾ പോലും പിന്നീട് വലിയ ആത്മീയ വീഴ്ചകൾക്ക് കാരണമാകാം. ദൈവവുമായി ഉള്ള ബന്ധത്തിന്റെ അടിത്തറ സത്യസന്ധതയാണ്. ആത്മാർത്ഥതയില്ലാത്ത ആരാധനയും കപടത നിറഞ്ഞ വിശ്വാസജീവിതവും ദൈവത്തിന് പ്രസാദകരമല്ല.

അതുകൊണ്ട് സഫീരയുടെ ജീവിതം ഓരോ വിശ്വാസിയെയും ഒരു ആത്മ പരിശോധനയിലേക്ക് വിളിക്കുന്നു. നമ്മുടെ വാക്കുകളിലും പ്രവൃത്തികളിലും ഉദ്ദേശ്യങ്ങളിലും സത്യസന്ധത ഉണ്ടോ എന്ന് നാം പരിശോധിക്കണം. മനുഷ്യരുടെ മുമ്പിൽ നല്ലവരായി കാണപ്പെടുന്നതിനെക്കാൾ ദൈവസന്നിധിയിൽ വിശ്വസ്തരായി ജീവിക്കുന്നതാണ് യഥാർഥ വിശ്വാസജീവിതം. അതിനാൽ ഏത് സാഹചര്യത്തിലും സത്യം സംസാരിക്കുകയും ആത്മാർത്ഥതയോടെ ജീവിക്കുകയും ദൈവത്തിന്റെ മുമ്പിൽ നിർമ്മലഹൃദയത്തോടെ നടക്കുകയും ചെയ്യേണ്ടതിന്റെ അനിവാര്യതയാണ് സഫീരയുടെ ജീവിതം ശക്തമായി നമ്മെ പഠിപ്പിക്കുന്നത്.

4. വിശുദ്ധജീവിതത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കുന്ന മാതൃക

സഫീരയുടെ ജീവിതം വിശുദ്ധജീവിതത്തിന്റെ അനിവാര്യതയെ വളരെ ശക്തമായി ഓർമ്മിപ്പിക്കുന്ന ഒരു മുന്നറിയിപ്പാണ്. അവളുടെ ജീവിതം അനുകരിക്കേണ്ട മാതൃകയല്ലെങ്കിലും, അവൾക്ക് സംഭവിച്ചത് ഓരോ വിശ്വാസിയെയും വിശുദ്ധിയോടും ദൈവഭയത്തോടും കൂടി ജീവിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ആത്മീയ പാഠമാണ്. അപ്പൊസ്തോല പ്രവൃത്തികൾ അഞ്ചാം അധ്യായത്തിൽ വിവരിക്കുന്നതുപോലെ, സഫീര കള്ളം പറഞ്ഞതിനെത്തുടർന്ന് മരണമടഞ്ഞു. ഈ സംഭവം ആദ്യകാല സഭയിലെ എല്ലാ വിശ്വാസികളെയും ആഴത്തിൽ ചിന്തിപ്പിച്ചു. വിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിൽ കപടതയ്ക്കും അസത്യത്തിനും സ്ഥാനമില്ലെന്നും ദൈവം തന്റെ ജനത്തിൽ വിശുദ്ധി ആഗ്രഹിക്കുന്നവനാണെന്നും അവർ വ്യക്തമായി മനസ്സിലാക്കി.

സഫീരയുടെ മരണവാർത്ത സഭയിൽ മാത്രമല്ല, അത് കേട്ട എല്ലാവരുടെയും ഇടയിൽ വലിയ ദൈവഭയം ഉളവാക്കി. ഇവിടെ ദൈവഭയം എന്നത് ശിക്ഷയെ ഭയപ്പെടുക എന്ന അർത്ഥത്തിൽ മാത്രമല്ല; ദൈവത്തിന്റെ വിശുദ്ധിയെയും മഹത്വത്തെയും ആദരിച്ച് ജീവിക്കുക എന്ന അർത്ഥത്തിലുമാണ്. ദൈവത്തെ യഥാർഥത്തിൽ ഭയപ്പെടുന്ന ഒരാൾ കള്ളത്തിലും വഞ്ചനയിലും കപടതയിലും ജീവിക്കാൻ ആഗ്രഹിക്കുകയില്ല. മറിച്ച്, തന്റെ ജീവിതം ദൈവത്തിന് പ്രസാദകരമാകാൻ അവൻ നിരന്തരം പരിശ്രമിക്കും.

ഈ സംഭവത്തിലൂടെ ആദ്യകാല സഭയ്ക്ക് ഒരു പ്രധാന സന്ദേശം ലഭിച്ചു.

സഭ വെറും മനുഷ്യരുടെ കൂട്ടായ്മയല്ല; പരിശുദ്ധാത്മാവ് വസിക്കുന്ന ദൈവത്തിന്റെ സമൂഹമാണ്. അതുകൊണ്ട് സഭയിലെ ഓരോ വിശ്വാസിക്കും വിശുദ്ധിയോടും ആത്മാർത്ഥതയോടും കൂടി ജീവിക്കേണ്ട ഉത്തരവാദിത്തമുണ്ട്. പുറമേ ഭക്തിയുടെ രൂപം പ്രകടിപ്പിച്ചാൽ മാത്രം മതിയാകില്ല; ഹൃദയവും ജീവിതവും ദൈവത്തിന്റെ മുമ്പിൽ നിർമ്മലമായിരിക്കണം. ദൈവത്തെ ആരാധിക്കുന്ന ഓരോ വ്യക്തിയും തന്റെ ജീവിതത്തിൽ വിശുദ്ധിയെ പരിപാലിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

സഫീരയുടെ ജീവിതം ഇന്നത്തെ വിശ്വാസികൾക്കും വളരെ പ്രസക്തമായ ഒരു സന്ദേശമാണ് നൽകുന്നത്. ആധുനിക ലോകത്തിൽ കപടതയും അസത്യവും സ്വാർത്ഥതയും പലപ്പോഴും സാധാരണ കാര്യങ്ങളായി കണക്കാക്കപ്പെടുന്നു. എന്നാൽ ദൈവത്തിന്റെ മാനദണ്ഡങ്ങൾ ഒരിക്കലും മാറുന്നില്ല. ഇന്നും ദൈവം തന്റെ മക്കളിൽ നിന്ന് സത്യസന്ധതയും വിശുദ്ധിയും ആത്മാർത്ഥതയും പ്രതീക്ഷിക്കുന്നു. വിശുദ്ധജീവിതം ആരാധനാലയത്തിൽ മാത്രം പ്രകടിപ്പിക്കേണ്ട ഒന്നല്ല; കുടുംബജീവിതത്തിലും ജോലിസ്ഥലത്തിലും സമൂഹത്തിലും നമ്മുടെ ഓരോ വാക്കിലും പ്രവൃത്തിയിലും അത് പ്രകടമാകണം.

അതുകൊണ്ട് സഫീരയുടെ ജീവിതം ഓരോ വിശ്വാസിക്കും ഒരു ആത്മപരിശോധനയ്ക്കുള്ള അവസരമാണ്. നമ്മുടെ ജീവിതത്തിൽ ദൈവത്തിന് പ്രസാദകരമല്ലാത്ത എന്തെങ്കിലും ഉണ്ടോ എന്ന് നാം പരിശോധിക്കണം. തെറ്റുകൾ സംഭവിക്കുമ്പോൾ അവ മറച്ചുവയ്ക്കാതെ മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് മടങ്ങിവരാൻ തയ്യാറാകണം. ദൈവം വിശുദ്ധനായതിനാൽ അവന്റെ ജനവും വിശുദ്ധിയോടെ ജീവിക്കണമെന്ന ആഹ്വാനം എല്ലാ കാലത്തും പ്രസക്തമാണ്.

അതിനാൽ സഫീരയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, വിശുദ്ധജീവിതം ഒരു ഐച്ഛികമല്ല, ഓരോ വിശ്വാസിയുടെയും വിളിയാണ് എന്ന സത്യമാണ്. ദൈവത്തെ ഭയപ്പെടുകയും അവന്റെ വചനമനുസരിച്ച് നടക്കുകയും സത്യസന്ധതയും വിശുദ്ധിയും നിറഞ്ഞ ജീവിതം നയിക്കുകയും ചെയ്യുമ്പോഴാണ് നമ്മുടെ വിശ്വാസം യഥാർഥ സാക്ഷ്യമായി മാറുന്നത്. സഫീരയുടെ ജീവിതം അതിനാൽ അനുകരിക്കേണ്ട മാതൃകയല്ല; വിശുദ്ധിയോടെ ജീവിക്കേണ്ടതിന്റെ ആവശ്യകതയെ എന്നും ഓർമ്മിപ്പിക്കുന്ന ഗൗരവമേറിയ മുന്നറിയിപ്പാണ്.

സഫീരയുടെ ജീവിതം വിശുദ്ധവേദപുസ്തകത്തിൽ വളരെ ചുരുക്കമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഫീരയുടെ ജീവിതത്തിലെ ഏറ്റവും വലിയ പരാജയം, ദൈവത്തെക്കാൾ മനുഷ്യരുടെ അഭിപ്രായത്തിന് പ്രാധാന്യം നൽകുകയും സത്യത്തേക്കാൾ പുറമേയുള്ള ഭക്തിയുടെ പ്രകടനത്തിന് വില നൽകുകയും ചെയ്തതാണ്. ദൈവത്തെ വഞ്ചിക്കാൻ കഴിയുമെന്ന തെറ്റായ ധാരണയിൽ അവൾ ജീവിച്ചു. എന്നാൽ ഈ സംഭവം നമ്മെ പഠിപ്പിക്കുന്നത്, ദൈവം മനുഷ്യന്റെ വാക്കുകൾ മാത്രമല്ല, ഹൃദയത്തിന്റെ ചിന്തകളും ഉദ്ദേശ്യങ്ങളും പരിശോധിക്കുന്ന സർവജ്ഞനായ ദൈവമാണെന്ന സത്യമാണ്. അതുകൊണ്ട് വിശ്വാസജീവിതത്തിൽ ആത്മാർത്ഥതയ്ക്കും സത്യസന്ധതയ്ക്കും പകരം മറ്റൊന്നിനും സ്ഥാനമില്ല.

അതേസമയം, സഫീരയുടെ ജീവിതം നമ്മെ ശരിയായ വഴിയിലേക്കും നയിക്കുന്നു. ദൈവം തന്റെ മക്കളിൽ നിന്ന് ആഗ്രഹിക്കുന്നത് പുറമേയുള്ള ആചാരപരമായ ഭക്തിയല്ല, ഹൃദയത്തിന്റെ വിശുദ്ധിയും ആത്മാർത്ഥതയും സത്യസന്ധതയുമാണ്. ദൈവഭയത്തോടെ ജീവിക്കുകയും സത്യത്തിൽ ഉറച്ചു നിൽക്കുകയും വിശുദ്ധജീവിതം നയിക്കുകയും ചെയ്യുന്നവരാണ് ദൈവത്തിന്റെ പ്രസാദം പ്രാപിക്കുന്നത്. മനുഷ്യരുടെ കൈയടിയേക്കാൾ ദൈവത്തിന്റെ അംഗീകാരമാണ് യഥാർഥ വിശ്വാസിയുടെ ലക്ഷ്യം. അതിനാൽ നമ്മുടെ വാക്കുകളിലും പ്രവൃത്തികളിലും ചിന്തകളിലും സാമ്പത്തിക ഇടപാടുകളിലും കുടുംബജീവിതത്തിലും സഭാശുശ്രൂഷകളിലും എല്ലായിടത്തും സത്യസന്ധത പ്രകടമാകണം.

ഇന്നത്തെ സമൂഹത്തിലും സഭയിലും സഫീരയുടെ ജീവിതത്തിന് വലിയ പ്രസക്തിയുണ്ട്. പുറമേ നല്ലവരായി കാണപ്പെടാനുള്ള ആഗ്രഹം, പ്രശസ്തിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ, ആത്മാർത്ഥതയില്ലാത്ത ആരാധന, കപടത എന്നിവ പല രൂപങ്ങളിൽ ഇന്നും നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ സഫീരയുടെ ജീവിതം ഓരോ വിശ്വാസിയെയും ആത്മപരിശോധനയിലേക്ക് ക്ഷണിക്കുന്നു. ഞാൻ ദൈവത്തിന്റെ മുമ്പിൽ ആത്മാർത്ഥനാണോ? എന്റെ വിശ്വാസജീവിതം പുറമേയുള്ള പ്രകടനമാണോ, അതോ ഹൃദയത്തിന്റെ യഥാർഥ സമർപ്പണമാണോ? എന്ന ചോദ്യങ്ങൾ ഓരോരുത്തരും സ്വയം ചോദിക്കേണ്ടതുണ്ട്.

അതിനാൽ സഫീരയുടെ ജീവിതം ചരിത്രത്തിലെ ഒരു സംഭവമെന്ന നിലയിൽ മാത്രം കാണാതെ, ഓരോ കാലഘട്ടത്തിലെയും വിശ്വാസികൾക്കുള്ള ദൈവത്തിന്റെ മുന്നറിയിപ്പായി മനസ്സിലാക്കണം. കള്ളവും കപടതയും ഉപേക്ഷിച്ച് സത്യസന്ധതയിലും വിശുദ്ധിയിലും ദൈവഭയത്തിലും നീതിയിലും ഉറച്ചുനിൽക്കുന്ന ജീവിതം നയിക്കുമ്പോഴാണ് യഥാർഥ ക്രൈസ്തവസാക്ഷ്യം വെളിപ്പെടുന്നത്. നമ്മുടെ ജീവിതം മനുഷ്യരുടെ പ്രശംസയ്ക്കല്ല, ദൈവത്തിന്റെ മഹത്വത്തിനായിരിക്കണം. അങ്ങനെ ജീവിക്കുന്നവരാണ് ദൈവത്തെ പ്രസാദിപ്പിക്കുകയും സഭയ്ക്കും സമൂഹത്തിനും അനുഗ്രഹമായ സാക്ഷികളായി മാറുകയും ചെയ്യുന്നത്. സഫീരയുടെ ജീവിതം ഈ മഹത്തായ ആത്മീയസത്യം എന്നും നമ്മെ ഓർമ്മിപ്പിക്കുകയും, സത്യത്തിന്റെയും വിശുദ്ധിയുടെയും പാതയിൽ ഉറച്ചുനിൽക്കാൻ നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

❑

പരുമല സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി നവീകരണത്തോടനുബന്ധിച്ച് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടന്ന പതാക ഘോഷയാത്ര യുവജനപ്രസ്ഥാനം കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ജെയിൻ സി. മാത്യു ഉദ്ഘാടനം ചെയ്യുന്നു.

മാവേലിക്കര പുതിയകാവ് സെന്റ് മേരിസ് കത്തീഡ്രൽ ഇടവകയിൽ നിന്നും മറ്റം വാർഡിലും വലിയപെരുമ്പുഴ 2 സ്കൂളിൽ പ്രവർത്തിച്ച ക്യാമ്പുകളിലും പ്രളയത്തിൽ ദുരിതമനുഭിക്കുന്നവർക്ക് സഹായമെത്തിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

ഡൽഹി ഭദ്രാസന വാർഷിക പൊതുയോഗം

ഡൽഹി: ഡൽഹി ഭദ്രാസന വാർഷിക പൊതുയോഗം 2026 ഓഗസ്റ്റ് 4-നു ഡൽഹി ഓർത്തഡോക്സ് സെന്റർ, 2, ഇൻസ്റ്റിറ്റ്യൂഷണൽ ഏരിയ, തുഗ്ലകാബാദ്, ന്യൂഡൽഹിയിൽ, ഡൽഹി ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ ദിമെത്രിയോസിന്റെ അധ്യക്ഷതയിൽ നടന്നു.

ഡൽഹി ഭദ്രാസനത്തിലെ വൈദികരും വിവിധ ഇടവകകളിൽ നിന്നുള്ള അസംബ്ലി അംഗങ്ങളും വാർഷിക പൊതുയോഗത്തിൽ പങ്കെടുത്തു.

ഭദ്രാസനത്തിന്റെ ആത്മീയ, ഭരണപര, സാമ്പത്തിക പ്രവർത്തനങ്ങൾ വിലയിരുത്തുകയും വരും വർഷത്തേക്കുള്ള പ്രവർത്തന പദ്ധതികളും വിവിധ പ്രമേയങ്ങളും യോഗത്തിൽ ചർച്ച ചെയ്തു.

'Samore d'edtho'. കോട്ടയം ഭദ്രാസന ശതോത്തര സുവർണ്ണ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച്, ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളിലെയും ഗായക സംഘങ്ങൾ പാമ്പാടി ദയറായിൽ ഒരുമിച്ചു കൂടി. കുര്യൻ തോമസ് കരിപ്പാൽ കോറെപ്പിസ്ക്കോപ്പാ അധ്യക്ഷം വഹിച്ചു. ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് ഉദ്ഘാടനം നിർവഹിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. കെ എം സഖറിയ, ഭദ്രാസന കൗൺസിൽ അംഗം സാം വർഗീസ്, പ്രൊഫ. ഡോ. ജേക്കബ് കുര്യൻ ഓണാട്ട്, ഫാ. ജിബി കെ. പോൾ, ഫാ. ആൻഡ്രൂസ് ജോസഫ് എന്നിവർ സംസാരിച്ചു. അംഗങ്ങൾ ഒരുമിച്ച് ഗാനങ്ങൾ ആലപിച്ചു. 230 പ്രതിനിധികൾ പങ്കെടുത്തു.



തെങ്ങുംതോട്ടത്തിൽ ഫിലിപ്പോസ് തരകൻ കോർഎപ്പിസ്കോപ്പാ അന്തരിച്ചു

അയിരൂർ: മലങ്കര ഓർത്തഡോക്സ് സഭയിലെ മുതിർന്ന വൈദികൻ തെങ്ങുംതോട്ടത്തിൽ ടി. എ. ഫിലിപ്പോസ് തരകൻ കോറെപ്പിസ്കോപ്പ (85) അന്തരിച്ചു. മുൻ വൈദിക ട്രസ്റ്റി റ്റി. എസ്. എബ്രഹാം കോർ എപ്പിസ്കോപ്പയുടെ മകനാണ്. ചെങ്ങന്നൂർ, തുമ്പമൺ, നിലയ്ക്കൽ എന്നീ വിവി ധ ഇടവകകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കബറടക്ക ശുശ്രൂഷ പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ മുഖ്യ കാർമികത്വത്തിൽ നടന്നു.

ആരാധന, മലങ്കരസഭാചരിത്ര ക്വിസ്

ഡെറിൻ രാജു

ക്വിസ് നമ്പർ 2: ചോദ്യങ്ങൾ

1. വേദപുസ്തകത്തിൽ പരാമർശിക്കുന്ന ആദ്യ അഭൗമിക (ഭൂമിയിലുള്ള തല്ലാത്ത) ജീവി?

2. കുരുത്തോല (ഉണങ്ങിയതോ പച്ചയോ) ഉപയോഗിക്കുന്ന 3 ശുശ്രൂഷകൾ?

3. 'പിന്നെയും വാത്സല്യമുള്ളവരെ, നമ്മുടെ വിശുദ്ധസഭയുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ചു നാം ആഗ്രഹിച്ചിരുന്ന ആഗ്രഹങ്ങളിൽ പലതും സാധിക്കാതെ കിടപ്പുണ്ട്. അതിൽ സർവ്വപ്രധാനമായി നാം കരുതിയിരുന്നത് നമ്മുടെ തൊഴുത്തിൽ നിന്ന് വിട്ടു പോയ ആടുകളെ തൊഴുത്തിലേക്കു വീണ്ടും ചേർക്കണമെന്നുള്ളതായിരുന്നു. ഇതിനായി നാം പല സന്ദർഭങ്ങളിലും ശ്രമം ചെയ്തു എങ്കിലും അതിലേക്കു ദൈവം നിശ്ചയിച്ചിട്ടുള്ള സമയവും നാഴികയും വരാത്തിനാലോ നമ്മുടെ ബലഹീനതയുടെ പാപം നിമിത്തം ഈ ദിവ്യ വേലയെ പൂർത്തീകരിക്കാൻ നാം അയോഗ്യനെന്ന് തോന്നിയിട്ടോ ഈ ആഗ്രഹം സാധിച്ചു കാണ്മാൻ... " ഒരു അന്ത്യകൽപനയിലെ വാക്കുകളാണിവ. ആരുടെയാണ്.

4. വിവാഹ കൂദാശയുടെ മോതിരം വാഴ്വിന്റെ ക്രമത്തിലെ പ്രാർഥനയിൽ പരാമർശിക്കുന്ന പഴയനിയമത്തിലെ വിവാഹം നിശ്ചയം.

5. എന്റെ സഹോദരൻ മലങ്കര സഭയിലെ ഒരു മെത്രാപ്പോലീത്താ ആയിരുന്നു. പരുമല തിരുമേനിയുടെയും മാർ ദീവന്നാസിയോസ് അഞ്ചാമന്റെയും ജീവചരിത്രങ്ങൾ ഉൾപ്പെടെ ഞാൻ എഴുതിയിട്ടുണ്ട്. പാത്രിയർക്കീസ് പഴയ സെമിനാരിയിൽ വിളിച്ചു കൂട്ടിയ അസോസിയേഷനിൽ എഴുന്നേറ്റ് നിന്ന് 'പാത്രിയർക്കീസിനു ലൗകികാധികാരം കൊടുക്കാൻ പാടില്ല എന്നു ആദ്യമായി പ്രസ്താവിച്ചത് ഞാനാണ്. എന്നെ മനസിലായോ?

ക്വിസ് നമ്പർ 2: ഉത്തരങ്ങൾ

1. കെരൂബ് (ക്രൂബേൻമാർ) ഏദനിൽ ജീവവൃക്ഷം കാക്കുവാൻ ഇവർ നിയോഗിക്കപ്പെട്ടു (ഉൽപത്തി 3:24).

ഇവിടെ വന്ന മറ്റ് ഉത്തരങ്ങൾ ആത്മാവ്, ലിവ്യാഥൻ എന്നിവയായിരുന്നു. ദൈവത്തിന്റെ ആത്മാവ് ഒരു ജീവിയല്ല. ലിവ്യാഥാൻ അഭൗമിക ജീവി തന്നെയാണ്; എന്നാൽ ഇയ്യോബിന്റെ പുസ്തകത്തിലും സങ്കീർത്തനങ്ങളിലുമാണ് നമ്മൾ അതിനെ കാണുന്നത്. അതിനാൽ ആദ്യം കാണുന്ന അഭൗമിക ജീവി കെരുബ് തന്നെയാണ്. ബെന്നിന്റെ സംശയം കെരൂബ് ജീവിയാണോ എന്നാണ്! അതെ നാലു മുഖങ്ങളുള്ള ജീവിയാണ് കെരൂബുകൾ (ക്രൂബേൻമാർ). ക്രൂബേൻമാരെ പൂട്ടിയ രഥത്തിൽ കർത്താവ് ഇരിക്കുന്ന എന്ന സങ്കല്പമുണ്ട്. അവർ പാടുന്ന പാട്ട് ബ്രീക്കൂയിക്കോറെ എന്ന് പറയുന്നു. (കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്ത് ...) നിന്റെ രഥത്തിൽ പൂട്ടപ്പെട്ട 4 മുഖമുള്ള ജീവിയെ പ്രതി കരുണ ചെയ്യണമേ എന്ന് കുർബാനയിലെ ഒരു പ്രുമിയോനിൽ ഉണ്ട്.

2. തീജ്വാലശുശ്രൂഷ, ഓശാന പെരുന്നാൾ, വലിയ വെള്ളിയാഴ്ച കബറടക്കം. (എല്ലാവരും തന്നെ ശരിയാക്കി)

3. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് അഞ്ചാമൻ.ജാതി ഐക്യ പ്രസ്ഥാനങ്ങളോടുള്ള അദ്ദേഹത്തിന്റെ താൽപര്യം അന്ത്യ കൽപനയിലും നിഴലിക്കുന്നുണ്ട്.

4. ഇസഹാക്കിന്റെയും റിബേക്കയുടെയും (കൂദാശ ക്രമങ്ങൾ പേജ് 76). മറ്റ് ഉത്തരം വന്നത് താമാറിന്റെ കാര്യമാണ്. താമാർ തന്റെ അമ്മായപ്പനായ യെഹൂദയെക്കൊണ്ട് തന്റെ ആവശ്യം നിവർത്തിക്കുന്നതാണ് പലയിടത്തും പ്രതിപാദിക്കുന്നത്. അതിൽ വിവാഹനിശ്ചയമില്ല.

5. എം.പി വർക്കി. ഇദ്ദേഹം മുക്കാഞ്ഞേരിൽ പത്രോസ് മാർ ഒസ്താത്തിയോസിന്റെ സഹോദരനായിരുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സഭാചരിത്ര ഗവേഷണരംഗത്തെ അപൂർവ്വ പ്രതിഭ

ജോയ്സ് തോട്ടയ്ക്കാട്

ഫാ. ഡോ. ജോസഫ് ചീരൻ എന്ന പേര് ആദ്യമായി കണ്ണിലുടക്കുന്നത് 1980-കളുടെ അവസാന കാലത്തെ ചർച്ച് വീക്കിലികളിലായിരുന്നു. 1989 സെപ്റ്റംബറിൽ മലങ്കരസഭാ മാസികയിലാണ് എന്റെ ആദ്യ സഭാചരിത്ര ഗവേഷണ ലേഖനം പ്രസിദ്ധീകരിച്ചത്. സഭാചരിത്ര പണ്ഡിതനായ ഫാ. ഡോ. വി. സി. ശമുവേലിന്റെ പ്രതികരണം തുടർ ലക്കത്തിൽ പ്രസിദ്ധീകരിക്കും എന്ന മുഖവുരയോടെ ഒരു ചർച്ചയ്ക്കായി എന്റെ ലേഖനം അവതരിപ്പിക്കുകയായിരുന്നു. ശമുവേലച്ചന്റെ ലേഖനത്തിനുശേഷം വന്ന പ്രതികരണം ഫാ. ജോസഫ് ചീരന്റേതായിരുന്നു.

1989 ഡിസംബറിലാണ് നസ്രാണി എന്നൊരു ദ്വൈമാസികയും ബഥേൽ പബ്ലിക്കേഷൻസ് എന്നൊരു പ്രസാധക സംരംഭവും ഞാൻ ആരംഭിക്കുന്നത്. ആ സമയത്താണ് ചീരനച്ചൻ ചില ചരിത്രരേഖകൾ കണ്ടെത്തിയ കാര്യം മാതൃഭൂമി പത്രം റിപ്പോർട്ട് ചെയ്തത്. അതിനെക്കുറിച്ചുള്ള ഒരു ലേഖനം ചോദിച്ചു വാങ്ങി നസ്രാണിയിൽ പ്രസിദ്ധീകരിച്ചു. അങ്ങനെയാണ് അച്ചനുമായുള്ള എഴുത്തുകുത്തുകൾ ആരംഭിക്കുന്നതും സൗഹൃദത്തിലാവുന്നതും. 1991-ൽ ചീരനച്ചൻ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയ *മാർ ഇഗ്നാത്തിയോസിന്റെ സപ്ത ലേഖനങ്ങൾ* എന്ന ഗ്രന്ഥം ബഥേൽ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ചു. അച്ചന്റെ സഭാരംഗത്തെ പ്രഥമ കൃതിയായിരുന്നു അത്. പിന്നീട് അച്ചന്റെ ഡോക്ടറൽ ഗവേഷണ പ്രബന്ധം *ബൈബിളും മലയാള സാഹിത്യവും* എന്ന പേരിൽ ഉടൻ പ്രസിദ്ധീകരിക്കും എന്ന് നസ്രാണിയിലൂടെ പരസ്യം ചെയ്തെങ്കിലും മറ്റൊരു സെക്കുലർ പ്രസാധകരിലൂടെയാണ് ആ ഗ്രന്ഥം പുറത്തു വന്നത്.

സെമിനാരിസ്ഥാപകന്റെ 175-ാം ജൂബിലിയോടനുബന്ധിച്ച് 1991-ൽ സെമിനാരിയിൽ നടന്ന ഒരു സെമിനാറിൽ അച്ചൻ പ്രബന്ധം അവതരിപ്പിച്ചിരുന്നു. അത് അച്ചന് വലിയ പ്രശംസ നേടിക്കൊടുത്തു. അതിന്റെ ആവേശത്തിൽ സെമിനാരിസ്ഥാപകനായ പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനിയുടെ ഒരു ജീവചരിത്രം എഴുതുവാൻ ആഗ്രഹിക്കുന്നു എന്ന് അച്ചൻ എന്നെ അറിയിച്ചു. അതിന്റെ പ്രസിദ്ധീകരണം ഞാൻ ഏറ്റെടുക്കാം എന്ന് അറിയിച്ചതനുസരിച്ച് അച്ചൻ ആ ജീവചരിത്രം പൂർത്തിയാക്കി എനിക്ക് അയച്ചുതന്നു. അച്ചന്റെ കൈയക്ഷരം പ്രസ്സിലെ കമ്പോസിറ്റർമാർക്കു വായിക്കുവാൻ പ്രയാസമായതിനാൽ അതു മൂലം തെറ്റുണ്ടാവാനുള്ള സാധ്യത കണക്കിലെടുത്ത് ആ കൈയെഴുത്തു പ്രതിയുടെ ഒരു പ്രസ്സ് കോപ്പി ഞാൻ പകർത്തിയെഴുതി തയ്യാറാക്കി. അപ്പോഴേക്ക് നസ്രാണിയുടെ ഏതാനും ലക്കങ്ങളും ചില ചെറിയ പുസ്തകങ്ങളും പ്രസിദ്ധീകരിച്ച് ഞാൻ കടം കയറിയ അവസ്ഥയിലായിരുന്നു. 200 പേജോളം വരുന്ന പുസ്തകം പ്രസിദ്ധീകരിക്കുക ഇപ്പോൾ ബുദ്ധിമുട്ടാണെന്നു ഞാൻ അറിയിച്ചതോടെ അച്ചൻ വിഷമത്തിലായി. കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്തായായ പൗലോസ് മാർ മിലിത്തിയോസ് ആണ് (പ. പൗലോസ് രണ്ടാമൻ ബാവാ) 1992-ൽ ആ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്.

1992 ഫെബ്രുവരി ലക്കം മലങ്കരസഭാ മാസികയിൽ വട്ടശ്ശേരിൽ തിരുമേനിയെക്കുറിച്ചു ചീരനച്ചൻ എഴുതിയ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. ഒരു സംവാദത്തിനുള്ള തുടക്കമെന്ന നിലയിലാണ് ആ ലേഖനം പത്രാധിപരായ ജേക്കബ് കുര്യൻ അച്ചൻ പ്രസിദ്ധപ്പെടുത്തിയത്. വട്ടശ്ശേരിൽ തിരുമേനിയെക്കുറിച്ചുള്ള വിമർശനപരമായ ആ ലേഖനത്തിലെ ചിന്തകൾ തിരുമേനിയെ സ്നേഹിക്കുന്നവരെ വിഷമിപ്പിച്ചു. തിരുമേനിയുടെ സെക്രട്ടറിയായിരുന്ന ഫാ. ജേക്കബ് മണലിൽ ഉൾപ്പെടെ പലരും മറുപടി എഴുതി മാസികയ്ക്കു അയച്ചെങ്കിലും ചീരനച്ചന്റെ പ്രധാന വാദങ്ങളെ ഖണ്ഡിക്കുന്നവ ആയിരുന്നില്ല അവയൊന്നും.

1991-ലാണ് മലങ്കരസഭാ മാസികയുടെ സബ് എഡിറ്ററായി ഫാ. ഡോ. ജേക്കബ് കുര്യന്റെ നിർദ്ദേശപ്രകാരം ഞാൻ പ്രവർത്തിച്ചു തുടങ്ങിയത്. 1992-ൽ സഭയുടെ പുരാരേഖകളും പുസ്തകങ്ങളും 16 എം.എം. ഫിലിമിലാക്കി (മൈക്രോഫിലിം) സൂക്ഷിക്കാനുള്ള ഒരു പദ്ധതി കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ നടന്നുകൊണ്ടിരുന്നു. മൈക്രോഫിലിം ചെയ്യേണ്ട

രേഖകളും പുസ്തകങ്ങളും പറഞ്ഞു കൊടുക്കാനുള്ള ദൗത്യം, ഒരു സഭാചരിത്ര ഗവേഷകനായി അറിയപ്പെട്ടു തുടങ്ങിയിരുന്ന എന്നെ സെമിനാരി അധികൃതർ ഏല്പിച്ചു. സെമിനാരി, ദേവലോകം കാതോലിക്കേറ്റ് അരമന, കർമ്മേൽ ദയറാ, മീമ്പാറ അരമന, പാമ്പാക്കുട കോനാട്ട് ലൈബ്രറി തുടങ്ങിയ സ്ഥലങ്ങളിൽ ഇക്കാര്യത്തിനായി പോകേണ്ടതായി വന്നു. കോനാട്ട് ലൈബ്രറിയിൽ ഒരാഴ്ച താമസിച്ചാണ് പുസ്തകങ്ങളെല്ലാം മൈക്രോഫിലിമിലാക്കിയത്. അവിടെ കണ്ട മലയാള ഭാഷയിൽ ആദ്യകാലത്ത് പ്രസിദ്ധീകരിച്ച ആരാധനക്രമങ്ങളുടെ പശ്ചാത്തലത്തിൽ മലങ്കരസഭാ മാസികയിൽ ചീരനച്ചൻ എഴുതിയ വട്ടശ്ശേരിൽ തിരുമേനിയെക്കുറിച്ചുള്ള ലേഖനത്തിലെ ചില ആശയങ്ങളെ ഖണ്ഡിക്കുവാൻ ഞാൻ ഒരു ലേഖനം എഴുതി. അത് പ്രസിദ്ധപ്പെടുത്തിയതോടെ ചീരനച്ചന്റെ ലേഖനം വായിച്ച് വിഷമിച്ച പലർക്കും ഒരു ആശ്വാസമായി. ധാരാളംപേർ എന്നെ അഭിനന്ദിച്ചു. സെമിനാരിയിൽ വച്ചു കണ്ടപ്പോൾ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ (പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ) നേരിട്ട് അഭിനന്ദനം പറഞ്ഞത് ഓർക്കുന്നു. ചീരനച്ചൻ തന്റെ ലേഖനങ്ങൾക്കു വന്ന പ്രതികരണങ്ങൾക്ക് ഒരു മറുപടി എഴുതി അയച്ചുകൊടുത്തത് ചീഫ് എഡിറ്റർ പ്രസിദ്ധീകരണത്തിനായി നൽകിയെങ്കിലും, മാനേജർ റ്റി. ജി. സഖറിയാ അച്ചനും സബ് എഡിറ്ററായ ഞാനും ചേർന്ന് അത് പ്രസിദ്ധപ്പെടുത്തേണ്ടതില്ല എന്ന തീരുമാനം എടുത്താണ് സഭയിൽ കോളിളക്കമുണ്ടാക്കിയ ആ വിവാദം അവസാനിപ്പിച്ചത്.

1999 ചിങ്ങം ഒന്നിനാണ് കോട്ടയത്ത് ഒരു ഡി.റ്റി.പി. സെന്റർ ഞാൻ ആരംഭിച്ചത്. ഏതാനും മാസങ്ങൾക്കകം സഭാചരിത്രകാരനും പത്രപ്രവർത്തകനും പ്രസാധകനുമായ കെ. വി. മാമ്മൻ സാറിന്റെ പുസ്തകങ്ങൾ അവിടെ ഡി.റ്റി.പി. ചെയ്യാൻ ആരംഭിച്ചു. അദ്ദേഹം ചീരനച്ചനെയും അഡ്വ. പി. സി. മാത്യു പുലിക്കോട്ടിലിനെയും കൊണ്ട് പ്രതിഫലം നൽകി ലേഖനങ്ങൾ എഴുതിച്ച് അവ ഉൾപ്പെടുത്തി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു തുടങ്ങിയതിനാൽ ചീരനച്ചന്റെ ലേഖനങ്ങൾ ടൈപ്പ് ചെയ്യുവാനായി എന്റെ ഓഫീസിൽ ലഭിച്ചു തുടങ്ങി. എന്റെ സ്ഥാപനത്തിലെ ജീവനക്കാരിൽ ചിലർ അച്ചന്റെ കൈയക്ഷരം വായിക്കുന്നതിൽ താമസിയാതെ മിടുക്കരായി. പിന്നീട് ചീരനച്ചന്റെ സഭാചരിത്ര ഗ്രന്ഥങ്ങൾ കെ. വി. മാമ്മൻ പ്രസിദ്ധപ്പെടുത്തി തുടങ്ങിയപ്പോൾ അവയെല്ലാം എന്റെ സ്ഥാപനത്തിലായിരുന്നു ടൈപ്പ് ചെയ്തത്. കമ്പ്യൂട്ടർ സ്ക്രീനിൽ നോക്കി പ്രൂഫ് വായിക്കുന്നതിനിടയിൽ ഞാൻ ചെയ്യുന്ന ചെറിയ എഡിറ്റിംഗുകൾ അച്ചൻ മനസ്സിലാക്കിയതോടെ പുസ്തകം ടൈപ്പ് ചെയ്യാൻ തരുമ്പോൾ തന്നെ "എഡിറ്റ് ചെയ്യരുതെന്ന്" അച്ചൻ പറയാൻ തുടങ്ങി. അച്ചന്റെ രചനകൾ പിന്നീട് ഫാ. ജോർജ് പുലിക്കോട്ടിൽ (പിന്നീട് ഡോ. ഗീവർഗീസ് മാർ യൂലിയോസ്)

എം.ജെ.ഡി. പബ്ലീഷിംഗ് ഹൗസ് എന്ന ബാനറിൽ പ്രസിദ്ധീകരിച്ചപ്പോഴും ഭൂരിപക്ഷം ഗ്രന്ഥങ്ങളുടെയും ഡി.റ്റി.പി. യും പ്രിന്റിംഗും ഞാൻ തന്നെയാണ് നിർവ്വഹിച്ചത്.

ഇതൊക്കെ സത്യമാണോ?

പുസ്തകങ്ങളുടെ പ്രൂഫ് വായന നടത്തുമ്പോൾ ചീരനച്ചൻ എഴുതിയിരിക്കുന്ന ചില കാര്യങ്ങളൊക്കെ സത്യമാണോ എന്ന ചിന്ത എനിക്കുണ്ടാകും. പുസ്തകം വായിക്കുന്നവർക്കും ഉണ്ടാകും. പാലൂർ ഭദ്രാസനമെന്നും പാലൂർ പള്ളിയെന്നുമൊക്കെ അച്ചൻ എഴുതിയിരുന്നതിന്റെ സോഴ്സ് അബ്ദുള്ളാ പാത്രിയർക്കീസിന്റെ ഒരു കല്പനയായിരുന്നു. അതു കൂടാതെയും ആ പരാമർശനങ്ങൾ ചരിത്രത്തിലുണ്ട് എന്ന് എന്റെ അന്വേഷണത്തിൽ കണ്ടെത്തിയപ്പോഴാണ് ഭാവനയിൽ നിന്ന് എഴുതി വിട്ടതല്ല അതെന്ന് എനിക്കു മനസ്സിലായത്.

കോളജ് സ്ഥാപിക്കുന്നതിനുള്ള മലങ്കരസഭയുടെ ആദ്യ ശ്രമം വട്ടശ്ശേരിൽ ഗീവർഗീസ് മല്പാന്റെ താല്പര്യമില്ലായ്മ മൂലം നടന്നില്ല എന്ന് ചീരനച്ചൻ എഴുതിയത് വായിച്ചപ്പോൾ ഞെട്ടലാണുണ്ടായത്. അവലംബമായി കൊടുത്തിരുന്നത് മനോരമ പത്രാധിപരായിരുന്ന കെ. സി. മാമ്മൻ മാപ്പിളയുടെ ആത്മകഥയായിരുന്നു. ഔട്ട് ഓഫ് പ്രിന്റ് ആയ ആ പുസ്തകത്തിന്റെ ഒരു കോപ്പി മനോരമയിൽ നിന്നും സംഘടിപ്പിച്ച് വായിച്ചപ്പോൾ അച്ചൻ പറഞ്ഞത് സത്യമാണെന്നു ബോധ്യപ്പെട്ടു.

ചരിത്ര ഗവേഷണരംഗത്തെ അപൂർവ്വ പ്രതിഭ

ആദ്യ മലങ്കരസഭാ ചരിത്രമെന്ന് വിശേഷിപ്പിക്കാവുന്നത് *നിരണം ഗ്രന്ഥവരി*യെയാണ്. മലയാള ഭാഷയിലെ ആദ്യ ചരിത്രഗ്രന്ഥവും അതാണ്. താളിയോലയിൽ എഴുതപ്പെട്ട ആ ചരിത്രം ആറാം മാർത്തോമ്മായുടെ കാലം മുതൽ നാളാഗമമായി എഴുതപ്പെട്ടു തുടങ്ങിയതായിരുന്നു. പേപ്പറിൽ എഴുതിത്തുടങ്ങിയ കാലം മുതൽ അതിന്റെ പല കൈയെഴുത്തു പകർപ്പുകളും പലരും എഴുതി കുടുംബങ്ങളിൽ സൂക്ഷിച്ചിരുന്നു. 1980-കളുടെ അവസാനം താളിയോലയിൽ നിന്നും വിദഗ്ദ്ധരാൽ പകർത്തി എഴുതപ്പെട്ട *നിരണം ഗ്രന്ഥവരി*, ഫോട്ടോസ്റ്റാറ്റ് രൂപത്തിൽ പ്രചരിച്ചുവെങ്കിലും അതിനെ ഒരു ചരിത്രഗ്രന്ഥമായി അംഗീകരിക്കുവാൻ പല ചരിത്രപണ്ഡിതന്മാരും മടിച്ചു. ഡോ. എം. കുര്യൻ തോമസ് എഡിറ്റ് ചെയ്ത് പഠനമെഴുതിയ *നിരണം ഗ്രന്ഥവരി* 2000-ൽ ഞാനാണ് പ്രസിദ്ധീകരിച്ചത്. ചീരനച്ചന്റെ ആദ്യ ഗ്രന്ഥം പ്രസിദ്ധീകരിച്ചതുപോലെ ഡോ. എം. കുര്യൻ തോമസിന്റെ ആദ്യ ഗ്രന്ഥവും പ്രസിദ്ധീകരിക്കാൻ എനിക്ക് സാധിച്ചു.

അച്ചടിച്ച ആദ്യ മലങ്കരസഭാ ചരിത്രം ഇട്ടൂപ്പ് റൈട്ടറുടെ "മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്ര"മാണ്. 1869-ൽ പ്രസിദ്ധീകരിച്ച ആ പുസ്തകം നവീകരണ നേതാവായ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിനെ വെള്ള പൂശുന്നതും നവീകരണ ചായ്വുള്ളതും ആയിരുന്നു. സഭാ ചരിത്ര സംബന്ധമായ ചില സുപ്രധാന രേഖകളൊക്കെ ആ പുസ്തകത്തിൽ കൊടുത്തിട്ടുണ്ടെങ്കിലും പലതും എഡിറ്റ് ചെയ്യപ്പെട്ടവയാണെന്ന് 1990-കളിൽ ജോസഫ് ചീരനച്ചൻ കണ്ടെത്തി.

പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ കാലത്തു തന്നെ തിരുവിതാംകൂർ റസിഡണ്ട് നടത്തിയ ഒരു മലങ്കരസഭാ ചരിത്ര രചനാ മത്സര



ത്തിൽ വിജയിച്ച ചില ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവയെല്ലാം തന്നെ നവീകരണ ചായ്വ് പ്രകടിപ്പിക്കുന്നവയായിരുന്നു.

1843-ലെ യൂയാക്കീം മാർ കൂറിലോസിന്റെ വരവോടെയാണ് മലങ്കര-അന്ത്യോഖ്യാ ബന്ധം ദൃഢമാകുന്നത്. നവീകരണ നേതാവായ മാർ അത്താനാസ്യോസിനെ പരാജയപ്പെടുത്തി സഭയെ സത്യവിശ്വാസത്തിൽ നിലനിർത്താനുള്ള പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ ശ്രമങ്ങളുടെ ഭാഗമായി പത്രോസ് പാത്രിയർക്കീസ് മലങ്കരയിലെത്തിയതോടെ (1875) ആ ബന്ധം കൂടുതൽ ദൃഢമായി. പിന്നീടുള്ള കാൽ നൂറ്റാണ്ടു കാലം അന്ത്യോഖ്യൻ സഭയുടെ ഒരു ഭാഗം പോലെയായി മലങ്കരസഭ. 1910-ൽ ലൗകിക ഭരണം കൂടി പിടിച്ചെടുക്കാനുള്ള അബ്ദുള്ളാ പാത്രിയർക്കീസിന്റെ ശ്രമത്തെ ചെറുത്ത മലങ്കര നസ്രാണികൾ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസിന്റെ പിമ്പിൽ ഉറച്ചുനിന്നു. പാത്രിയർക്കീസിനെ കണ്ണടച്ചു പിന്തുണച്ചവരുടെ കൂട്ടത്തിലായിരുന്നു പുലിക്കോട്ടിൽ രണ്ടാമന്റെ കാലത്ത് അസോസ്യേഷൻ സെക്രട്ടറിയായിരുന്ന ഇടവഴിക്കൽ മാത്തു ഫിലിപ്പ്. ഇ.എം. ഫിലിപ്പ് രചിച്ച മലങ്കരസഭാ ചരിത്രം സ്വാഭാവികമായി അന്ത്യോഖ്യൻ പക്ഷപാതിത്വമുള്ളതും അവരുടെ ചെയ്തികളെ വെള്ള പൂശുന്നതുമായി. അദ്ദേഹം 1908-ൽ ഇംഗ്ലീഷിൽ രചിച്ച ഗ്രന്ഥത്തിന്റെ മലയാളം പരിഭാഷ മകൻ 1952-ലാണ് പ്രസിദ്ധീകരിച്ചത്.

പത്രപ്രവർത്തകനും ധനാഢ്യനും പാറേട്ട് മാത്യൂസ് മാർ ഈവാനിയോസിന്റെ സഹോദരനുമായ ഇസ്സഡ്. എം. പാറേട്ട് 1960-കളുടെ പകുതിയിലാണ് മലങ്കരസഭാ ചരിത്ര രചന തുടങ്ങിയത്. ഏതാനും വാല്യങ്ങളിൽ അത് എഴുതി പൂർത്തിയാക്കാമെന്നു കരുതിയെങ്കിലും 1980 വരെയുള്ള കാലംകൊണ്ട് പത്തു ബൃഹദ് വാല്യങ്ങളാണ് അദ്ദേഹം എഴുതി സ്വന്തം പണം മുടക്കി പ്രസിദ്ധീകരിച്ചത്. 1958-ലുണ്ടായ സഭാ സമാധാനത്തെ തുടർന്നുള്ള സഭാസമാധാന കാലത്താണ് രചന തുടങ്ങിയതെങ്കിലും 1970-കൾ ആയപ്പോഴേക്കും സഭാവഴക്ക് വീണ്ടും രൗദ്രഭാവം പൂണ്ടു. അതിന്റെ സ്വാധീനം പാറേട്ടിന്റെ രചനകളെയും ബാധിച്ചു. ഓർത്തഡോക്സ് സഭയുടെ ഒരു തീവ്രവക്താവെന്ന നിലയിലേക്ക് അദ്ദേഹത്തിന്റെ രചനാശൈലി മാറി. സ്വസഹോദരൻ മെത്രാനായിരുന്നതുകൊണ്ട് സഭാചരിത്ര രേഖകളും പഴയ പുസ്തകങ്ങളും ലഭിക്കുവാനുള്ള സൗകര്യം പാറേട്ടിനുണ്ടായി. *നിരണം ഗ്രന്ഥവരി*യുടെ പകർപ്പ് പോലുള്ള ചില രേഖകൾ കൈയിൽ വന്നുവെങ്കിലും, അന്ത്യോഖ്യൻ പക്ഷപാതിത്വത്തിന്റെ പേരിൽ അദ്ദേഹം അതിനെ തീരെ അവഗണിച്ചു. വാർദ്ധക്യത്തിന്റെ അവശതകൾക്കിടയിൽ, സഭാവഴക്കിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ആ ഗ്രന്ഥങ്ങൾ, വാരി വലിച്ചുള്ള എഴുത്തു മൂലവും ആവർത്തനം കൊണ്ടും വായനാക്ഷമമല്ല എങ്കിലും പല സുപ്രധാന രേഖകളും (മുളന്തുരുത്തി സുന്നഹദോസ് കാനോനാകൾ, വട്ടശ്ശേരിൽ തിരുമേനി തയ്യാറാക്കിയ ഭരണഘടനാ ഡ്രാഫ്റ്റ് മുതലായവ ഉദാഹരണം) അദ്ദേഹം ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയത് അവ നഷ്ടപ്പെടാതിരിക്കാൻ കാരണമായി. രേഖകളുടെ പകർത്തി എഴുത്തിൽ പല എഡിറ്റിംഗുകളും അദ്ദേഹമോ പകർത്തി എഴുതിയ ആളോ നടത്തിയോ എന്ന സംശയം അത്തരം ചില രേഖകളുടെ ഒറിജിനൽ ഞാൻ കണ്ടെത്തിയതോടെ ഉണ്ടായിട്ടുള്ള കാര്യവും ചൂണ്ടിക്കാട്ടുന്നു.

1980-കളിലും 1990-കളിലും ചില വൈദികരും അത്മായക്കാരും മലങ്ക

സഭാചരിത്രം രചിച്ചിട്ടുണ്ടെങ്കിലും അവയ്ക്കൊന്നും മേൽപറഞ്ഞ ഗ്രന്ഥങ്ങൾക്ക് ലഭിച്ച സ്വീകാര്യത ലഭിച്ചില്ല. അവയിലൊന്നും പുതിയ രേഖകളോ കണ്ടെത്തലുകളോ കാര്യമായി ഉണ്ടായിരുന്നുമില്ല. മേൽപറഞ്ഞ ഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ ഉപയോഗിച്ചാണ് അവയൊക്കെ രചിക്കപ്പെട്ടത്.

ജോസഫ് ചീരനച്ചൻ 1980-കളുടെ അവസാന കാലത്താണ് സഭാചരിത്ര ലേഖനങ്ങൾ ചർച്ച് വീക്കിലിയിൽ എഴുതിത്തുടങ്ങിയത്. സഭാചരിത്രവുമായി ബന്ധപ്പെട്ട ആദ്യ ഗ്രന്ഥം പ്രസിദ്ധീകരിച്ചത് 1992-ലായിരുന്നു. സെമിനാരി സ്ഥാപകൻ സഭാജ്യോതിസ്സ് ജോസഫ് മാർ ദീവന്നാസ്യോസിന്റെ ജീവചരിത്രമായിരുന്നു അത്. ഊതിപ്പെരുപ്പിച്ച കഥകളും കേട്ടുകേൾവികളും മാത്രം അടിസ്ഥാനമാക്കി ഫാ. ജോസ് പുലിക്കോട്ടിൽ എഴുതിയ ഒരു ചെറു ഗ്രന്ഥം മാത്രമേ പുലിക്കോട്ടിൽ ഒന്നാമന്റെ ജീവചരിത്രമായി അതിനു മുമ്പ് ഉണ്ടായിരുന്നുള്ളു. ചീരനച്ചൻ അന്ധതമസ്സിൽ കിടന്ന ആ കാലഘട്ടത്തെ പഠിച്ച് പുതിയ ചരിത്രരേഖകൾ കണ്ടെടുത്ത് അതിന്റെ വെളിച്ചത്തിൽ പുലിക്കോട്ടിൽ ഒന്നാമന്റെ ജീവചരിത്രം രചിച്ചു.

1993-ലാണ് *ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്രം: ഒരു വിമർശനാത്മക പഠനം* എന്ന ഗ്രന്ഥം രചിച്ച് സഭാചരിത്രകാരന്മാരുടെ പട്ടികയിലേക്ക് ചീരനച്ചൻ പ്രവേശിക്കുന്നത്. തുടർന്ന് *മലങ്കരസഭയും കേരള സംസ്കാരവും* എന്ന ഗ്രന്ഥവും പ്രസിദ്ധീകരിച്ചു. കൊരട്ടി സീയോൻ സെമിനാരി, തൊഴിയൂർ ആർക്കൈവ്സ് തുടങ്ങിയ ഗ്രന്ഥപ്പുരകളിൽ ആരും പരിശോധിക്കാതെ കിടന്ന പുസ്തകങ്ങളും രേഖകളും പ്രയോജനപ്പെടുത്തിയാണ് ഈ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടത്. അച്ചൻ അവതരിപ്പിച്ച പുതിയ രേഖകൾ സംശയദൃഷ്ടിയോടെയാണ് സഭാചരിത്ര പണ്ഡിതന്മാരും ചരിത്രഗവേഷണ രംഗത്തുള്ളവരും കണ്ടത്. രേഖകളുടെ ഫോട്ടോ കൂടി ഗ്രന്ഥത്തിൽ ചേർത്തിരുന്നു. എന്നിട്ടും അവയ്ക്ക് പൊതുസ്വീകാര്യത ഉണ്ടായില്ല. കേരള ചരിത്രത്തിലും സംസ്കാരത്തിലുമുള്ള പലതും ക്രൈസ്തവ സംഭാവനയാണെന്ന അദ്ദേഹത്തിന്റെ വാദവും ഭൂരിപക്ഷം പേരും വില വച്ചില്ല. അച്ചന്റെ ഗവേഷണ താൽപര്യത്തെയും എഴുത്തിന്റെ ശൈലിയെയുംകുറിച്ച് പലരും നല്ല അഭിപ്രായം പറഞ്ഞിരിക്കാം. പക്ഷേ, ഉള്ളടക്കത്തോട് ഏറെപ്പേർ വിയോജിച്ചു എന്നാണ് തോന്നുന്നത്.

ഈ രണ്ടു ഗ്രന്ഥങ്ങളോടെ തന്നെ സഭാചരിത്ര ഗവേഷണ രംഗത്ത് ഒരു പുതിയ പന്ഥാവ് വെട്ടിത്തുറന്ന് തന്റേതായ ഒരു രചനാശൈലി ചീരനച്ചൻ അവതരിപ്പിച്ചു. ചർച്ച് വീക്കിലിയുടെ എഡിറ്റോറിയൽ ബോർഡ് അംഗമായിരുന്ന, മനോരമയിൽ നിന്നു റിട്ടയർ ചെയ്തശേഷം എഴുത്ത്, പ്രസാധന രംഗങ്ങളിൽ ചുവടുറപ്പിച്ചിരുന്ന കെ. വി. മാമ്മൻ ചീരനച്ചന്റെ പ്രതിഭയെ തിരിച്ചറിഞ്ഞ് അദ്ദേഹത്തിന്റെ കൂടെ പങ്കാളിത്തത്തോടെ 2002 മുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ തുടങ്ങി. പിന്നീട് ചീരനച്ചൻ രചിച്ച ഗ്രന്ഥങ്ങൾ കെ. വി. മാമ്മൻ പ്രസിദ്ധീകരിച്ചു തുടങ്ങി. മലങ്കരസഭാ ചരിത്രം, സഭാചരിത്ര വിജ്ഞാനകോശം, കാനോൻ പഠനം തുടങ്ങി നിരവധി ഗ്രന്ഥങ്ങൾ ആ കൂട്ടുകെട്ടിൽ നിന്നു പുറത്തുവന്നു. നല്ല പ്രതിഫലം നൽകിയാണ് കെ. വി. മാമ്മൻ അച്ചനെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നത്. റോയൽറ്റിയായി പുസ്തകങ്ങളും നൽകി.

2009-ൽ *കണ്ടനാട് ഗ്രന്ഥവരി* എന്ന ബൃഹദ് ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം കുന്നംകുളംകാരനായ ഫാ. ജോർജ് പുലിക്കോട്ടിൽ ഏറ്റെടുത്തു. ചീരനച്ചനും പുലിക്കോട്ടിൽ അച്ചനും ചേർന്ന് പുലിക്കോട്ടിൽ തിരുമേനിമാരുടെ നാമത്തിൽ എം.ജെ.ഡി. പബ്ലീഷിംഗ് ഹൗസ് എന്ന ബാനറിലാണ് ആ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. 2009-ൽ പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ ചരമ ശതാബ്ദി ആഘോഷിച്ചപ്പോൾ *മലങ്കരസഭയുടെ സുവർണ്ണ യുഗശില്പി* എന്ന ഒരു പരമ്പര ആരംഭിച്ചു. പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ ജീവിതവും രചനകളും മൂന്ന് വാല്യങ്ങളായി ചീരനച്ചൻ തയ്യാറാക്കിയത്, അപ്പോഴേക്ക് മെത്രാപ്പോലീത്തായായി മാറിയ സഹപ്രസാധകനായ ഡോ. ഗീവർഗീസ് മാർ യൂലിയോസ് പ്രസിദ്ധീകരിച്ചു. തനിക്കു കൈമുത്തു കിട്ടിയ പണത്തിലേറെയും ആ കാലത്ത് ചീരനച്ചന്റെ രചനകൾ പ്രസിദ്ധീകരിക്കാനാണ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് വിനിയോഗിച്ചത്.

*കണ്ടനാട് ഗ്രന്ഥവരി*യുടെ പ്രസിദ്ധീകരണം, സഭാചരിത്രത്തിൽ അന്നുവരെ നിലനിന്നിരുന്ന പല ധാരണകളെയും പൊളിച്ചെഴുതുവാൻ കാരണമായി. കൊച്ചി ഭദ്രാസനത്തിന്റെ ആദ്യ മെത്രാപ്പോലീത്തായായ ശെമവൂൻ മാർ ദീവന്നാസ്യോസ് രചിച്ച ആ ഗ്രന്ഥം വായിച്ച് "ഇതൊക്കെ ഉള്ളതാണോ" എന്ന് സെമിനാരി ചരിത്രവിഭാഗം അദ്ധ്യക്ഷൻ എന്നോട് ചോദിച്ചത് ഓർക്കുന്നു. അക്കാലത്ത് ചീരനച്ചന്റെ ചരിത്രഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെടുത്താൻ ഞാൻ കൊണ്ടുപോയി കൊടുത്ത് വായിപ്പിച്ച് തിരികെ വാങ്ങിച്ചിരുന്നു. ഇംഗ്ലീഷിൽ താൻ എഴുതി എം.ഒ.സി. പ്രസിദ്ധീകരിച്ച സഭാചരിത്ര ഗ്രന്ഥത്തിൽ *കണ്ടനാട് ഗ്രന്ഥവരി* വളരെ പ്രയോജനപ്പെട്ടു എന്ന് പണ്ഡിതനായ ഫാ. ഡോ. ബേബി വർഗീസ് കുറച്ചു കാലം മുമ്പു പറഞ്ഞു കേട്ടപ്പോൾ സന്തോഷം തോന്നി. ചീരനച്ചൻ രചിച്ച സഭാചരിത്ര ഗ്രന്ഥങ്ങളിൽ, അദ്ദേഹം കണ്ടെത്തിയ രേഖകളുടെ പശ്ചാത്തലത്തിൽ നടത്തിയ നിഗമനങ്ങളും അഭ്യൂഹങ്ങളും നമുക്ക് വേണമെങ്കിൽ നിരാകരിക്കാം. പക്ഷേ അപ്പോഴും ആ ചരിത്രരേഖകളുടെ മൂല്യം അവഗണിക്കുവാനാവില്ല. ഇട്ടൂപ്പ് മുതൽ പാറേട്ട് വരെയുള്ള ചരിത്രഗ്രന്ഥങ്ങളിൽ കുടുങ്ങിക്കിടക്കാതെ ചീരനച്ചന്റെ ഗ്രന്ഥങ്ങളിലെ ചരിത്രരേഖകളുടെ കൂടെ പശ്ചാത്തലത്തിൽ വേണം പുതിയ ചരിത്രരചനകൾ നടക്കാൻ.

ചീരനച്ചൻ സഭാചരിത്ര ഗവേഷണ രംഗത്തു വന്ന 1990-കളുടെ ആദ്യം തന്നെയാണ് ഡോ. എം. കുര്യൻ തോമസ്, വർഗീസ് ജോൺ തോട്ടപ്പുഴ, ജോയ്സ് തോട്ടയ്ക്കാട് എന്നിവരുടെ സൗഹൃദം ഉണ്ടാകുന്നതും സഭാചരിത്ര ഗവേഷണ രംഗത്ത് അവരുടെ കൂട്ടായ ഗവേഷണം ആരംഭിക്കുന്നതും. മൂന്നര പതിറ്റാണ്ടായ ആ കൂട്ടായ്മയുടെ ഫലമായി ഒട്ടേറെ പുരാതന രേഖകളും പഴയ ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടു. *നിരണം ഗ്രന്ഥവരി* മുതൽ ഭരണഘടനയുടെയും മലങ്കര അസോസ്യേഷന്റെയും സഭാകേസുകളുടെയും ചരിത്രങ്ങളും പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു. ഞങ്ങളിൽ ഡോ. എം. കുര്യൻ തോമസ് അന്നുമിന്നും ചീരനച്ചന്റെ വിമർശകനാണ്. അച്ചന്റെ ചില കണ്ടെത്തലുകളും നിഗമനങ്ങളും തെറ്റാണെന്ന് സ്ഥാപിക്കുവാൻ അദ്ദേഹം പല വാദമുഖങ്ങളും എഴുതിയിട്ടുണ്ട്. പക്ഷേ കാലാന്തരത്തിൽ അച്ചന്റെ ചില വാദങ്ങൾ അതേപടി അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ കണ്ടിട്ടുമുണ്ട്. ചരിത്രമെഴുതുന്നത് രേഖകളുടെയും വസ്തുതകളുടെയും പിൻബലത്തിലാകണം; മറ്റൊരു ചരിത്രകാരന്റെ നിഗമനങ്ങളെ ഖണ്ഡിക്കുവാൻ മാത്രമാകരുത് എന്നാണ് പുതിയ ഗവേഷകരോട് പറയാനുള്ളത്.

അച്ചന്റെ കാഴ്ചശക്തി കുറഞ്ഞുകൊണ്ടിരുന്ന സമയത്താണ് പഴഞ്ഞി പള്ളിയുടെ ചരിത്രം ഡി.റ്റി.പി. ചെയ്യാൻ തന്നത്. പ്രൂഫ് നോക്കി കൊടുത്തിട്ട് കുറെ വർഷങ്ങളായെങ്കിലും ആ ഗ്രന്ഥം ഇതുവരെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. *സഭാചരിത്ര വിജ്ഞാനകോശ*ത്തിന്റെ പുതിയ പതിപ്പ് പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിച്ച് പ്രൂഫ് നോക്കി തന്നെങ്കിലും അതും പ്രസിദ്ധീകരിക്കുവാൻ സാധിച്ചില്ല. അച്ചന്റെ ഔട്ട് ഓഫ് പ്രിന്റ് ആയ ഗ്രന്ഥങ്ങളുടെ പുതിയ പതിപ്പുകൾ പ്രസിദ്ധീകരിക്കുവാൻ സാധിച്ചാൽ പുതിയ ചരിത്രഗവേഷകർക്കും പുതിയ തലമുറയ്ക്കും അത് വെളിച്ചം പകരും.

മലങ്കരസഭാ ചരിത്രഗവേഷണ രംഗത്തെ ഈ അപൂർവ്വ പ്രതിഭയ്ക്ക് കണ്ണീരിൽ കുതിർന്ന യാത്രാമൊഴി. അച്ചന്റെ പാരമ്പര്യം പേറുന്ന ഒരു പിൻഗാമിക്കായി പ്രതീക്ഷിക്കുന്നു. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

വാങ്ങിപ്പിനുശേഷം ഒന്നാം ഞായർ

(മർക്കോസ് 10:35-45)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്

(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

വി. മർക്കോസിന്റെ സുവിശേഷത്തിൽ, യേശു തന്റെ പീഡാനുഭവങ്ങളെക്കുറിച്ചും മരണത്തെക്കുറിച്ചും മൂന്നാമത്തെ പ്രവചനം നടത്തുന്നതിന് തൊട്ടുപിന്നാലെയാണ് ഇന്നത്തെ വേദഭാഗം പ്രതിപാദിക്കപ്പെടുന്നത്. മനുഷ്യാവതാരത്തിന്റെ അർത്ഥത്തെയും ശിഷ്യത്വത്തിന്റെ വഴികളെയും ആഴത്തിൽ പരിചയപ്പെടുത്തുവാൻ കർത്താവ് ഈ സന്ദർഭം പ്രയോജനപ്പെടുത്തുകയാണ്. ഒന്നാമതായിരിക്കണം എന്ന് ആഗ്രഹമുള്ള ഒരു സമൂഹത്തോട് ഒന്നാമതാകുക എന്നാൽ എന്താണ് എന്ന് കർത്താവ് വ്യാഖ്യാനിക്കുകയാണ്.



സ്വാർഥപൂർണ്ണമായ അഭ്യർഥന

മഹത്വത്തിൽ ഇടത്തും വലത്തും ഇരുത്തണം എന്നുള്ള സെബദി മക്കളുടെ അഭ്യർഥന തങ്ങളുടെ പ്രയത്നങ്ങൾക്ക് പ്രതിഫലം ലഭിക്കണം എന്നുള്ള ഏത് മനുഷ്യൻറെയും ആഗ്രഹമാണ് വെളിപ്പെടുത്തുന്നത്. തൻറെ ക്രൂശുമരണത്തെ കുറിച്ചുള്ള സൂചനകൾ കർത്താവ് നൽകുമ്പോഴും സിംഹാസന മഹത്വങ്ങളെ കുറിച്ചുള്ള വല്ലാത്ത ആഗ്രഹമാണ് ശിഷ്യരുടെ മനസ്സിൽ തിങ്ങി നിൽക്കുന്നത്. അധികാരം, അധികാര കേന്ദ്രങ്ങളോടുള്ള സാമീപ്യം, അധികാര ഇടനാഴികളിലെ പ്രാമുഖ്യം (Power, Proximity and Preeminence) ഇങ്ങനെ മൂന്ന് തലങ്ങളാകാം ആധുനിക കാലത്തേത് പോലെ അന്നും ഇങ്ങനെ ഒരു ചോദ്യം ചോദിക്കുവാൻ അവരെ പ്രേരിപ്പിച്ചത്.

ലോകപ്രകാരമുള്ള സുരക്ഷിത ഇടമായി ക്രിസ്തു അനുഭവങ്ങളെ കാണുന്ന ഏതൊരുവന്റെയും ജീവിത വീക്ഷണമാണ് ഈ വേദ ഭാഗത്ത് ചോദ്യം ചെയ്യപ്പെടുന്നത്. ഒരു ശിഷ്യന് ക്രിസ്തു വാഗ്ദാനം ചെയ്യുന്നത് എന്താണ് എന്നതാണ് ചിന്തനീയമായ വിഷയം. ക്രിസ്തു വാഗ്ദാനം ചെയ്യുന്ന രക്ഷയുടെയും സ്വാതന്ത്ര്യത്തിന്റെയും അനുഭവങ്ങൾക്കപ്പുറം അവനിൽ നിന്ന് ലഭിക്കേണ്ട ദാനങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന ഏതൊരുവനും സെബെദി മക്കളുടെ ഗണത്തിൽ ചേർക്കപ്പെടാവുന്നവരാണ്. ഉത്തമ ശിഷ്യൻ ക്രിസ്തുവിന്റെ സഹന സ്നാനത്തിന്റെയും മരണക്കാസായുടെയും ഓഹരിക്കാരാണ് എന്ന് കർത്താവ് ഓർപ്പിക്കുന്നുണ്ട്. ആയാസരഹിതമായ ഈ ലോകജീവിതം വാഗ്ദാനം ചെയ്യുന്ന ഒരു നേതാവായി കർത്താവിനെ കാണാതെ ഇവിടെയുള്ള നോവുകളെയും നോമ്പരങ്ങളെയും പുഞ്ചിരിയോടെ നേരിടുവാൻ ക്രിസ്തുമാർഗ്ഗം നമുക്ക് പ്രചോദനമാകണം.

മഹത്വാനുഭവങ്ങളുടെ നവീന പാത

മഹത്വം, അധികാരം തുടങ്ങിയ അനുഭവങ്ങളെ കർത്താവ് ക്രിസ്തീയമായി ഈ ഭാഗത്ത് അടയാളപ്പെടുത്തുകയാണ്. എങ്ങിനെയാണ് ക്രിസ്തീയമായി ഒന്നാമതാകുന്നത് എന്ന് കർത്താവ് ശിഷ്യന്മാരെ പഠിപ്പിക്കുമ്പോൾ അത് ലോകത്തിന്റെ മഹത്വ ദർശങ്ങൾക്ക് തീർത്തും വിപരീതമാകുന്നുണ്ട്.ഒരു പക്ഷേ സ്വയം ശൂന്യമാക്കി താൻ മനുഷ്യനാകുകയും തന്റെ ജീവനെ അപരന് വേണ്ടി നല്കുവാൻ തയ്യാറായിരിക്കുന്നു എന്നുമുള്ള ഈ ക്രിസ്തു ദർശനത്തെ ആകാം ഫിലിപ്യർ 2:6-ൽ പ. പൗലോസ് ശ്ലീഹാ വ്യാഖ്യാനിക്കുന്നത്. സന്തോഷത്തോടെ ഈ ക്രിസ്തുഭാവം പകർത്തുമ്പോഴാണ് ഓരോ ശിഷ്യനും ക്രിസ്തു അനുകാരി ആകുന്നത്.

വാസ്തവത്തിൽ ലോകത്തിന്റെ ചിന്താധാരകളിൽ നിന്ന് മാറി ചിന്തിക്കുവാനുള്ള ഒരു ആഹ്വാനമാണിത്. ഓരോ ക്രിസ്തു ശിഷ്യനും സ്വാഭാവികമായി നേതൃ ഗുണമുള്ളവനാകണം. എന്നാൽ അത് സേവന ഭാവത്തോടും വിനയമുള്ള ജീവിത ശൈലിയിലൂടെയും അനേകരെ ക്രിസ്തുവിലേക്ക് ആകർഷിക്കുന്നതിലൂടെ ആകണം. ആരാധിക്കപ്പെടുകയോ ഭരിക്കുകയോ ചെയ്യുന്ന ഒന്നല്ല മറിച്ച് നിസ്വാർത്ഥമായ സ്നേഹമാണ് ഈ ദാസ്യ മാതൃകയുടെ അടിസ്ഥാനം. ലോകം തേടുന്ന അധികാരം, പ്രശസ്തി, സമ്പത്ത് എന്നിവയിലല്ല, മറിച്ച് മറ്റുള്ളവരെ താഴ്മയോടെ ശുശ്രൂഷിക്കുന്നതിലാണ് യഥാർത്ഥ മഹത്വം.

കല്ലൂപ്പാറ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളിയിൽ 15-ാം നോമ്പിനോടനുബന്ധിച്ച് സംഘടിപ്പിച്ച മരിയൻ പുരസ്കാര സമർപ്പണ സമ്മേളനം അഡ്വ. വർഗീസ് മാമ്മൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത, വികാരി ഫാ. ബിനോ ജോൺ, അസിസ്റ്റന്റ് വികാരി ഫാ. ദിബു വി. ജേക്കബ്, ബ്ലോക്ക് പഞ്ചായത്ത് അംഗം സി. പി. മാത്യു, ട്രസ്റ്റി മാത്തുള്ള ചാക്കോ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. മരിയൻ പുരസ്കാരം ഡോ. പുനലൂർ സോമരാജന് സമർപ്പിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Church Calendar

Can you drink the cup that I drink?

First Sunday after the Assumption

(St. Mark 10:35-45)



Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

During the public ministry of Lord Jesus, a man comes, kneels down before Him, and asks, "Good Teacher, what must I do to inherit eternal life?" Lord Jesus gives the correct answer to this person. However, saddened and grieved by this response, he leaves. This was because the thought had grown within him that anything could be acquired through wealth, and account of that wealth, he turned into an adversary of all that is pleasing to God.

The disciples were exceedingly astonished by this answer. At this rate, no one can be saved. Here, Lord Jesus teaches the disciples the value of absolute faith in God: 'With man it is impossible, but not with God; for all things are possible with God.' (St. Mark 10:26-27)

For nothing will be impossible with God (St. Luke 1:37). For those who completely and fully rely on God, even that which seems impossible will become possible.

The promise that eternal life becomes attainable to a person when living in total reliance on God, did not fully satisfy Peter and his fellow disciples.

Peter, James, and John were the three disciples in Jesus' inner circle. When Peter reminded Jesus that they had forsaken everything and followed Him, he was expressing the sentiments of the other disciples as well. Even if it is said that eternal life will be gained, what is the guarantee for it?

Those who perform acts of sacrifice for the sake of Jesus and the Gospel will not go unrewarded: "Jesus said, Truly I say to you, there is no one who has left house or brothers or sisters or mother or father or children or lands, for My sake and for the Gospel's sake, who will not receive a hundredfold now in this time, houses and brothers and sisters and mothers and children and lands, along with persecutions, and in the age to come, eternal life." (St. Mark 10:29-30)

Eternal life in the world to come is the ultimate reward. While that rich young man, wealthy in every way except in eternal life, bids farewell to eternal life because he was unwilling to renounce his wealth, the disciples, by forsaking everything, gain eternal life along with everything else.

Those who wished to sit on the right and left of Christ

Among the Apostles, Peter was the oldest. Peter was also their leader. It is in this context that the sons of Zebedee become selfish. The sons of Zebedee demand the positions on the right and left. Salome, the wife of Zebedee, was a relative of the Lord's mother. Salome also used her influence to go before Jesus and recommended that her sons, James and John, be granted high positions. Can one inherit key positions in the Kingdom of God through recommendations? The claim of the two apostles for the positions on the right and left destroyed the general sense of brotherhood

itself. It became the cause for discord and stumbling blocks.

It was as if they themselves had no clear idea of what they were asking for. Despite being with the Master for so long, the disciples failed to understand the true value of titles and positions. As an answer to the desire of these disciples, Lord Jesus asks them a question. Let sitting on the right and left remain aside; are you able to take upon yourselves in any way the suffering that I am about to endure? They were unable to correctly understand all that Jesus told them about His suffering. Furthermore, they did not feel that Jesus' suffering touched them at all.

No one on earth needs to prepare a throne for Christ, who took on the form of a servant. The disciples, who dreamed of an earthly king and a royal throne, could not comprehend suffering or its severity. Order and peace are violated for the sake of chairs (positions). The request of James and John caused discord and resentment among the others. The other disciples did not like any of this. The efforts made by James and John to bypass them and grab high titles and positions produced envy and resentment in the other disciples. It is when one becomes a participant in the suffering and death of the Son of God that one becomes worthy of glorification.

Granting the boon to sit on the right and left is not mine to give. When the Lord uttered that all missions in this earthly life were completed, on the right and left were two thieves. Once a high position and seat are attained, one should not think that everything is secure. If the scepter of authority is received as God's will, it is very good. If it is seized by force, it will only lead to destruction. The seat next to Pharaoh that Joseph received in Egypt was a divine appointment. It was not achieved by tripping anyone up, taking away anyone's position, or destroying anyone. The mastership and authority that Joseph received through divine gifts became a blessing to many

thousands. He was able to bring satisfaction and solace to his own family and to many other families. Instead of working for titles and status, he became a protector of others.

In today's modern society too, we often see a scramble for positions and authority. In all such places, what is desired is personal gain and self glory. What we truly deserve will reach us on its own, no matter who opposes it or what adversities arise.

Whoever wants to be first must be a servant of all

"The Son of Man did not come to be served, but to serve, and to give His life." The path He chose for the salvation of the world is the way of the Cross. Christ sacrificed His own life for the world through the path of suffering and sacrifice. A burning candle that consumed itself for others. One must follow the Lord by sacrificing oneself and surrendering. The Lord expects a service full of sacrifice from the disciples. The service that Christ offers for the salvation of humankind is one of suffering and affliction. My will, my needs, all of these are selfish. Those who follow Jesus must be able to say "Yes" to God's will. The Christian life is following the life of Christ. If one becomes a participant in His suffering, one will also become a participant in His glory. What will be gained if one loses life and living for the sake of Jesus? The Lord promises imperishable glory, status, and authority. "When the Son of Man sits on His glorious throne, you also will sit on twelve thrones, judging the twelve tribes of Israel." This is not something obtained from anyone's hand by force. Christ's mercy, love, and care are what make us worthy of these. No matter how great a position a person reaches on earth, if there is no attitude of service and sacrifice in his life, there is no purpose in having achieved that position. Therefore, rather than running for higher titles and status, a person who is unwilling to humble himself and become small in life will only turn out to be a burden in the Church and in society. It is the Lord who knelt before the disciples whom we should take as our model. "Humble yourselves before Him, and He will lift you up" (James 4:10). In Jesus' Kingdom, high status does not belong to the king or royal authority. The one who carries the cross like a servant will receive glory and a share along with the Lord. What the Lord tells the disciples who asked for positions on the right and left is to identify with His sufferings. May the Lord's Cross be our throne.

അഖില മലങ്കര പ്രാർത്ഥനയോഗം നിലയ്ക്കൽ ഭദ്രാസന നേതൃത്വ യോഗവും കേന്ദ്ര ഭാരവാഹികളുടെ സന്ദർശനവും 2026 അഗസ്റ്റ് 9-ാം തീയതി ഞായറാഴ്ച റാന്നി സെന്റ് തോമസ് അരമനയിൽ വച്ച് നടന്നു. ഇടവക മെത്രാപ്പോലീത്താ ഡോ. ജോഷ്വാ മാർ നീക്കോദിമോസിന്റെ അദ്ധ്യക്ഷതയിൽ നടന്ന നേതൃത്വ യോഗം പ്രാർത്ഥനയോഗം കേന്ദ്ര പ്രസിഡന്റ് മാത്യൂസ് മാർ തേവോദോസിയോസ് ഉദ്ഘാടനം ചെയ്തു. പ്രാർത്ഥനായോഗം കേന്ദ്ര സെക്രട്ടറി റവ. ഫാ. മത്തായി കുന്നിൽ മുഖ്യപ്രഭാഷണം നടത്തി. സെക്രട്ടറി ഐസക്ക് തോമസ്, ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ഐവാൻ ജോസഫ്, സെക്രട്ടറി ഷാജി മഠത്തിലേത്ത്, ഡിസ്ട്രിക്ട് സെക്രട്ടറിമാരായ ലിജോ വറുഗീസ്, ജോസ് മലയാറ്റ്, മാത്യൂ സഖറിയ, മാത്യൂ തോമസ്, റോയി സൈമൺ എന്നിവർ നേതൃത്വം നൽകി.

അഖില മലങ്കര പ്രാർത്ഥനായോഗത്തിന്റെ ആഭിമുഖ്യത്തിൽ സോഫിയാ സെൻടറിൽ നടത്തിയ അക്ഷര സംഗമം ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലിത്താ ഉദ്ഘാടനം ചെയ്യുന്നു. ഡോ. വർഗീസ് പേരയിൽ, ഫാ. മത്തായി കുന്നിൽ, ഡോ. പോൾ മണലിൽ, ഫാ. കെ. വി. ഏലിയാസ്, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, പി. എസ്. ജോർജ്, ഐസക്ക് തോമസ് എന്നിവർ സമീപം.

കുന്നംകുളം ഭദ്രാസന സൺഡേസ്കൂൾ ബിരുദദാന ചടങ്ങ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് ഉദ്ഘാടനം ചെയ്യുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പ്രവാസം:
നഷ്ടപ്പെട്ട വീടുകളുടെ പേരാണ് മനുഷ്യൻ

ഫാ. അജീഷ് ബാബു

'ബാബിലോണിലെ നദികളുടെ തീരത്ത് ഞങ്ങൾ ഇരുന്നു; സീയോനെ ഓർത്തപ്പോൾ ഞങ്ങൾ കരഞ്ഞു.' (സങ്കീർത്തനം 137:1) ലോകസാഹിത്യത്തിലെ ഏറ്റവും ദുഃഖഭരിതമായ വാക്യങ്ങളിൽ ഒന്നാണിത്. അത് വെറുമൊരു മതഗ്രന്ഥത്തിലെ വരിയല്ല; മനുഷ്യരാശിയുടെ ചരിത്രത്തിൽ ആദ്യമായി രേഖപ്പെടുത്തപ്പെട്ട പ്രവാസത്തിന്റെ കണ്ണീരാണ്. ഒരു ജനതയുടെ ഭൂമിശാസ്ത്രം നഷ്ടപ്പെടുമ്പോൾ, അവർക്ക് നഷ്ടമാകുന്നത് മണ്ണ് മാത്രമല്ല; ഭാഷയും ഓർമ്മകളും ഉത്സവങ്ങളും പാട്ടുകളും മണങ്ങളും ബന്ധങ്ങളും സ്വപ്നങ്ങളും കൂടിയാണ്. അപ്പോഴാണ് മനുഷ്യൻ മനസ്സിലാക്കുന്നത്, വീട് എന്നത് ചുമരുകളല്ലെന്നും, നമ്മെ ഓർക്കുന്ന മനുഷ്യരുടെ ഹൃദയമാണെന്നും. 'ഡയസ്പൊറ' എന്ന പദം പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ അക്കാദമികമായി പ്രചാരത്തിലായെങ്കിലും അതിന്റെ അനുഭവം അതിനേക്കാൾ ആയിരക്കണക്കിന് വർഷങ്ങൾ പഴക്കമുള്ളതാണ്. ഗ്രീക്ക് ഭാഷയിലെ ρσμοιλσψλσι എന്ന പദത്തിൽ നിന്നാണ് 'Diaspora' രൂപംകൊണ്ടത്. 'ചിതറിപ്പോകുക' എന്നതാണ് അതിന്റെ അർത്ഥം. ബി.സി. ആറാം നൂറ്റാണ്ടിൽ ബാബിലോണിയൻ അധിനിവേശത്തെ തുടർന്ന് സ്വന്തം നാട്ടിൽ നിന്ന് നാടുകടത്തപ്പെട്ട ജൂതജനതയുടെ അനുഭവമാണ് ഈ പദത്തിന്റെ ചരിത്രപരമായ പശ്ചാത്തലം. പിന്നീട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറിയ എല്ലാ സമൂഹങ്ങളുടെയും അനുഭവത്തെ ഉൾക്കൊള്ളുന്ന വിശാലമായ ആശയമായി അത് മാറി.

പ്രവാസം ഭൂമിശാസ്ത്രപരമായ മാറ്റം മാത്രമല്ല. മനുഷ്യന്റെ ആത്മാവിൽ സംഭവിക്കുന്ന ഭൂകമ്പമാണ്. ഒരാൾ സ്വന്തം നാട്ടിൽ നിന്ന് പുറപ്പെടുന്ന ദിവസം അയാൾ ഒരു അതിർത്തി കടക്കുന്നു. പക്ഷേ അയാളുടെ മനസ്സ് ആ അതിർത്തി ഒരിക്കലും പൂർണമായി കടക്കുന്നില്ല. ശരീരം പുതിയ നാട്ടിൽ ജീവിക്കും; ആത്മാവ് പഴയ നാട്ടിലെ ഏതെങ്കിലും ഒരു മാവിന്റെ തണലിൽ ഇരുന്നുകൊണ്ടിരിക്കും. ഇന്ത്യൻ സാഹചര്യത്തിൽ പ്രവാസം വിശപ്പിന്റെ ചരിത്രമാണ്. അന്നം തേടിയുള്ള യാത്രകളാണ് നമ്മുടെ ഡയസ്പൊറകളുടെ അടിസ്ഥാനം. കേരളത്തിൽ നിന്ന് ഗൾഫ് രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം, യൂറോപ്പിലേക്കും അമേരിക്കയിലേക്കും ഓസ്ട്രേലിയയിലേക്കുമുള്ള തൊഴിൽപ്രവാസം ഇവയെല്ലാം സാമ്പത്തിക മുന്നേറ്റത്തിന്റെ കഥകൾ മാത്രമല്ല; പറയാതെപോയ അനേകം കണ്ണീരുകളുടെ ചരിത്രം കൂടിയാണ്. വിമാനത്താവളത്തിലെ വിടവാങ്ങലുകൾ, വീഡിയോ കോളിലൂടെ കാണുന്ന ഉത്സവങ്ങൾ, മാതാപിതാക്കളുടെ അവസാന നിമിഷങ്ങളിൽ എത്തിച്ചേരാൻ കഴിയാത്ത മക്കൾ, ജനിച്ച കുഞ്ഞിന്റെ ആദ്യ നടത്തം കാണാതെ പോയ അച്ഛന്മാർ ഇവയൊക്കെയാണ് പ്രവാസത്തിന്റെ മറഞ്ഞിരിക്കുന്ന അധ്യായങ്ങൾ.

എല്ലാ പ്രവാസികളും ഒരേ ചോദ്യം ഹൃദയത്തിൽ വഹിക്കുന്നത്: 'ഞാൻ എവിടെയാണ് യഥാർത്ഥത്തിൽ ജീവിക്കുന്നത്?' താമസിക്കുന്ന രാജ്യത്തിലോ? ഓർമ്മയിൽ ജീവിക്കുന്ന നാട്ടിലോ?, വേദപുസ്തകത്തിൽ പ്രവാസത്തെ ഏറ്റവും ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്ന പുസ്തകങ്ങളിൽ ഒന്നാണ് റൂത്തിന്റെ പുസ്തകം. പലരും അതിനെ ഒരു പ്രണയകഥയായി വായിക്കുന്നു. എന്നാൽ അത് ഒരു പ്രവാസിയുടെ ആത്മകഥ കൂടിയാണ്. മോവാബ് ദേശത്തു നിന്ന് ബേത്‌ലഹേമിലേക്ക് റൂത്ത് മടങ്ങുമ്പോൾ അവൾ നഷ്ടപ്പെടുത്തിയത് ഒരു രാജ്യം മാത്രമല്ല; തന്റെ ഭാഷയും സംസ്കാരവും പരിചിതമായ ലോകവും കൂടിയാണ്. 'നിന്റെ ജനമാണ് എന്റെ ജനം; നിന്റെ ദൈവമാണ് എന്റെ ദൈവം' എന്ന അവളുടെ വാക്കുകൾ മതപരിവർത്തനത്തിന്റെ പ്രഖ്യാപനമല്ല; പ്രവാസിയുടെ ഏറ്റവും വലിയ ധൈര്യത്തിന്റെ പ്രഖ്യാപനമാണ്. സ്വന്തം എല്ലാം നഷ്ടപ്പെട്ടിട്ടും, ഒരു പുതിയ ലോകത്തെ സ്നേഹിക്കാൻ തയ്യാറാകുന്ന മനുഷ്യ ഹൃദയത്തിന്റെ അത്ഭുതശേഷിയാണ് അത്.

ബാബിലോണിലെ പ്രവാസം, യെരൂശലേം തകർന്നു. ദേവാലയം കത്തി. രാജ്യം നഷ്ടമായി. എല്ലാം അവസാനിച്ചുവെന്ന് അവർ കരുതി. എന്നാൽ ദൈവം അവരെ പഠിപ്പിച്ചത് വിചിത്രമായ ഒരു സത്യമാണ്. ദൈവം ഒരു ഭൂമിയോട് ബന്ധിക്കപ്പെട്ടവനല്ല. മനുഷ്യൻ എല്ലാം നഷ്ടപ്പെട്ട ശേഷവും ദൈവത്തെ കണ്ടെത്താൻ കഴിയുന്ന ഇടമാണ് പ്രവാസം. അതുകൊണ്ടാണ് യെഹെസ്കേൽ ദൈവത്തെ ബാബിലോണിലും കണ്ടത്. ദൈവം യെരൂശലേമിൽ മാത്രം താമസിക്കുന്നില്ലെന്ന് പ്രവാസം അവനെ പഠിപ്പിച്ചു. പ്രവാസത്തിന്റെ ഏറ്റവും വലിയ ദുരന്തം ഏകാന്തതയാണ്. ആയിരക്കണക്കിന് ആളുകളുടെ നടുവിൽ ജീവിച്ചിട്ടും ആരും നമ്മുടെ ബാല്യകാല പേരിൽ വിളിക്കാത്ത അവസ്ഥ. ആരും നമ്മുടെ അമ്മയുടെ മുഖം അറിയാത്ത ലോകം. നമ്മുടെ വീട്ടുമുറ്റത്തെ മഴയുടെ മണം ആരോടും പറഞ്ഞ് മനസ്സിലാക്കാൻ കഴിയാത്ത നിസ്സഹായത. ഭാഷ പോലും ചിലപ്പോൾ അനാഥമാകുന്നു. സ്വന്തം ഭാഷ സംസാരിക്കാൻ ആളില്ലാത്ത രാത്രികളിൽ മനുഷ്യൻ തന്റെ ഓർമ്മകളോടാണ് സംസാരിക്കുന്നത്.

സംസ്കാരങ്ങളുടെ ഏറ്റുമുട്ടലും പ്രവാസസാഹിത്യത്തിന്റെ വിഷയമാണ്. സ്വന്തം സംസ്കാരവും പുതിയ രാജ്യത്തിന്റെ ജീവിതരീതികളും തമ്മിലുള്ള സംഘർഷം പ്രവാസിയുടെ ജീവിതത്തെ നിരന്തരം സ്വാധീനിക്കുന്നു. ഭക്ഷണ രീതി, ഭാഷ, മതം, കുടുംബബന്ധങ്ങൾ, മൂല്യങ്ങൾ എല്ലാം പുതിയ സാഹചര്യത്തിൽ പുനർനിർവചിക്കപ്പെടുന്നു. ഈ മാറ്റം ചിലപ്പോൾ മനുഷ്യനെ സമ്പന്നനാക്കുമ്പോൾ, ചിലപ്പോൾ ഏകാകിയുമാക്കുന്നു.

പ്രവാസസാഹിത്യത്തിൽ ഭാഷയ്ക്കും അസാധാരണമായ സ്ഥാനമുണ്ട്. ഭാഷ ആശയവിനിമയത്തിന്റെ ഉപകരണം മാത്രമല്ല; ഓർമ്മയുടെ ഭവനമാണ്. മാതൃഭാഷ നഷ്ടപ്പെടുമ്പോൾ മനുഷ്യൻ തന്റെ ചരിത്രത്തിന്റെ ഒരു ഭാഗം നഷ്ടപ്പെടുന്നു. അതുകൊണ്ടാണ് പല പ്രവാസി എഴുത്തുകാരും പുതിയ ഭാഷയിൽ എഴുതുമ്പോഴും മാതൃഭാഷയുടെ ആത്മാവിനെ അവരുടെ രചനകളിൽ നിലനിർത്താൻ ശ്രമിക്കുന്നത്.

ഗൾഫ് പ്രവാസത്തെ ആസ്പദമാക്കിയ കഥകളിൽ പണം അയയ്ക്കുന്ന മനുഷ്യന്റെ കണ്ണീരിനേക്കാൾ അധികം, അയാൾ നഷ്ടപ്പെടുത്തിയ ജീവിതത്തിന്റെ നിശ്ശബ്ദതയാണ് എഴുത്തുകാർ രേഖപ്പെടുത്തിയത്. ബാങ്ക് അക്കൗണ്ടുകൾ നിറഞ്ഞു; പക്ഷേ മക്കളുടെ ഓർമ്മയിൽ അച്ഛന്റെ കസേര ശൂന്യമായി. വീടുകൾ വലുതായി; പക്ഷേ വീട്ടിലെ ചിരി ചെറുതായി.

പ്രവാസത്തെക്കുറിച്ച് പറയുമ്പോൾ നമ്മൾ മറക്കുന്ന മറ്റൊരു സത്യമുണ്ട്. പ്രവാസം രാജ്യങ്ങൾക്കിടയിൽ മാത്രമല്ല സംഭവിക്കുന്നത്. സ്വന്തം വീട്ടിൽ പോലും പ്രവാസികളായി ജീവിക്കുന്ന മനുഷ്യരുണ്ട്. വയോധികസദനത്തിലെ അച്ഛനും അമ്മയും സ്വന്തം മക്കളുടെ ജീവിതത്തിൽ പ്രവാസികളാണ്. സ്വന്തം ഭാഷ സംസാരിക്കാൻ കഴിയാത്ത കുട്ടിയും പ്രവാസിയാണ്. കുടുംബത്തിനുള്ളിൽ ആരും കേൾക്കാത്ത മനുഷ്യനും പ്രവാസിയാണ്. ചിലപ്പോൾ ഒരേ കിടക്കയിൽ ഉറങ്ങുന്ന രണ്ട് മനുഷ്യർക്കിടയിലും ആയിരക്കണക്കിന് കിലോമീറ്ററുകളുടെ പ്രവാസമുണ്ട്. അതുകൊണ്ടാണ് മനുഷ്യന്റെ യഥാർത്ഥ വീട് ഒരു വിലാസമല്ലെന്ന് ഞാൻ വിശ്വസിക്കുന്നത്. നമ്മെ ഓർക്കുന്ന ഒരാളുടെ ഹൃദയമാണ് നമ്മുടെ യഥാർത്ഥ രാജ്യം. ഒരാൾ നമ്മുടെ പേര് സ്നേഹത്തോടെ വിളിക്കുന്നിടത്താണ് നമ്മുടെ ജന്മനാട്. ഒരു മനുഷ്യൻ നമ്മെ കാത്തിരിക്കുന്നിടത്താണ് നമ്മുടെ യെരൂശലേം.

ബാബിലോണിലെ നദീതീരത്ത് കരഞ്ഞിരുന്ന ജൂതന്മാർ ഒടുവിൽ നാട്ടിലേക്ക് മടങ്ങി. പക്ഷേ അവർ മടങ്ങിയപ്പോൾ പഴയ മനുഷ്യരായിരുന്നില്ല. പ്രവാസം അവരെ മാറ്റിയിരുന്നു. ഒരുപക്ഷേ എല്ലാ പ്രവാസവും അങ്ങനെയാണ്. മടങ്ങിവരുമ്പോൾ നമ്മൾ പഴയ വീട്ടിലേക്ക് വരുന്നു; എന്നാൽ പഴയ മനുഷ്യരായി ഒരിക്കലും മടങ്ങിവരുന്നില്ല. അതിനാലാകാം പ്രവാസത്തിന്റെ ഏറ്റവും വലിയ വേദന യാത്രയിലല്ല, തിരിച്ചുവരവിലാണ്. കാരണം, നമ്മൾ വിട്ടുപോയ നാടും നമ്മളെപ്പോലെ തന്നെ മാറിക്കഴിഞ്ഞിരിക്കും. നമ്മുടെ ബാല്യകാല വഴികൾ നമ്മെ തിരിച്ചറിയില്ല. നാം ഓർത്തുവച്ചിരുന്ന വീടുകൾ ഓർമ്മകളിൽ മാത്രമേ പഴയപോലെ നിലനിൽക്കൂ.

പ്രവാസം പഠിപ്പിക്കുന്ന ആത്മീയ സത്യമാണ്. ഭൂമിയിൽ നാം എല്ലാവരും യാത്രക്കാരാണ്. പണിയുന്ന വീടുകളും സമ്പാദിക്കുന്ന സ്വത്തുക്കളും നേടുന്ന ബഹുമതികളും ഒടുവിൽ പിന്നിൽ അവശേഷിക്കും. മനുഷ്യജീവിതം തന്നെ ഒരു ദീർഘപ്രവാസമാണ്. എല്ലാവരും ഒരു വീട്ടിലേക്കാണ് മടങ്ങിക്കൊണ്ടിരിക്കുന്നത് അവിടെ വിടവാങ്ങലുകളില്ല, വിമാനത്താവളങ്ങളില്ല, അതിർത്തികളില്ല, പാസ്പോർട്ടുകളില്ല, കരച്ചിലില്ല. അവിടെ എല്ലാ പ്രവാസികളും ഒടുവിൽ വീട്ടിലെത്തും.

അതിനു മുമ്പ്, ബാബിലോണിലെ നദീതീരത്ത് ഇരുന്ന് കരഞ്ഞവരുടെ പാട്ട് നമ്മളും പാടിക്കൊണ്ടിരിക്കും. കാരണം, ഓരോ മനുഷ്യഹൃദയത്തിനുള്ളിലും ഒരു നഷ്ടപ്പെട്ട യെരൂശലേം ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്.

ടെലിൻ തമ്പി കേരളത്തിന് അഭിമാനം

ടഗ് ഓഫ് വാർ ഫെഡറേഷൻ ഇന്ത്യ അന്താരാഷ്ട്ര സമിതിയിൽ അംഗമാകുന്ന ആദ്യ മലയാളി



കുന്നംകുളം: വടംവലി രംഗത്ത് കേരളത്തിന് അഭിമാനമായി പഴഞ്ഞി സ്വദേശിയായ കെ. ടെലിൻ തമ്പി ടഗ് ഓഫ് വാർ ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ (ടി.ഡബ്ല്യു.എഫ്.ഐ.) അഞ്ചംഗ ഇന്റർനാഷണൽ റിലേഷൻസ് കമ്മിറ്റി അംഗമായി നിയമിച്ചു.

കേരളത്തിൽ നിന്ന് ഈ സുപ്രധാന ദേശീയ സമിതിയിലേക്ക് നിയമിതനാകുന്ന ആദ്യ വ്യക്തിയെന്ന നേട്ടവും ഇതോടെ ടെലിൻ സ്വന്തമാക്കി. ഔദ്യോഗിക ഉത്തരവ്പ്രകാരം സീനിയർ കോച്ച് എന്ന നിലയിലാണ് ടെലിൻ തമ്പിയെ സമിതിയിൽ ഉൾപ്പെടുത്തിയത്. നിലവിൽ ഇന്ത്യൻ കോച്ചായി പ്രവർത്തിക്കുന്ന ടെലിൻ കേരളത്തിൽ നിന്നു നിരവധി താരങ്ങളെ ദേശീയതലത്തിൽ നിന്ന് രാജ്യാന്തര വേദികളിലേക്ക് ഉയർത്തുന്നതിൽ ശ്രദ്ധേയമായ പങ്കു വഹിച്ച പരിശീലകനാണ്.

പഴഞ്ഞി കൊള്ളന്നൂർ തമ്പിയുടെയും റിട്ട. അധ്യാപിക ലില്ലിയുടെയും മൂന്ന് മക്കളിൽ മൂത്തയാളാണ് ടെലിൻ തമ്പി. നിലവിൽ പാലക്കാടാണ് താമസം. പാലക്കാട് ജില്ലാ ടഗ് ഓഫ് വാർ അസോസിയേഷൻ സെക്രട്ടറിയായും കാലിക്കറ്റ് സർവകലാശാലയിൽ വടംവലി പരിശീലകനായും പ്രവർത്തിക്കുന്നു.

ഭാര്യ: ജിജി. മക്കളായ ക്രിസ്റ്റി കെ. ടെലിനും എലിസബത്ത് കെ. ടെലിനും വടംവലി രംഗത്ത് രാജ്യാന്തര തലത്തിൽ മത്സരിച്ചിട്ടുള്ള താരങ്ങളാണ്. ദേശീയ സമിതിയിലേക്കുള്ള ടെലിൻ തമ്പിയുടെ നേട്ടം നാടിനും കേരളത്തിന്റെ കായിക രംഗത്തിനും അഭിമാനമാണ്.

ഫാ. മത്തായി വിലനിലത്തിന്റെ മൂന്നാമത് ഓർമ്മയോടനുബന്ധിച്ച് പൗലോസ് മാർ പക്കോമിയോസ് കാരുണ്യ ഭവന് 5 ലക്ഷം രൂപയുടെ ചെക്ക് ഭവനാംഗങ്ങൾ കൈമാറി. മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത എബ്രഹാം മാർ എപ്പിഫാനിയോസ് ചെക്ക് സ്വീകരിച്ചു.